**കേരള സർക്കാർ**

## നവകേരളം കർമപദ്ധതി

# പ്രവർത്തന റിപ്പോർട്ട്

## 2024 മാർച്ച്

## &

## ത്രൈമാസ അവലോകനം

**ജനുവരി, ഫെബ്രുവരി, മാർച്ച്**

# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 36 |
| വിദ്യാകിരണം | 38 |
| ആർദ്രം മിഷൻ | 44 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 52 |

# പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | ഡിസംബർ വരെ | ജനവരി | ഫെബ്രുവരി | മാർച്ച് | ആകെ |
|---|---|---|---|---|---|
| ജലസംരക്ഷണം പ്രവർത്തനങ്ങൾ | | | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | | | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 22490 | 2764 | 1,062 | 372 | 26,721 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 27354 | 695.6 | 1090 | 1038.50 | 30178.1 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 2825 | 102 | 81 | 166 | 3174 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 4443 | 104 | 89 | 126 | 4762 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 7774 | 154 | 162 | 298 | 8388 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 15208 | 391 | 332 | 560 | 16491 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 464 | 13 | 11 | 26 | 514 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 47369 | 3832 | 2513 | 2684 | 56398 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ | | | | | 436 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 136* | 1 | 38 | 31 | 206 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 209 | 3 | - | - | 212 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 237.17 | 43.75 | 125.22 | 268.22 | 674.36 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | | | 286 |
| കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ | | | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 2902 | 20 | 20 | 8 | 2950 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 841.28 | 4.43 | 4.21 | 6.31 | 856.23 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | | | 7 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | | | 2349 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | | | | | 542 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | | | 59 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | | | 65 |
| ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | | | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | | | 79 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | | | 15000 |
| പരിശോധന നടത്തിയ സ്ഥാപനങ്ങൾ | | | | | 13229 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | | | | | 8518 |
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | | | | | 35352 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 92 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2024 മാർച്ച് മാസത്തിൽ നടത്തിയ പ്രവത്തനങ്ങളും 2024 ജനുവരി മുതൽ മാർച്ച് വരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനവും ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 92 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപ്പെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്ഥാപനങ്ങൾ | 85 |
| മാതൃകാ നെറ്റ് സീറോ കാർബൺ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് റിപ്പയറിങ്ങിലും മെയിന്റിനൻസിലുമുള്ള പരിശീലനം. | 109 |
| അധ്യാപകർക്ക് ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ആകെ 91 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്. പ്രാരംഭ ശില്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശില്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്ന് മില്ലറ്റ് കൃഷി വ്യാപനവും നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ 12 അംഗൻവാടിയിലും 3 സ്കൂളുകളിലും അന്തരീക്ഷ താപനില അളക്കുന്നതിനുള്ള ഡിജിറ്റൽ തെർമോമീറ്റർ സ്ഥാപിച്ചു. വാമനപുരം ബ്ലോക്കിലെ മാണിക്കൽ, പുല്ലമ്പാറ ഗ്രാമപഞ്ചായത്തുകളിൽ ഡിജിറ്റൽ തെർമോമീറ്റർ, സ്മാർട്ട്

കുക്കർ സ്ഥാപിക്കൽ, ഊർജ്ജ സംരക്ഷണ പരിശീലനം, മില്ലറ്റ് കൃഷി തുടർപ്രവർത്തനം എന്നിവ മാർച്ച് മാസത്തിൽ നടന്നു. അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ ഓക്സിജൻ പാർക്കിൽ മുള തൈകൾ വച്ച് പിടിപ്പിക്കുന്നതിനും തുടക്കമായി. ജില്ലയിലെ നെറ്റ് സീറോ കാർബൺ ആക്ഷൻ പ്ലാൻ 2024 ഏപ്രിൽ 10 ന പൂർത്തീകരിക്കും.

- ❖ കൊല്ലം ജില്ലയിൽ "അംഗൻജ്യോതി" ഉപകരണങ്ങളുടെ വിതരണം എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൂർത്തീകരിച്ചു. കരീപ്ര ഗ്രാമപഞ്ചായത്തിൽ സൈക്കിൾ പാർക്കിന്റെ ഉദ്ഘാടനം മാർച്ച് മാസം നിർവഹിച്ചു. പ്രൊജക്റ്റിൽ ഉള്ള 10 സൈക്കിളുകളിൽ 3 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എത്തുന്നവർക്ക് തിരിച്ചറിയൽ രേഖ സമർപ്പിച്ചാൽ സൗജന്യമായി സൈക്കിൾ ഉപയോഗിക്കാം. പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്തും ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ കുന്നന്താനം, കടമ്പനാട്, ഇരവിപേരൂർ, ചെന്നീർക്കര, സീതത്തോട് ഗ്രാമപഞ്ചായത്തുകളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വൈദ്യുത ബിൽ അടക്കുന്ന ഘടക സ്ഥാപനങ്ങളുടെ വിവര ശേഖരണം ഗ്രാമപഞ്ചായത്ത് നടത്തി.
- ❖ ആലപ്പുഴ ജില്ലയിൽ "അംഗൻജ്യോതി" പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തെരെഞ്ഞെടുത്തിട്ടുള്ള 4 ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് തല ഉദ്ഘാടനം മാർച്ച് മാസം നടന്നു.
- ❖ കോട്ടയം ജില്ലയിൽ അംഗൻജ്യോതി പദ്ധതി പ്രകാരം 5 ഗ്രാമപഞ്ചായത്തുകളിലായി 106 അങ്കണവാടികളിൽ ഇൻഡക്ഷൻ കുക്കർ വിതരണം പൂർത്തീകരിച്ചു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശില്പശാലയും സംഘടിപ്പിച്ചു. നെറ്റ് സീറോ കാർബൺ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ഗ്രാമപഞ്ചായത്തുകളിലും തരിശുരഹിത ഗ്രാമം, ഹരിത സമൃദ്ധി വാർഡ്, മുഴവൻ സ്ഥാപനങ്ങളും ഹരിത സ്ഥാപനം, മുഴവൻ വിദ്യാലയങ്ങളും ഹരിത വിദ്യാലയം, ഹരിത കർമ്മസേനയുടെ വാതിൽപ്പടി സേവനം/യൂസർഫീ കളക്ഷൻ നൂറ് ശതമാനത്തിലെത്തിക്കൽ എന്നിവ നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ ആലക്കോട് ഗ്രാമപഞ്ചായത്തിന് പകരം നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെടുത്തിയ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലെ എമിഷൻ സർവ്വേ ഏപ്രിൽ മാസം പൂർത്തിയാകും.
- ❖ എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിൽ "അംഗൻജ്യോതി" പദ്ധതിയുടെ ഉദ്ഘാടനം മാർച്ച് മാസം നിർവഹിച്ചു. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ജനറൽ വിഭാഗം സ്വയം തൊഴിലിനു അനുബന്ധിച്ചു ഇലക്ട്രിക് സ്കൂട്ടർ വിതരണം സംഘടിപ്പിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ ഹരിത കേരളം മിഷൻ ANERTമായി ചേർന്ന് സൗരോർജ്ജ മോട്ടോർ സ്ഥാപിക്കുന്നതിനായി നിലവിൽ മോട്ടോർ ഉപയോഗിച്ച് കൃഷി ചെയ്യുന്ന കർഷകരുടെ അപേക്ഷ ക്ഷണിച്ചു. നെറ്റ് സീറോ കാർബൺ ഗ്രാമപഞ്ചായത്തുകളിലെ വിദ്യാർഥികൾക്ക് ജൂൺ മാസത്തിൽ വൈദ്യുത ഉപയോഗം സംബന്ധിച്ച് എനർജി കാർഡ് നൽകുവാനും തീരുമാനിച്ചു.
- ❖ പാലക്കാട് ജില്ലയിൽ നെറ്റ് സീറോ കാർബൺ ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിൽ ഇൻഡക്ഷൻ കുക്കർ ഉപയോഗിക്കുന്നതിനു മുമ്പായി അംഗൻവാടി ടീച്ചർമാർക്കും വർക്കർമാർക്കുമുള്ള പരിശീലനം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടന്നു. അകത്തേത്തറ, വെള്ളിനേഴി, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തുകളിൽ പരിശീലനം ഏപ്രിൽ മാസത്തിൽ നടത്തുവാൻ നടപടി സ്വീകരിച്ചു.
- ❖ പാലക്കാട് ജില്ലയിൽ തിരഞ്ഞെടുത്ത 7 ഗ്രാമപഞ്ചായത്തുകളിലും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി 38 പുതിയ പ്രോജക്ടുകൾ വെച്ചിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിൽ ഹരിത കേരളം മിഷന്റെയും തിരൂർ മലയാളം സർവ്വകലാശാലയുടെയും

സഹകരണത്തോടെ വിശദമായ പദ്ധതി രേഖ വെട്ടം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. കിഴുപറമ്പ്, കീഴാറ്റൂർ, വാഴയൂർ, മൂത്തേടം എന്നീ പഞ്ചായത്തുകളിൽ സർവ്വേ പൂർത്തീകരിച്ചു.

- ❖ മലപ്പുറം ജില്ലയിൽ 143 അങ്കണവാടി ടീച്ചർമാർക്കും വർക്കർമാർക്കുമുള്ള ഊർജ്ജ സംരക്ഷണ പരിശീലനം പൂർത്തീകരിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ അംഗൻ ജ്യോതി ഉദ്ഘാടനങ്ങൾ മാർച്ച് മാസം നടന്നു.
- ❖ വയനാട് ജില്ലയിൽ അങ്കണവാടികളിൽ വിതരണം ചെയ്ത ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗത്തിനായുള്ള പരിശീലനം ഏപ്രിൽ മാസം നടത്തുവാൻ തീരുമാനിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ അംഗൻജ്യോതി ഗ്രാമപഞ്ചായത്ത് തല ഉദ്ഘാടനങ്ങൾ മുഴപ്പിലങ്ങാട്, ധർമ്മടം, പിണറായി, വേങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകയിൽ മാർച്ച് മാസം നടന്നു. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ മുഴുവൻ വാർഡുകളിലും ഹരിത സമൃദ്ധി പ്രഖ്യാപനം മാർച്ച് മാസം നടന്നു. ജില്ലയിൽ 1246 ഊർജ്ജ സംരക്ഷണ ക്ലാസ് നടന്നു ഇതിൽ 25603 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ❖ കാസർഗോഡ് ജില്ലയിൽ 11 നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നുണ്ട്. WRIയുമായി ചേർന്ന് ഊർജ ഓഡിറ്റ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ ഓഫീസുകളും, വിദ്യാലയങ്ങളും, ക്ഷീരസംഘങ്ങളും, ഓഡിറ്റോറിയങ്ങളും, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളും സർവ്വെ നടത്തി ഹരിതസ്ഥാപനമാക്കി മാറ്റുവാൻ തീരുമാനിച്ചു.

**നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 60 | 358 | 375 | 1262 | 1995 | 11 | 1110 | 11 | 515 | 95 | 1328 |
| ഫെബ്രുവരി | 123 | 701 | 1172 | 2492 | 4365 | 10 | 1059 | 17 | 620 | 136 | 999 |
| മാർച്ച് | 70 | 272 | 332 | 1545 | 2149 | 3 | 251 | 26 | 681 | 154 | 1214 |
| ആകെ | 253 | 1331 | 1879 | 5299 | 8509 | 24 | 2420 | 54 | 1816 | 385 | 3541 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | | |
| ജനുവരി | 34 | 108 | 123 | 185 | 416 | 0 | 0 | 4 | 82 | 33 | 174 |
| ഫെബ്രുവരി | 33 | 89 | 101 | 255 | 445 | 0 | 0 | 0 | 0 | 12 | 93 |
| മാർച്ച് | 6 | 18 | 30 | 11 | 59 | 0 | 0 | 0 | 0 | 24 | 26 |
| ആകെ | 73 | 215 | 254 | 451 | 920 | 0 | 0 | 4 | 82 | 69 | 293 |

## 1.1) മില്ലറ്റ് കൃഷി

- ❖ എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ മില്ലറ്റ് കൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ "ചെറുമണി വനിതാ കർഷക സംഘം" രൂപീകരിച്ചു. 6 ഹെക്ടർ വിസ്തൃതിയിൽ കൃഷി ചെയ്യുന്ന ചെറുധാന്യ കൃഷിയുടെ നടീൽ ഉത്സവത്തിന്റെ ഉദ്ഘാടനം മാർച്ച് മാസം നടന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ മില്ലറ്റ് കൃഷി വ്യാപിപ്പിക്കുന്നതിനായി സംഘടിപ്പിച്ച പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനവും, മില്ലറ്റ് വിത്ത് വിതരണവും മാർച്ച് മാസം നടന്നിട്ടുണ്ട്. ജില്ലയിലെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന പദ്ധതി നടപ്പാക്കുന്ന കൊണ്ടാഴി, കുഴൂർ, മാടക്കത്തറ, വല്ലച്ചിറ, വരന്തരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ മില്ലറ്റ് കൃഷിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതോടൊപ്പം, ജില്ലയിലെ ഓരോ പഞ്ചായത്തിലും ചുരുങ്ങിയത് അഞ്ചേക്കർ സ്ഥലത്ത് അടുത്തവർഷം മില്ലറ്റ് കൃഷി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായിട്ടുള്ള

ചെറുധാന്യങ്ങളുടെ വിത്ത് മില്ലറ്റ് മിഷൻ സൗജന്യമായോ, കൃഷി വകുപ്പ് വഴി സൗജന്യ നിരക്കിലോ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- ❖ തൃശ്ശൂർ ജില്ലയിൽ തെക്കുംകര ഗ്രാമപഞ്ചായത്തിൽ റാഗി കൃഷി ചെയ്യുന്നതിന് മൂന്നു വാർഡുകളിലായി (15,10,14) ഒന്നര ഹെക്ടറോളം സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ പരീക്ഷണ അടിസ്ഥാനത്തിൽ വാർഡ് അഞ്ചിൽ 50 സെന്റ് സ്ഥലത്തു റാഗി കൃഷി ചെയ്യാൻ തീരുമാനിച്ചു.
- ❖ വയനാട് ജില്ലയിൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ ഒരു ഹെക്ടറിൽ റാഗി കൃഷി തുടങ്ങിയിട്ടുണ്ട്. നെന്മേനി ഗ്രാമപഞ്ചായത്തിൽ 16 ഹെക്ടറിൽ റാഗി, ചാമ, എളള് തുടങ്ങിയ കൃഷികൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 55.29 ഏക്കർ വിസ്തൃതിയിൽ ചെറുചോളവും, റാഗിയും കൃഷി ചെയ്യുന്നുണ്ട്. 10 ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് മില്ലറ്റ് കൃഷി ചെയ്യുന്നത്.
- ❖ കണ്ണൂർ ജില്ലയിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ 60 സെന്റിൽ തിന (മില്ലറ്റ്) കൃഷി ചെയ്തു വരുന്നു.

## 2. ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ ആദ്യമായി ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരഞ്ഞെടുത്ത 342 ഗ്രാമപഞ്ചായത്തുകളിൽ, 112 ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 2.1 ജലബജറ്റ് പ്രവർത്തനപുരോഗതി

| ജല ബജറ്റ് | | | | |
|---|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിവര ശേഖരണം പൂർത്തിയായത് | റിപ്പോർട്ട് അവതരണം പൂർത്തിയായത് | |
| | | ആകെ | കരട് റിപ്പോർട്ട് | റിപ്പോർട്ട് |
| തിരുവനന്തപുരം | 14 | 14 | 0 | 0 |
| കൊല്ലം | 35 | 27 | 27 | 22 |
| പത്തനംതിട്ട | 10 | 10 | 7 | 0 |
| ആലപ്പുഴ | 11 | 11 | 0 | 0 |
| കോട്ടയം | 63 | 19 | 19 | 1 |
| ഇടുക്കി | 12 | 12 | 0 | 0 |
| എറണാകുളം | 9 | 9 | 9 | 0 |
| തൃശൂർ | 12 | 12 | 12 | 0 |
| പാലക്കാട് | 16 | 16 | 16 | 16 |
| മലപ്പുറം | 9 | 9 | 5 | 0 |
| കോഴിക്കോട് | 67 | 63 | 41 | 22 |
| വയനാട് | 21 | 18 | 18 | 10 |
| കണ്ണൂർ | 27 | 27 | 25 | 9 |
| കാസർഗോഡ് | 36 | 36 | 32 | 32 |
| ആകെ | 342 | 283 | 211 | 112 |

342 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 46.33% ഗ്രാമ പഞ്ചായത്തുകളിലും ജല ബജറ്റ് (ആകെ 436 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്. റിപ്പോർട്ട് മാസത്തിൽ 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഇത് ഉൾപ്പെടെ 283 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവരശേഖരണം പൂർത്തീകരിച്ചു. മാർച്ച് മാസത്തിൽ 31 ഗ്രാമപഞ്ചായത്തുകളിൽ കൂടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. നിലവിൽ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാലയളവിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്.

- തിരുവനന്തപുരം ജില്ലയിലെ ആകെയുള്ള 73 ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് തയ്യാറാക്കുന്നതിനായി ഏറ്റെടുത്തിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ കൊട്ടാരക്കര മുൻസിപ്പാലിറ്റിയിൽ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം നിർവ്വഹിച്ചു. ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളെക്കൂടി പുതിയതായി ജലബജറ്റ് തയ്യാറാക്കുന്നതിനായി ഏറ്റെടുത്തിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ 10 ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് വിവരശേഖരണവും അനുബന്ധ ജോലികളും പൂർത്തിയായി. വെച്ചൂച്ചിറ, മെഴുവേലി, വടശ്ശേരിക്കര, റാന്നി-പെരുനാട്, സീതത്തോട്, റാന്നി, റാന്നി-അങ്ങാടി, എന്നീ ഗ്രാമപഞ്ചായത്തുകളിൽ കരട് ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കി. സാങ്കേതിക സമിതികളുടെ പരിശോധന നടന്നു വരുന്നു.
- ആലപ്പുഴ ജില്ലയിൽ രണ്ടാം ഘട്ട ജലബജറ്റ് പ്രവർത്തനങ്ങളിൽ ഭരണിക്കാവ് ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളിലെയും തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുകളിലെയും വിവരശേഖരണം പൂർത്തിയായി.
- കോട്ടയം ജില്ലയിൽ മാടപ്പള്ളി, പാമ്പാടി ബ്ലോക്കുകളിൽ കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വാഴൂർ ബ്ലോക്കിൽ കരട് റിപ്പോർട്ടിന്മേലുള്ള അവതരണം നടത്തിയിട്ടുണ്ട്. ഈ ബ്ലോക്കുകൾ കൂടാതെ ഏറ്റുമാനൂർ, ഉഴവൂർ, പള്ളം എന്നീ ബ്ലോക്കുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളേയും ജല ബജറ്റിനായി തിരഞ്ഞെടുത്തിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ കട്ടപ്പന, അടിമാലി ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെ വിവരശേഖരണം പൂർത്തീകരിച്ചു. ഏപ്രിൽ മാസത്തിൽ 12 ഗ്രാമപഞ്ചായത്തുകളുടെയും കരട് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ തീരുമാനമറിയിച്ചിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ 9 ഗ്രാമപഞ്ചായത്തുകളുടെ കരട് റിപ്പോർട്ട് പൂർത്തീയായി. അടുത്ത ഘട്ടം ജലബജറ്റ് പ്രവർത്തനങ്ങൾക്കായി 11 ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ ഹരിതകേരളം മിഷൻ ടീം ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിലെ ജലക്ഷാമം രൂക്ഷമായിട്ടുള്ള വാർഡുകൾ സന്ദർശിച്ചു. ഏഴാം വാർഡിലാണ് ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്നത്. ഏഴാം വാർഡിൽ കുടിവെള്ളം വിതരണം ചെയ്യുവാൻ സാധിച്ചു.
- പാലക്കാട് ജില്ലയിൽ രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 16 ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. അടുത്ത ഘട്ടത്തിൽ കുഴൽമന്ദം, മലമ്പുഴ, നെന്മാറ എന്നീ 3 ബ്ലോക്കുകൾ ജലബജറ്റ് തയ്യാറാക്കാൻ വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. മാർച്ച് മാസം കുഴൽമന്ദം ബ്ലോക്കിൽ ജലബജറ്റ് ബ്ലോക്ക് തല കൺവെൻഷൻ നടത്തി. കൺവെൻഷനിൽ തരൂർ നിയോജകമണ്ഡലം എം.എൽ.എ ഉദ്ഘാടനം നിർവ്വഹിച്ചു.
- പാലക്കാട് ജില്ലയിൽ ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ജല ബജറ്റ് പൂർത്തീകരിച്ച 23 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റ് അവതരിപ്പിച്ച 23 ഗ്രാമപഞ്ചായത്തുകളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതിനു വേണ്ട ഇടപെടൽ നടന്നു വരുന്നു.
- പാലക്കാട് ജില്ലയിൽ അനുഭവപ്പെടുന്ന അതികഠിനച്ചൂടിന്റെയും ജലദൌർലഭ്യത്തിന്റെയും പശ്ചാത്തലത്തിൽ അടിയന്തിരമായി നടപ്പിലാക്കാൻ കഴിയുന്ന ജലപരിപാലന വരൾച്ചാ പ്രതിരോധ ജലസംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ച് ആലോചിക്കുന്നതിനും ആസൂത്രണം

ചെയ്യുന്നതിനുമായി ഒരു അടിയന്തിര യോഗം മാർച്ച് മാസം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

- ❖ കോഴിക്കോട് ജില്ലയിൽ ജലബജറ്റ് പ്രവർത്തനം വളരെ മികച്ച രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. മികച്ച പിന്തുണ ഇതിനായി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സാങ്കേതിക സമിതിയും നൽകിവരുന്നു. 57 ഗ്രാമപഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലും ജലബജറ്റ് വിവര ശേഖരണം പൂർത്തീകരിച്ചു. 22 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണം പൂർത്തീകരിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിലെ കോർപ്പറേഷൻ ഒഴികെയുള്ള 7 നഗരസഭകളിലും ജലബജറ്റ് പ്രവർത്തനം ഏറ്റെടുക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ വടകര നഗരസഭയിൽ ജലബജറ്റ് തുടർപ്രവർത്തനങ്ങളുടെ ഭാഗമായി മാപിംഗ് പ്രവർത്തനം നടന്നുവരുന്നു. ജലസാക്ഷരതാ ക്യാമ്പയിനും വടകര നഗരസഭയിൽ റിപ്പോർട്ട് മാസം നടത്തിയിട്ടുണ്ട്. ഫറോക്ക്, രാമനാട്ടുകര, കൊടുവള്ളി നഗരസഭകളിൽ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം മാർച്ച് മാസത്തിൽ നടന്നു. പയ്യോളി നഗരസഭയിൽ റിപ്പോർട്ട് പൂർത്തീകരിച്ചു. മുക്കം, കൊയിലാണ്ടി, നഗരസഭകളിൽ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.
- ❖ വയനാട് ജില്ലയിൽ മാനന്തവാടി, പനമരം, സുൽത്താൻ ബത്തേരി ബ്ലോക്കുകളിൽ ജലബജറ്റ് പൂർത്തിയായി, കൽപ്പറ്റ ബ്ലോക്കിൽ വിവരശേഖരണവും ഡാറ്റാ എൻട്രിയും പൂർത്തീകരിച്ചു. കൽപ്പറ്റ ബ്ലോക്കിന്റെ ജലബജറ്റ് ഏപ്രിൽ മാസം പകുതിയോടുകൂടി പ്രസിദ്ധീകരിക്കും. മൂന്ന് മുനിസിപ്പാലിറ്റികളായ കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലെ വിവരശേഖരണം ഏപ്രിൽ മാസം ആരംഭിക്കും.
- ❖ കണ്ണൂർ ജില്ലയിൽ പേരാവൂർ, പാനൂർ ബ്ലോക്ക് പഞ്ചായത്തുകളിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ഫെബ്രുവരി – മാർച്ച് മാസങ്ങളിലായി 6 ബ്ലോക്കുകളിലും ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് ശിൽപ്പശാല സംഘടിപ്പിച്ചു.

## 2.2 ജലബജറ്റ് - തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. വരൾച്ച അനുഭവപ്പെടുന്നതിനാൽ ജലബജറ്റിന്റെ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്.

**ജല ബജറ്റ് - ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 103 | 314 | 303 | 494 | 1111 | 7 | 154 | 0 | 0 | 185 | 553 |
| ഫെബ്രുവരി | 82 | 446 | 525 | 507 | 1478 | 8 | 255 | 3 | 39 | 203 | 443 |
| മാർച്ച് | 152 | 512 | 598 | 436 | 1546 | 4 | 117 | 12 | 331 | 339 | 720 |
| ആകെ | 337 | 1272 | 1426 | 1437 | 4135 | 19 | 526 | 15 | 370 | 727 | 1716 |

## 2.3 വിലയിരുത്തൽ

കേരളത്തിൽ 342 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ രണ്ടാം ഘട്ടത്തിൽ ജല ബജറ്റ് നിർവഹിക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ ജല ബജറ്റ് പ്രവർത്തനങ്ങൾ

കോഴിക്കോട്(67), കോട്ടയം(63), കാസർഗോഡ്(36), കൊല്ലം(35), കണ്ണൂർ(27), വയനാട്(21) എന്നീ ജില്ലകളിലാണ്. ഇതിൽ കാസർഗോഡ്(32), കോഴിക്കോട്(22), കൊല്ലം(22), പാലക്കാട്(16), വയനാട്(10), കണ്ണൂർ(9), കോട്ടയം(1) എന്നീ ജില്ലകളിൽ റിപ്പോർട്ട് അവതരണം പൂർത്തിയായി. ജല ബജറ്റിന്റെ പ്രധാന ജോലിയായ വിവരശേഖരണം ഏറെക്കുറെ എല്ലാ ജില്ലകളിലും പൂർത്തിയായി. 2024 ഡിസംബർ മാസത്തിൽ തന്നെ 342 തദ്ദേശ ഭരണ സ്ഥാപനങ്ങളിലും റിപ്പോർട്ട് അവതരിപ്പിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുൻഗണനാ ക്രമത്തിൽ ജല ബജറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയതായി പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജല ബജറ്റ് നിർവ്വഹിക്കുവാൻ താൽപര്യപൂർവ്വം മുന്നോട്ട് വന്നിട്ടുണ്ട്. അത്തരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉൾകൊള്ളിച്ച് സമയക്രമത്തിനകം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജല ബജറ്റ് പൂർത്തീകരിക്കുവാനുള്ള നടപടി ക്രമങ്ങൾ ഹരിതകേരളം മിഷൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

ജല ബജറ്റ് തയ്യാറാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ജലസുരക്ഷയിലേക്ക് നയിക്കുക എന്നതാണ് ഹരിതകേരളം മിഷൻ ലക്ഷ്യം വച്ചിരിക്കുന്നത്. സംയോജിത പദ്ധതികളുടെ ലഭ്യതകുറവ് ജലസുരക്ഷാ പ്ലാൻ തയ്യാറാക്കുന്നതിന് ചില പ്രശ്നങ്ങൾ ഉളവാക്കുന്നുണ്ട്. നിലവിൽ ജല ബജറ്റ് ശുപാർശകളിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളു. വരും വർഷങ്ങളിൽ വിവിധ വകുപ്പുകളുടെ പദ്ധതികൾ സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ ഏകീകരിക്കേണ്ടതുണ്ട്.

| പ്രവർത്തനം നടന്ന മാസം | ത്രൈമാസ പുരോഗതി | | | | | | |
|---|---|---|---|---|---|---|---|
| | രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ | പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | % | വിവര ശേഖരണം പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | % | റിപ്പോർട്ട് പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | % |
| ജനുവരി | 342 | 263 | 76.90% | 246 | 71.93% | 43 | 12.57% |
| ഫെബ്രുവരി | | 263 | 76.90% | 267 | 78.07% | 81 | 23.68% |
| മാർച്ച് | | 314 | 91.81% | 283 | 82.75% | 112 | 32.75% |

## 3. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു. ഫീൽഡുതല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ചിരുന്നു.

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ

പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾക്കൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 312 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- ❖ സർക്കാരിന്റെ പ്രകടന പത്രികയിൽ അമ്പതിനായിരം കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തും എന്ന് വാഗ്ദാനം നൽകിയിരുന്നു. ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയെ വിനിയോഗിച്ചും 2019 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ 14173 നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്. 30177.12 കിമീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. മുൻ സർക്കാരിന്റെ കാലയളവിൽ പുനരുജ്ജീവിപ്പിച്ച 45736 കിമീ ഉൾപ്പെടെ നിലവിൽ 75913.12 കിമീ നീർച്ചാലുകൾ സംസ്ഥാനത്ത് വീണ്ടെടുത്തിട്ടുണ്ട്.
- ❖ ഇത് കൂടാതെ 3174 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, 4762 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു.

**നീരുറവ് - പ്രവർത്തന പുരോഗതി**

| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം | ഏറ്റെടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 8 | 140 | 140 | 4683.16 | 533 | 419 | 695 | 2969 |
| കൊല്ലം | 12 | 884 | 356 | 3571.54 | 178 | 415 | 648 | 3170 |
| പത്തനംതിട്ട | 23 | 1651 | 205 | 1247.79 | 153 | 188 | 492 | 848 |
| ആലപ്പുഴ | 5 | 93 | 26 | 1106.62 | 66 | 40 | 197 | 225 |
| കോട്ടയം | 36 | 162 | 162 | 1066.68 | 51 | 248 | 410 | 534 |
| ഇടുക്കി | 35 | 1213 | 456 | 1295.93 | 181 | 200 | 270 | 285 |
| എറണാകുളം | 34 | 571 | 178 | 2454.40 | 170 | 286 | 805 | 506 |
| തൃശൂർ | 8 | 124 | 64 | 1343.58 | 111 | 119 | 344 | 952 |
| പാലക്കാട് | 66 | 5717 | 5717 | 5316.12 | 647 | 780 | 488 | 1203 |
| മലപ്പുറം | 7 | 103 | 101 | 1210.76 | 219 | 405 | 110 | 1864 |
| കോഴിക്കോട് | 24 | 219 | 180 | 1766.28 | 196 | 163 | 387 | 966 |
| വയനാട് | 26 | 514 | 500 | 1485.46 | 83 | 660 | 96 | 286 |
| കണ്ണൂർ | 23 | 2106 | 1747 | 2261.98 | 434 | 453 | 2700 | 1444 |
| കാസർഗോഡ് | 5 | 250 | 201 | 1366.82 | 152 | 386 | 746 | 1239 |
| ആകെ | 312 | 13747 | 10033 | 30177.12 | 3174 | 4762 | 8388 | 16491 |

- ❖ സംസ്ഥാനത്ത് ഏറ്റെടുത്ത 13747 നീരുറവു പ്രവർത്തനങ്ങളിൽ 10033 പ്രവർത്തനങ്ങൾ (72.98%) പൂർത്തീകരിച്ചു.
- ❖ നീരുറവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചത് പാലക്കാട് ജില്ലയാണ്. പാലക്കാട് ജില്ലയിൽ ഏറ്റെടുത്ത 5717 പ്രവർത്തനങ്ങളിൽ 5717 എണ്ണവും പൂർത്തീകരിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ 2106 പ്രവർത്തനങ്ങളിൽ 1747 എണ്ണവും, വയനാട് ജില്ലയിൽ 514 പ്രവർത്തനങ്ങളിൽ 500 എണ്ണവും പൂർത്തീകരിച്ചു. പത്തനംതിട്ട ജില്ലയിലും (1651), ഇടുക്കി ജില്ലയിലും (1213) കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

- പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ ദൂരം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.
- പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്.
- സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8388 കിണറുകൾ റീർച്ചാർജ്ജ് ചെയ്തുകയും, 16491 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലും (3170 എണ്ണം), തിരുവനന്തപുരം ജില്ലയിലും (2969 എണ്ണം) കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. കിണറുകൾ റീചാർജ്ജിങിന്റെ കാര്യത്തിൽ കണ്ണൂർ ജില്ലയിൽ 2700 കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ ജല ബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് എന്ന ക്യാമ്പയിനുമായി ബന്ധപ്പെട്ട് മുഖത്തല ബ്ലോക്കിലെ അഞ്ച് പഞ്ചായത്തുകളിലും ഓരോ പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ സംയോജനത്തോടെ അടിയന്തരമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി മാർച്ച് മാസം യോഗം ചേർന്നു.
- കോട്ടയം ജില്ലയിൽ ജലബജറ്റ് പൂർത്തീകരിച്ച ഈരാറ്റുപേട്ട ബ്ലോക്കിൽ 'ജല ബജറ്റിൽ നിന്നും ജല സുരക്ഷയിലേക്ക്' എന്ന ക്യാമ്പിന്റെ ഭാഗമായി സാങ്കേതിക സമിതി അംഗങ്ങളുടെ യോഗം നടത്തിയിട്ടുണ്ട്. യോഗ തീരുമാനപ്രകാരം ബ്ലോക്കിലെ 8 ഗ്രാമപഞ്ചായത്തുകളിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു പ്രവൃർത്തി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു. ഇതുപ്രകാരം ഇറിഗേഷൻ, കൃഷി, തൊഴിലുറപ്പ് എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരും നവകേരളം കർമ്മ പദ്ധതി ആർപിയും സംയുക്തമായി ജലസ്രോതസ്സ് സന്ദർശിച്ച് 8 ഗ്രാമപഞ്ചായത്തുകളിലെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ അനുമതിക്കു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിൽ താന്ന്യം ഗ്രാമപഞ്ചായത്തിലെ നീരുറവ് പദ്ധതിയുടെ ഭാഗമായി ഗ്രീൻ പാർക്ക് പ്രദേശത്തെ പൊതു തോടുകളുടെ പരിപാലനം എന്ന പ്രവർത്തി പൂർത്തികരിച്ചു. 500 മീറ്റർ തോട് വൃത്തിയാക്കി കയർ ഭൂവസ്ത്രം വിരിച്ച് നീരോട്ടത്തിന് സൗകര്യം സൃഷ്ടിച്ചിട്ടുണ്ട്.

**നീരുറവ് ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | നീരുറവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ | പ്രവർത്തി കളിലുള്ള |
| | | ജനപ്രതി നിധികൾ | ഉദ്യോഗ സ്ഥർ | മറ്റുള്ള വർ | ആ കെ | എ ണ്ണം | പങ്കാളി ത്തം | എണ്ണം | പങ്കാളി ത്തം | ഇടപെടലുക ളുടെ എണ്ണം | ജനപങ്കാ ളിത്തം |
| ജനുവരി | 83 | 154 | 291 | 143 | 588 | 1 | 83 | 1 | 55 | 120 | 190 |
| ഫെബ്രുവരി | 34 | 153 | 223 | 385 | 761 | 3 | 80 | 2 | 62 | 85 | 323 |
| മാർച്ച് | 74 | 258 | 368 | 327 | 953 | 0 | 0 | 0 | 0 | 155 | 422 |
| ആകെ | 191 | 565 | 882 | 855 | 2302 | 4 | 163 | 3 | 117 | 360 | 935 |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകളുടെ ശാസ്ത്രീയമായ മാപിംഗ് "മാപത്തോൺ" നടന്നു വരുന്നു.

RKIയുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്ഥവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230

ഗ്രാമപഞ്ചായത്തുകളിൽ 212 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത് ഇടുക്കി ജില്ലയിൽ താരതമ്യേന റോഡുകൾ തീരെ ഇല്ലാത്ത പ്രദേശവും, ചെങ്കുത്തായ മലനിരകളും, എസ്റ്റേറ്റ് മേഖലയും ആയതിനാൽ ഫീൽഡ് പ്രവർത്തനങ്ങളിൽ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സുരക്ഷിതമാക്കാം പശ്ചിമഘട്ടം - പ്രവർത്തന പുരോഗതി**

| ജില്ലകൾ | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | |
|---|---|---|---|---|---|---|---|
| | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്‌ലോഡ് ചെയ്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീവനം നടത്തിയത് (കി.മീറ്റർ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 7 | 182.58 |
| പത്തനംതിട്ട | 16 | 16 | 16 | 16 | 7 | 5 | 21.78 |
| കോട്ടയം | 32 | 32 | 30 | 30 | 20 | 0 | 9 |
| ഇടുക്കി | 49 | 31 | 31 | 18 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 15 | 14 | 11 | 45 |
| പാലക്കാട് | 51 | 51 | 51 | 38 | 27 | 27 | 294.90 |
| കോഴിക്കോട് | 14 | 14 | 14 | 14 | 13 | 0 | 0 |
| വയനാട് | 26 | 26 | 26 | 26 | 10 | 26 | 53.4 |
| കണ്ണൂർ | 18 | 18 | 18 | 18 | 15 | 15 | 67.7 |
| ആകെ | 230 | 212 | 210 | 182 | 113 | 91 | 674.36 |

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - മാർച്ച് 2024

മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 113 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാം ഘട്ടം ഗ്രാമപഞ്ചായത്ത്തല അവതരണം 113 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരൾച്ച സാധ്യത മുൻകൂട്ടി കണ്ട് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 13 | 82 | 68 | 162 | 312 | 0 | 0 | 0 | 0 | 62 | 64 |
| ഫെബ്രുവരി | 50 | 415 | 280 | 266 | 961 | 4 | 120 | 0 | 0 | 98 | 151 |
| മാർച്ച് | 25 | 128 | 117 | 103 | 348 | 8 | 198 | 1 | 12 | 92 | 182 |
| ആകെ | 88 | 625 | 465 | 531 | 1621 | 12 | 318 | 1 | 12 | 252 | 397 |

❖ കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ രണ്ടാം

ഘട്ട പ്രവർത്തനങ്ങളായ അവതരണവും ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്.

- ❖ സംസ്ഥാനത്ത് മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ അകെ 113 ഗ്രാമപഞ്ചാത്തുകളിൽ അവതരണവും 91 ഗ്രാമപഞ്ചാത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നു. മാർച്ച് മാസത്തിൽ മാത്രം 13 ഗ്രാമപഞ്ചാത്തുകളിൽ അവതരണവും 5 ഗ്രാമപഞ്ചാത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നു. ഇനിയും 69 ഗ്രാമപഞ്ചാത്തുകളിൽ അവതരണം നടത്തേണ്ടതുണ്ട്.
- ❖ മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി മാർച്ച് മാസം 268.221 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 91 ഗ്രാമപഞ്ചായത്തുകളിലായി 674.361 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ പാലക്കാട് (195 km), കൊല്ലം (29 km), കണ്ണൂർ (18 km), എറണാകുളം (15 km), കോട്ടയം (9 km), വയനാട് (2 km), എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം മാർച്ച് മാസത്തിൽ നടന്നത്.
- ❖ കൊല്ലം ജില്ലയിൽ നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 182.58 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ കോട്ടയം ജില്ലയിൽ 32 ഗ്രാമപഞ്ചായത്തുകളാണ് നീർച്ചാലുകളുടെ മാപിംഗ് പൂർത്തീകരിച്ചത്. മാർച്ച് മാസം 7 ഗ്രാമപഞ്ചായത്തുകളിൽ അവതരണം നടത്തി. ഇതുവരെ 20 ഗ്രാമപഞ്ചായത്തുകളിൽ അവതരണം പൂർത്തീകരിച്ച മാപിംഗിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം അഴുത ബ്ലോക്കിലെ കുമിളി ഗ്രാമ പഞ്ചായത്തിൽ മാപിംഗ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇനിയും നീർച്ചാലുകൾ മാപ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്.
- ❖ എറണാകുളം ജില്ലയിൽ മാപത്തോൺ പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്ത് തല അവതരണം പൈങ്ങോട്ടൂർ, പിണ്ടിമന, വാരപ്പെട്ടി, കീരമ്പാറ, പോത്താനിക്കാട്, പല്ലാരിമംഗലം, നെല്ലിക്കുഴി, കവളങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ നടന്നു. ഒഴുക്ക് തടസ്സപ്പെട്ടുകിടക്കുന്ന നീർച്ചാൽ ശൃംഖല കണ്ടെത്തി പുനരുജ്ജീവനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി മാപത്തോൺ ശിൽപശാല സംഘടിപ്പിച്ചു.

**മാപ്പത്തോൺ ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | | | |
|---|---|---|---|---|---|
| | | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ചതോട് / നീർച്ചാലിന്റെ നീളം (കിമീ) |
| ജനുവരി | 230 | 212 | 177 | 64 | 280.92 |
| ഫെബ്രുവരി | | 212 | 178 | 100 | 406.14 |
| മാർച്ച് | | 212 | 182 | 113 | 674.36 |

- ❖ പാലക്കാട് ജില്ലയിൽ മാപത്തോൺ രണ്ടാം ഘട്ടം ഗ്രാമപഞ്ചായത്ത്തല അവതരണം 27 തദ്ദേശസ്ഥാപനങ്ങളിൽ പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഓരോ നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളും അനുബന്ധ ഇടപെടലുകളും വിവിധ വകുപ്പുകളുടെ സംയോജനത്തോടെ നടത്തിവരുന്നു.
- ❖ കോഴിക്കോട് ജില്ലയിൽ 14 ഗ്രാമപഞ്ചായത്തുകളിലും മാപത്തോൺ പ്രവർത്തനം പൂർത്തീകരിച്ചു. ഇപ്പോൾ മാപത്തോൺ അവതരണങ്ങൾ നടന്നുവരുന്നു.
- ❖ കണ്ണൂർ ജില്ലയിൽ 15 ഗ്രാമപഞ്ചായത്തുകളിൽ മാർച്ച് മാസം വരെ അവതരണം പൂർത്തീകരിക്കുകയും 67.7 കി.മീ. നീർച്ചാൽ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു.

## 5. പച്ചത്തുരുത്തുകൾ

പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി മാർച്ച് മാസത്തിൽ 6.31 ഏക്കർ സ്ഥലത്ത് 8 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഇതുൾപ്പെടെ 2019 ജൂൺ മാസം മുതൽ ഇതുവരെ 856.23 ഏക്കർ സ്ഥലത്ത് 2950 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

- കണ്ണൂർ ജില്ലയിൽ 610 സെന്റ് ആകെ വിസ്തൃതിയിൽ 2 പുതിയ പച്ചത്തുരുത്തുകളും, പത്തനംതിട്ട ജില്ലയിൽ 7 സെന്റ് ആകെ വിസ്തൃതിയിൽ 2 പുതിയ പച്ചത്തുരുത്തുകളും കോട്ടയം ജില്ലയിൽ 8 സെന്റ് ആകെ വിസ്തൃതിയിൽ 2 പുതിയ പച്ചത്തുരുത്തുകളും കൊല്ലം ജില്ലയിൽ 4 സെന്റ് ആകെ വിസ്തൃതിയിൽ 1 പുതിയ പച്ചത്തുരുത്തും മലപ്പുറം ജില്ലയിൽ 2 സെന്റ് ആകെ വിസ്തൃതിയിൽ 1 പുതിയ പച്ചത്തുരുത്തും തുടങ്ങിയിട്ടുള്ളതാണ് മാർച്ച് മാസത്തിലെ ശ്രദ്ധേയമായ പ്രവർത്തനം.
- മാർച്ച് മാസം 148 പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി അവസ്ഥ പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 8 ഇടങ്ങളിലായി 181 പുതുതൈകൾ നട്ടിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 66 പച്ചത്തുരുത്തുകളിൽ ജൈവവേലി സ്ഥാപിച്ചിട്ടുള്ളതായും 78 പച്ചത്തുരുത്തുകളിൽ സംഘാടക സമിതി രൂപീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ മാർച്ച് മാസം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ പുതിയതായി ഒരു പച്ചത്തുരുത്ത് ആരംഭിച്ചിട്ടുണ്ട്. മാർച്ച് മാസം ജില്ലയിൽ 28 പച്ചത്തുരുത്തുകളുടെ പുനർസന്ദർശനവും പൂർത്തീകരിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിലെ 19 തദ്ദേശസ്ഥാപനങ്ങളിൽ 38 സ്ഥലങ്ങളിലായി 66 ഏക്കർ വിസ്തൃതിയിൽ ജൂൺ മാസത്തിൽ പച്ചത്തുരുത്ത് ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ പുളിക്കീഴ് ബ്ലോക്കിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിൽ 2 സെന്റ് വിസ്തൃതിയിൽ 15 ഔഷധ തൈകൾ നട്ടു കൊണ്ട് ഔഷധ പച്ചത്തുരുത്ത് (തെങ്ങേലി ഔഷധ പച്ചത്തുരുത്ത്) ആരംഭിച്ചു.
- പത്തനംതിട്ട ജില്ലയിൽ പരിസ്ഥിതി ദിനത്തിൽ പച്ചത്തുരുത്ത് ആരംഭിക്കുന്നതിനായി 17 സ്ഥലങ്ങളിലായി 439.5 സെന്റ് കണ്ടെത്തിയിട്ടുണ്ട്.
- കോട്ടയം ജില്ലയിൽ മാർച്ച് മാസം ചങ്ങനാശ്ശേരി നഗരസഭയിൽ രണ്ട് പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ജൂൺ മാസം 30 പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തി. ഐഎച്ച്ആർഡി കോളേജ്, ആർ ഐ ടി പാമ്പാടി, നാട്ടകം ഗവൺമെന്റ് കോളേജ് തുടങ്ങിയ സ്ഥലങ്ങളിൽ അഞ്ചു മുതൽ പത്തേക്കർ വിസ്തൃതിയിൽ പച്ചത്തുരുത്തുകൾ ആരംഭിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.
- കണ്ണൂർ ജില്ലയിൽ മാർച്ച് മാസം 3 പച്ചത്തുരുത്തുകൾ റീ വിസിറ്റ് നടത്തിയിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ ജൂൺ, ജൂലൈ മാസങ്ങളിൽ വിവിധ പ്രദേശങ്ങളിലായി 26 പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിന് 349 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിൽ മാർച്ച് മാസത്തിൽ 41 പച്ചത്തുരുത്തുകൾ പുനഃസന്ദർശിച്ച് നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. ജൂൺ മാസം പുതിയതായി 25 പച്ചതുരുത്തുകൾ സ്ഥാപിക്കുന്നതിനായി 11 ഏക്കറോളം സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ജില്ലയിൽ ഓരോ ബ്ലോക്കിൽ നിന്നും ഒന്ന് എന്ന ക്രമത്തിൽ മാതൃക പച്ചത്തുരുത്ത് ആയി തിരഞ്ഞെടുക്കാവുന്ന 18 പച്ചതുരുത്തുകൾ കണ്ടെത്തി ഇടപെടലുകൾ നടത്തുന്നുണ്ട്.
- പാലക്കാട് ജില്ലയിൽ ജൂൺ മാസം 43 പച്ചത്തുരുത്തുകൾ സ്ഥാപിക്കാനായി 4.02 ഏക്കർ വിസ്തൃതിയിൽ സ്ഥലം കണ്ടത്തിയിട്ടുണ്ട്.
- മലപ്പുറം ജില്ലയിൽ പുതിയ 73 പച്ചത്തുരുത്തുകൾ 5.5 ഏക്കറിൽ ആരംഭിക്കുന്നുണ്ട്. അതിനായി

2647 ഓളം തൈകൾ സോഷ്യൽ ഫോറസ്റ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കാനുള്ള അപേക്ഷ നൽകിയിട്ടുണ്ട്.

- കോഴിക്കോട് ജില്ലയിൽ ജൂൺ മാസത്തിലേക്ക് 76 പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനായി ഇതുവരെ 3.343 ഏക്കർ വിസ്തൃതിയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

**പച്ചത്തുരുത്ത് ത്രൈമാസ അവലോകനവും**

| പച്ചത്തുരുത്ത് | | | | | |
|---|---|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | ഡിസംബർ വരെ | ജനുവരി | ഫെബ്രുവരി | മാർച്ച് | ആകെ |
| എണ്ണം | 2902 | 20 | 20 | 8 | 2950 |
| വിസ്തൃതി (ഏക്കർ) | 841.17 | 4.43 | 4.21 | 6.31 | 856.23 |
| പച്ചത്തുരുത്ത്-റീവിസിറ്റ് | | 175 | 144 | 148 | |

| പച്ചത്തുരുത്ത് | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 64 | 89 | 146 | 384 | 629 | 2 | 40 | 0 | 0 | 201 | 239 |
| ഫെബ്രുവരി | 77 | 163 | 176 | 256 | 595 | 1 | 42 | 0 | 0 | 222 | 447 |
| മാർച്ച് | 107 | 185 | 219 | 328 | 732 | 0 | 0 | 0 | 0 | 314 | 487 |
| ആകെ | 248 | 437 | 541 | 968 | 1956 | 3 | 82 | 0 | 0 | 737 | 1173 |

### 5.1 വിലയിരുത്തൽ

സർക്കാരിന്റെ പ്രകടന പത്രികയിൽ പച്ചത്തുരുത്തുകളുടെ വിസ്തൃതി 529 ഏക്കറിൽ നിന്നും 5000 ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കും എന്ന് വാഗ്ദാനം നൽകിയിരുന്നു. എന്നാൽ നാളിതു വരെ 856.23 ഏക്കർ സ്ഥലത്ത് 2950 പച്ചത്തുരുത്തുകൾ സ്ഥാപിക്കുവാനെ കഴിഞ്ഞിട്ടുള്ളൂ. പച്ചത്തുരുത്തുകൾ വലിയ തോതിൽ വ്യാപിപ്പിക്കുവാനുള്ള നടപടികൾ ഹരിത കേരളം മിഷൻ ആരംഭിച്ചിട്ടുണ്ട്. ജില്ലാ മിഷനുകൾക്കു ടാർഗറ്റ് നല്കിയിട്ടുണ്ട്. സമയബന്ധിതമായും ഘട്ടം ഘട്ടവുമായി ലക്ഷ്യം കൈവരിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

നിലവിൽ പരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ 500 ഏക്കറിൽ കൂടി പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനായി ലക്ഷ്യം നല്കിയിട്ടുണ്ട്. ഇതിൽ മാർച്ച് മാസത്തിൽ തന്നെ 207 ഏക്കർ ആകെ വിസ്തൃതിയിൽ 464 പച്ചത്തുരുത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കൊല്ലം, കോട്ടയം, തിരുവനന്തപുരം, എന്നീ ജില്ലകളിലാണ് കൂടുതൽ സ്ഥലം കണ്ടത്തിയിട്ടുള്ളത്. 207 ഏക്കർ വിസ്തൃതിയിൽ നടാൻ ആവശ്യമായ നടീൽ തൈകൾ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

- നടീൽ തൈകളുടെ ലഭ്യത കുറവ് ഒരു പ്രധാന കാരണമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പാലോട് ബൊട്ടാണിക്കൽ ഗാർഡൻ, KFRI തൃശൂർ എന്നിവിടങ്ങളിൽ നിന്നുമാണ് തൈകൾ പ്രധാനമായും ലഭ്യമാക്കുന്നത് ഈ സ്ഥാപങ്ങളിൽ നിന്നും വിദൂര ജില്ലകളിൽ തൈകൾ എത്തിക്കുക എന്നതും പ്രായോഗിക ബുദ്ധിമുട്ടുളവാകുന്നു. വിവിധ സ്ഥാപനങ്ങളെ ചുമതലപെടുത്തിയും തൊഴിലുറപ്പ് വഴി നഴ്സറികൾ ആരംഭിച്ചും ഈ പ്രശ്നം പരിഹരിച്ചു വരുന്നു.
- കഴിഞ്ഞ മൂന്ന് മാസത്തിൽ 14.95 ഏക്കർ വിസ്തൃതിയിൽ 48 പുതിയ പച്ചത്തുരുത്തുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഹരിത കേരളം മിഷന്റെ ശ്രമഫലമായി സാധിച്ചിട്ടുണ്ട്. കാസർഗോഡ്, കൊല്ലം, പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ പച്ചത്തുരുത്തുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

❖ പച്ചത്തുരുത്തിന്റെ പരിപാലനത്തിനു സംഘാടക സമിതി രൂപീകരിക്കാത്തതും, രൂപീകരിച്ചവ കൃത്യമായരീതിയിൽ പ്രവർത്തിക്കാത്തതും സ്ഥാപിച്ച പല പച്ചത്തുരുത്തുകളും നശിച്ചു പോകാൻ കാരണമായിട്ടുണ്ട്. സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി പച്ചത്തുരുത്തുകൾ വീണ്ടെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

## 6. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|---|
| ജില്ലാ | ടാർഗറ്റ് (1 GP per Block) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (20 wards per Block) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| തിരുവനന്തപുരം | 11 | 10 | 2 | 220 | 287 | 170 |
| കൊല്ലം | 11 | 23 | 0 | 220 | 226 | 3 |
| പത്തനംതിട്ട | 8 | 6 | 0 | 160 | 68 | 27 |
| ആലപ്പുഴ | 12 | 12 | 0 | 240 | 230 | 0 |
| കോട്ടയം | 11 | 7 | 0 | 220 | 32 | 0 |
| ഇടുക്കി | 8 | 6 | 0 | 160 | 43 | 0 |
| എറണാകുളം | 14 | 7 | 0 | 280 | 240 | 5 |
| തൃശ്ശൂർ | 16 | 15 | 0 | 320 | 89 | 0 |
| പാലക്കാട് | 13 | 17 | 1 | 260 | 199 | 5 |
| മലപ്പുറം | 15 | 15 | 0 | 300 | 268 | 10 |
| കോഴിക്കോട് | 12 | 12 | 0 | 240 | 275 | 0 |
| വയനാട് | 4 | 6 | 4 | 80 | 52 | 48 |
| കണ്ണൂർ | 11 | 16 | 0 | 220 | 220 | 126 |
| കാസർകോട് | 6 | 12 | 0 | 120 | 120 | 148 |
| ആകെ | 152 | 164 | 7 | 3040 | 2349 | 542 |

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 7 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനം റിപ്പോർട്ട് മാസം വരെ 2349 വാർഡുകളിൽ നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലായി 542 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തിരുവനന്തപുരം(170), കാസഗോഡ്(148), കണ്ണൂർ(126), വയനാട്(48) എന്നീ ജില്ലകളാണ്.

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി

റിപ്പോർട്ട് മാസം വരെ 59 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിൽ ചെമ്മരുതി ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളും ഹരിത സമൃദ്ധി ആയി പ്രഖ്യാപിച്ചു. വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിലെ ഈഴക്കോട് വാർഡിനെ ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് വിതരണം നടത്തി.
- ❖ കൊല്ലം ജില്ലയിൽ തഴവ ഗ്രാമപഞ്ചായത്തിൽ തരിശുരഹിത ഗ്രാമം പ്രോജക്റ്റുമായി ബന്ധപ്പെട്ട് 200 ഏക്കർ സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നെൽകൃഷി ആരംഭിച്ചു. കുന്നത്തൂർ ഗ്രാമപഞ്ചായത്തിൽ കണ്ണാടി ഏല കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 350 മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി. ഇവിടെ നെൽകൃഷി ഉടൻ ആരംഭിക്കും.
- ❖ എറണാകുളം ജില്ലയിൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ ഒരു വാർഡ് ഹരിത വാർഡായി പ്രഖ്യാപിച്ചു.
- ❖ പാലക്കാട് ജില്ലയിൽ കോട്ടായി ഗ്രാമപഞ്ചായത്തിൽ 71 ഏക്കർ തരിശു ഭൂമിയിൽ 60 ഏക്കർ ഭൂമി കൃഷിക്കാനുയോജ്യമാക്കി മാറ്റാൻ സാധിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ആലത്തൂർ ബ്ലോക്കിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 5 വാർഡുകളും ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ചു. കുഴൽമന്ദം ബ്ലോക്കിൽ കോട്ടായി ഗ്രാമപഞ്ചായത്തിലെ 4 വാർഡുകൾ ഹരിതസമൃദ്ധി വാർഡ് പ്രഖ്യാപനത്തിനായി തയാറെടുക്കുന്നു.
- ❖ മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിനെ ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ മാർച്ച് മാസത്തിൽ അന്തൂർ നഗരസഭയിലെ 28 ഡിവിഷനുകളും ചെറുതാഴം, ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളും കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളും ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ മാർച്ച് മാസത്തിൽ 38 ഗ്രാമപഞ്ചായത്തുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. നെറ്റ് സീറോ കാർബൺ പഞ്ചായത്തായ പുല്ലൂർ പെരിയ (17 വാർഡുകൾ), ദേലംപാടി (16 വാർഡുകൾ) എന്നിവിടങ്ങളിലെ മുഴുവൻ വാർഡുകളും, പുത്തിഗെ ഗ്രാമപഞ്ചായത്തിലെ 4 വാർഡുകളും ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് ബ്ലോക്കിലെ മധൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 20 ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ചു.
- ❖ ദേവഹരിതം പദ്ധതിയുടെ ഭാഗമായി കൊല്ലം കോർപ്പറേഷനിലെ തൃക്കടവൂർ മഹാദേവ ക്ഷേത്രത്തിൽ വാഴ കൃഷി ആരംഭിച്ചു.
- ❖ എറണാകുളം ജില്ലയിൽ ദേവ ഹരിതം പദ്ധതി പ്രകാരം എറണാകുളത്തപ്പൻ അമ്പലത്തിനോട് ചേർന്നുള്ള സ്ഥലത്ത് കദളിവാഴ, കരിമ്പ്, കറുക എന്നിവ കൃഷി ചെയ്യാനുള്ള പ്രാരംഭ യോഗം ചേർന്നു.

**മുതുതല ഗ്രാമപഞ്ചായത്ത് തരിശുരഹിത ഗ്രാമമായി.**

2024 മാർച്ച് 14 നു പട്ടാമ്പി ബ്ലോക്കിലെ മുതുതല ഗ്രാമപഞ്ചായത്ത് തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ചു. മുതുതല ഗ്രാമപഞ്ചായത്തിൽ 5 വർഷമായി നെല്ലുല്പാദന മേഖലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായികൊണ്ടിരിക്കുന്നുണ്ട്. ജലഗമനാഗമനത്തിനുള്ള സൗകര്യം ഉള്ളിടത്തോളം സ്ഥലത്ത് നെൽകൃഷി ചെയ്തു കൊണ്ടിരിക്കുന്നു. തരിശു ഇടുന്ന പ്രവണത കർഷകരിൽ കുറഞ്ഞിട്ടുണ്ട്. കൃഷി ഉടമ നെൽകൃഷി ചെയ്യാൻ വൈമനസ്യം കാണിച്ചാലും പാട്ട കർഷകർ കൃഷി ചെയ്യാൻ തയ്യാറുണ്ട്. ചില കർഷകർ സ്വന്തം പാടം കൃഷി ചെയ്യുകയോ പാട്ടത്തിനു കൊടുക്കുകയോ ചെയ്യാത്തവരുണ്ട്. അവരെയും കണ്ടെത്തി കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്നുണ്ട്. അവർ തയ്യാറായില്ലെങ്കിൽ പാട്ടത്തിനു കൊടുക്കാനും നിർബന്ധിച്ചിട്ടുണ്ട്. അതു വഴി തരിശിട്ട 25 ഹെക്ടർ

സ്ഥലം നെൽകൃഷി ചെയ്തു വരുന്നു. നെൽകൃഷി ചെയ്യാൻ യോഗ്യമല്ലാത്തതും കരഭൂമി ആക്കിയതുമായ 35 ഹെക്ടർ സ്ഥലം വർഷകാല, വേനൽകാല പച്ചക്കറി കൃഷി ചെയ്തു വരുന്നു. കർഷകർക്ക് നെൽകൃഷിയിലും ഇതരകൃഷികളിലും കൃഷി ഭവനിൽ പഠന ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. കെ.എസ്.എസ്-ന്റെയും പാടശേഖര സമിതികളുടെയും നേതൃത്വത്തിൽ 2024 ഫെബ്രുവരി മാസത്തിൽ കർഷകർക്ക് വേനൽകാല പച്ചക്കറി ക്ലാസ് കൃഷി ഓഫീസറുടെ നേതൃത്വത്തിൽ നൽകുകയുണ്ടായി. വിഷം കലരാത്ത പച്ചക്കറി കൃഷി മുതുതല പഞ്ചായത്തിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നാടൻ പച്ചക്കറി പഞ്ചായത്തിന്റെ കീഴിലുള്ള എകോ ഷോപ്പിൽ വില്പനയ്ക്ക് എത്തുന്നുണ്ട്. 2023 ൽ 15 ഏക്കർ സ്ഥലത്ത് പയർ കൃഷി ചെയ്തിട്ടുണ്ട്. കൃഷിഭവനിൽ നിന്ന് സൗജന്യമായി പച്ചക്കറി വിത്തും തൈകളും നൽകിവരുന്നുണ്ട്. പുതു പുത്തൻ കാർഷിക സംസ്കാരം മുതുതല പഞ്ചായത്തിൽ വളന്നു വന്നിട്ടുണ്ട്. ഉള്ള സ്ഥലത്ത് എന്തെങ്കിലും കൃഷി ചെയ്യുന്ന സംസ്കാരം എല്ലാവരിലും വളർന്നിട്ടുണ്ട്. പഞ്ചായത്തിന്റെ ലക്ഷ്യം ഒരിഞ്ച് സ്ഥലവും തരിശിടാതെ കൃഷിയോഗ്യമാക്കണമെന്നാണ്. അതിനുള്ള പരിശ്രമമാണ് ഗ്രാമപഞ്ചായത്തിൽ നടത്തികൊണ്ടിരിക്കുന്നത്. 70 സെന്റ് പറമ്പിൽ കൊട്ടുമുണ്ട തണ്ണിമത്തൻ കൃഷി ചെയ്ത് വിളവെടുപ്പുത്സവം നടത്തി. പെരുമുടിയൂർ പ്രദേശത്ത് സ്ഥിരമായി പച്ചക്കറി കൃഷി ചെയ്തു വരുന്നു. പാടവും പറമ്പും കൃഷിയിടമായി മാറ്റുന്നതിനുള്ള പ്രോത്സാഹനവും സഹായവും നൽകുന്നുണ്ട്.

**കാർഷിക മേഖലയിലെ ഇടപെടലുകൾ ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | കാർഷിക മേഖലയിലെ ഇടപെടലുകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 56 | 205 | 150 | 856 | 1211 | 8 | 569 | 0 | 0 | 121 | 121 |
| ഫെബ്രുവരി | 51 | 221 | 288 | 826 | 1335 | 2 | 23 | 0 | 0 | 67 | 132 |
| മാർച്ച് | 59 | 186 | 252 | 508 | 946 | 0 | 0 | 1 | 82 | 132 | 859 |
| ആകെ | 166 | 612 | 690 | 2190 | 3492 | 10 | 592 | 1 | 82 | 320 | 1112 |

## 7. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മാർച്ച് മാസം വരെ ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 207 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. മാർച്ച് മാസത്തെ 405 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 26,721 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ നാളിതുവരെ 1124 ജലഗുണനിലവാര പരിശോധനകളാണ് നടത്തിയിട്ടുള്ളത്. ജില്ലയിൽ ടാർജറ്റ് പ്രകാരമുള്ള ടെസ്റ്റുകൾ നടത്തുന്നതിനായി സാധിച്ചിട്ടില്ല. പരീക്ഷ സമയം

ആയതും, കെമിക്കൽ കിറ്റുകളുടെ കാലാവധി കഴിഞ്ഞതും, കെമിക്കൽ ഇല്ലാത്തതും ടെസ്റ്റിന്റെ എണ്ണത്തെ ബാധിച്ചു. ഗ്രാമപഞ്ചായത്തുകൾ അടുത്ത ഡി.പി.സിയിൽ പ്രോജക്റ്റ് ഏറ്റെടുക്കാനും, കെമിക്കലും കിറ്റും വാങ്ങി പ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജില്ലയിൽ എം.എൽ.എമാർ അനുവദിച്ച പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

❖ തൃശ്ശൂർ ജില്ലയിൽ ലാബിന്റെ സുഗമമായ തുടർ പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തുന്നതിനായി 13,00,000 രൂപയുടെ പ്രൊപോസൽ ജില്ലാ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്.

**ജലഗുണനിലവാര നിർണ്ണയ ലാബ് ത്രൈമാസ അവലോകനം**

| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | | | |
|---|---|---|---|---|---|---|
| | | ഡിസംബർ വരെ | ജനുവരി | ഫെബ്രുവരി | മാർച്ച് | ആകെ |
| തിരുവനന്തപുരം | 13 | 1,374 | 24 | 74 | 6 | 1,478 |
| കൊല്ലം | 11 | 981 | 26 | 77 | 6 | 1,090 |
| പത്തനംതിട്ട | | | | | | |
| ആലപ്പുഴ | 22 | 549 | 160 | 30 | 2 | 741 |
| കോട്ടയം | | | | | | |
| ഇടുക്കി | 35 | 1,691 | 47 | 89 | 54 | 1,881 |
| എറണാകുളം | | | | | | |
| തൃശ്ശൂർ | 54 | 13,948 | 2,298 | 878 | 235 | 17,359 |
| പാലക്കാട് | 10 | 174 | 8 | 3 | 0 | 185 |
| മലപ്പുറം | | | | | | |
| കോഴിക്കോട് | 29 | 1,770 | 29 | 23 | 69 | 1,891 |
| വയനാട് | | | | | | |
| കണ്ണൂർ | 21 | 1,564 | 2 | 16 | 0 | 1,582 |
| കാസർഗോഡ് | 12 | 124 | 138 | 219 | 33 | 514 |
| ആകെ | 207 | 22,175 | 2,732 | 1,409 | 405 | 26,721 |

### 7.1 വിലയിരുത്തൽ

❖ ജില്ലകളിൽ ടാർജറ്റ് പ്രകാരമുള്ള ടെസ്റ്റുകൾ നടത്തുന്നതിനായി സാധിച്ചിട്ടില്ല. സ്കൂൾ തലത്തിൽ പരീക്ഷയും അവധിയുമായതിനാൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. കെമിക്കൽ കിറ്റുകൾ ഡേറ്റ് കഴിഞ്ഞതും, കെമിക്കൽ ഇല്ലാത്തതും ടെസ്റ്റിന്റെ എണ്ണത്തെ ബാധിച്ചു. ചില ഗ്രാമപഞ്ചായത്തുകളിൽ കെമിക്കൽ വാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ആയത് ടെണ്ടർ നടപടികളിലേക്ക് നീങ്ങിയിട്ടുണ്ട്. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ അടുത്ത ഡി.പി.സിയിൽ പ്രോജക്റ്റ് ഏറ്റെടുക്കാനും, കെമിക്കലും കിറ്റും വാങ്ങി പ്രവർത്തനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

❖ അവധി കാലത്തു പ്രതേക ക്യാമ്പ് സംഘടിപ്പിച്ച് എൻഎസ്എസ് വളണ്ടിയർമാരുടെ സേവനം ഉപയോഗിച്ചു കൊണ്ട് പരിശോധന സാമ്പിളുകൾ ശേഖരിക്കാൻ ജില്ലകളിലുള്ള എല്ലാ സ്കൂളിലും ഇടപെടൽ നടത്തിയിട്ടുണ്ട്. ഏപ്രിൽ മെയ് മാസങ്ങളിൽ പ്രത്യേകമായ കാമ്പയിനിലൂടെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയും.

❖ എം.എൽ.എമാർ അനുവദിച്ച പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള കാലതാമസം ജില്ലകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർവഹണ ഏജൻസിയുടെ ഭാഗത്തു നിന്നും ഉള്ള കാലതാമസമാണ് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രധാന പ്രശ്നം.

## 8. ഹരിത സ്ഥാപനങ്ങൾ

ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച

കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- ❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും ഇന്റേൺഷിപ്പ് ട്രെയിനിമാരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- ❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നല്കിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണ, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ❖ സ്ഥലവും മറ്റ് പരിമിതികളും കാരണം ചില സ്ഥാപനങ്ങൾക്ക് പച്ചത്തുരുത്ത് ഉൾപ്പെടെയുള്ളവ നടപ്പാക്കാൻ പ്രയാസമുണ്ടാകും എന്നതിനാലാണ് എ ഗ്രേഡ് കിട്ടുന്നവർക്കും ഹരിത സാക്ഷ്യപത്രം നൽകുന്നത്.
- ❖ ജൂൺ മാസത്തിനുള്ളിൽ 15000 സ്ഥാപനങ്ങളെ ഹരിതസ്ഥാപന പദവിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1775 | 1256 | 338 | 177 |
| കൊല്ലം | 1910 | 895 | 657 | 358 |
| പത്തനംതിട്ട | 1241 | 752 | 343 | 146 |
| ആലപ്പുഴ | 611 | 456 | 106 | 33 |
| കോട്ടയം | 544 | 389 | 106 | 49 |
| ഇടുക്കി | 531 | 352 | 120 | 59 |
| എറണാകുളം | 1163 | 478 | 403 | 282 |
| തൃശ്ശൂർ | 1545 | 1049 | 445 | 51 |
| പാലക്കാട് | 592 | 388 | 103 | 62 |
| മലപ്പുറം | 674 | 355 | 236 | 86 |
| കോഴിക്കോട് | 656 | 484 | 109 | 55 |
| വയനാട് | 148 | 86 | 22 | 38 |
| കണ്ണൂർ | 1062 | 919 | 130 | 13 |
| കാസർകോട് | 777 | 659 | 92 | 23 |
| ആകെ | 13229 | 8518 | 3210 | 1432 |

- ❖ മാർച്ച് മാസം വരെ 13229 സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. 8518 (65%) സ്ഥാപനങ്ങൾക്ക് ഹരിതസ്ഥാപന പദവി ലഭിച്ചിട്ടുണ്ട്.

- ❖ തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകൾ കൂടുതൽ സ്ഥാപനങ്ങളെ അസ്സെസ്സ്മെന്റ് നടത്തുകയും കൂടുതൽ സ്ഥാപനങ്ങളെ ഹരിതസ്ഥാപനങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.
- ❖ ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കാസറഗോഡ് എന്നീ ജില്ലകൾ ഏറ്റെടുത്ത സ്ഥാപനങ്ങളിൽ ഇടപെടലുകൾ നടത്തി 70 ശതമാനത്തിനു മുകളിൽ ഹരിതസ്ഥാപനങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.
- ❖ തിരുവനന്തപുരം - 1775, കൊല്ലം - 1910, പത്തനംതിട്ട - 1241, എറണാകുളം - 1163, തൃശ്ശൂർ - 1545, കണ്ണൂർ - 1062 എന്ന ക്രമത്തിൽ പരിശോധന നടന്നിട്ടുണ്ട്.
- ❖ ഹരിത സ്ഥാപനങ്ങൾ കൂടുതൽ ഉള്ള ജില്ലകൾ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, കൊല്ലം.
- ❖ 3190 സ്ഥാപനങ്ങൾക്ക് ബി ഗ്രേഡും ലഭിച്ചിട്ടുണ്ട്. ബി ഗ്രേഡു ലഭിച്ച സ്ഥാപനങ്ങളെ ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ എ/എ പ്ലസ് ഗ്രേഡുകളിലേക്ക് ഉയർത്താൻ സാധിക്കും.
- ❖ സംസ്ഥാനത്തെ 3876 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, 3986 ഓഫീസുകൾ, 133 ഓഫീസ് കോംപ്ലക്സുകൾ, 13 കമ്മ്യൂണിറ്റി ഹാളുകൾ, 510 മറ്റുള്ള സ്ഥാപനങ്ങളെ ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്,
- ❖ ഒരു ഗ്രേഡും ലഭിക്കാത്ത (80 ൽ താഴെ മാത്രം മാർക്ക് ലഭിച്ച) 1429 സ്ഥാപനങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ മറ്റ ഏജൻസികളെയും വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട്, അടുത്ത 2 മാസക്കാലയളവിൽ ഈ സ്ഥാപനങ്ങളെ ഉയർന്ന ഗ്രേഡുകളിലേക്ക് എത്തിക്കേണ്ട പ്രവർത്തനങ്ങൾ ജില്ലകളിൽ നടത്തുന്നു വരുന്നു.
- ❖ ബി ഗ്രേഡു ലഭിച്ച സ്ഥാപനങ്ങളെ എ/എ പ്ലസ് ഗ്രേഡുകളിലേക്ക് ഉയർത്തുന്നതിനു വേണ്ടി ഹരിത കേരളം മിഷന്റെ പ്രതേക ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു മാസങ്ങളിലായി ഇത്തരത്തിൽ ഹരിത പദവി ലഭിക്കാൻ കഴിയാത്ത 1107 സ്ഥാപനങ്ങൾ പുനസന്ദർശിച്ച് അവയിൽപെട്ട 642 സ്ഥാപനങ്ങളെ ബി ഗ്രേഡിൽ നിന്നും എ ഗ്രേഡിലേക്ക് ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്.
- ❖ തിരുവനന്തപുരം ജില്ലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 1804 ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, കോംപ്ലക്സുകൾ തുടങ്ങിയവ വിലയിരുത്തൽ നടത്തി 1256 സ്ഥാപനങ്ങളെ ഹരിത സ്ഥാപനമാക്കി പ്രഖ്യാപനം നടത്തി. അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് ഹരിത സ്ഥാപന പ്രഖ്യാപനവും, സർട്ടിഫിക്കറ്റ് വിതരണവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. 33 സ്ഥാപനങ്ങൾക്കു ചടങ്ങിൽ സർട്ടിഫിക്കറ്റ് നൽകി.
- ❖ കൊല്ലം ജില്ലയിൽ ഹരിത ക്യാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായി ഓച്ചിറ ഗവ. ഐ.ടി.ഐ ഹരിത ക്യാമ്പസായി പ്രഖ്യാപിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ റാന്നി സെന്റ് തോമസ് കോളേജിനെ ഹരിത ക്യാമ്പസായി പ്രഖ്യാപിച്ചു. കുറ്റൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും (13 വിദ്യാലയങ്ങൾ) മാർച്ച് മാസം ഹരിത വിദ്യാലയമായി പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് വിതരണം നടത്തി.
- ❖ തൃശ്ശൂർ ജില്ലയിൽ ശുചിത്വം, മാലിന്യ സംസ്കരണം, ജല സുരക്ഷ, ഊർജ്ജ സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ മേഖലകളിൽ മാതൃകാപരമായും പ്രവർത്തിച്ച സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ.കെ.രാജൻ ഉദ്ഘാടനം ചെയ്തു.
- ❖ പാലക്കാട് ജില്ലയിൽ നിലവിൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നോ ഗ്രേഡ്, ബി ഗ്രേഡ്, കാറ്റഗറിയിൽ പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ റീവിസിറ്റ് നടത്തിയിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങൾ ഹരിത ഓഫീസ് പദവി കരസ്ഥമാക്കിയിട്ടുണ്ട്. മാർച്ച് മാസത്തിൽ റീവിസിറ്റ് നടത്തിയതിൽ 17 സ്ഥാപനങ്ങൾ കൂടി ഹരിതസ്ഥാപനം പദവി നേടിയിട്ടുണ്ട്. പുതിയതായി പട്ടാമ്പി, തൃത്താല ബ്ലോക്കുകളിൽ ഹരിത

ഓഡിറ്റ് നടത്തിയതിൽ 11 സ്ഥാപനങ്ങൾ കൂടി ഹരിതസ്ഥാപനം പദവി കരസ്ഥമാക്കിയിട്ടുണ്ട്. ഹരിതസ്ഥാപനം പദവി കരസ്ഥമാക്കിയ 390 സ്ഥാപനങ്ങൾക്ക് മാർച്ച് മാസത്തിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

- ❖ കോഴിക്കോട് ജില്ലയിൽ ഹരിത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റീവിസിറ്റുകൾ നടത്തി 227 സ്ഥാപനങ്ങളെ കൂടി ഹരിത സ്ഥാപനപദവിയിലേക്ക് ഉയർത്താൻ സാധിച്ചു.
- ❖ മലപ്പുറം ജില്ലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സംയോജിച്ച് നടപ്പിലാക്കുന്ന നവകേരളത്തിനായി ക്യാമ്പസുകൾ പദ്ധതി മലപ്പുറം ഗവൺമെന്റ് കോളേജിലും ഉദ്ഘാടനം ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ ഗ്രേഡ് കുറവുള്ള 143 സ്ഥാപനങ്ങൾ പുനസന്ദർശിച്ച് അവയെ ബി ഗ്രേഡിൽ നിന്നും എ ഗ്രേഡിലേക്ക് ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ വയനാട് ജില്ലയിൽ ആദ്യഘട്ടത്തിൽ പരിശോധന നടത്തിയ വിവിധ സ്ഥാപനങ്ങളിൽ A+, A ഗ്രേഡുകൾ ലഭിച്ച സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷന്റെ സർട്ടിഫിക്കറ്റ് ആർ പിമാർ വിതരണം ചെയ്തു വരുന്നു. 40 സ്ഥാപനങ്ങളിൽ വിതരണം പൂർത്തീകരിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ 500 സ്ഥാപനങ്ങളാണ് ഹരിതസ്ഥാപനമായി ടാർഗറ്റ് ചെയ്തിരുന്നത്. ഫെബ്രുവരി മാസത്തിൽ തന്നെ 500 ലധികം സ്ഥാപനങ്ങൾ ഹരിതസ്ഥാപനമാക്കി മാറ്റുവാൻ കഴിഞ്ഞിട്ടുണ്ട്. മാർച്ച് മാസം അവസാനം വരെ ജില്ലയിൽ 777 സ്ഥാപനങ്ങൾ സന്ദർശിച്ചപ്പോൾ 659 ഹരിതസ്ഥാപനങ്ങളെ കണ്ടെത്താൻ കഴിഞ്ഞു. മാർച്ച് മാസത്തിൽ 10 സ്ഥാപനങ്ങൾ പുനസന്ദർശിച്ച് അവയെ ബി ഗ്രേഡിൽ നിന്നും എ ഗ്രേഡിലേക്ക് ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ഹരിതസ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം മാർച്ച് മാസത്തിൽ ആരംഭിച്ചു. 536 ഹരിതസ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകളാണ് മാർച്ച് മാസത്തിൽ നൽകിയത് 383 സർട്ടിഫിക്കറ്റുകൾ ഇതുവരെയും നൽകിയിട്ടുണ്ട്. നല്ല പങ്കാളിത്തത്തോടെയാണ് സർട്ടിഫിക്കറ്റ് വിതരണം നടത്തിയത്.

**ഹരിത സ്ഥാപനം ത്രൈമാസ അവലോകനം**

| ഹരിത സ്ഥാപനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 823 | 737 | 1993 | 1821 | 4551 | 18 | 244 | 14 | 834 | 1368 | 2178 |
| ഫെബ്രുവരി | 543 | 506 | 2017 | 2587 | 5110 | 7 | 239 | 15 | 952 | 1107 | 2126 |
| മാർച്ച് | 504 | 1548 | 3072 | 4578 | 9198 | 33 | 2432 | 1 | 130 | 1360 | 4677 |
| ആകെ | 1870 | 2791 | 7082 | 8986 | 18859 | 58 | 2915 | 30 | 1916 | 3835 | 8981 |

### 8.1 വിലയിരുത്തൽ

സർക്കാരിന്റെ പ്രകടന പത്രികയിൽ സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടുവരും എന്ന് വാഗ്ദാനം നൽകിയിരുന്നു. മാർച്ച് മാസം വരെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന 8518 വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും നല്കിയിട്ടുണ്ട്. 15000 സ്ഥാപനങ്ങളെ ഹരിതസ്ഥാപന പദവിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിത കേരള മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, കോംപ്ലക്സുകൾ

തുടങ്ങിയവയിൽ വേണ്ട തരത്തിലുള്ള ബോധവത്ക്കരണം നടത്തി, കുറവുകൾ പരിഹരിക്കുന്നതിനുള്ള ഇടപെടലുകളും നടത്തിയാണ് സ്ഥാപനങ്ങളെ വിലയിരുത്തൽ നടത്തിയിട്ടുള്ളത്. അതിൽ വിജയിക്കുന്ന സ്ഥാപനങ്ങളെ ഹരിത സ്ഥാപനമായി പ്രഖ്യാപിക്കുന്നു. വലിയ തോതിലുള്ള ശ്രമമാണ് കഴിഞ്ഞ മൂന്ന് മാസമായി ഹരിത കേരളം മിഷൻ ജില്ലാ ടീമുകൾ നടത്തിയിട്ടുള്ളത്.

എല്ലാ ജില്ലകളിലും കൂടി 1870 യോഗങ്ങൾ ഇതുമായി ബന്ധപെട്ടു ഹരിത കേരളം മിഷൻ സംഘടിപ്പിച്ചിരുന്നു. 2791 ജനപ്രതിനിധികളും 16068 ഉദ്യോഗസ്ഥരും ഉൾപ്പെടെ 18859 പേർക്ക് ഹരിത സ്ഥാപനം എന്ന വിഷയത്തിൽ അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ 4831 പേർക്ക് ഹരിത സ്ഥാപനങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഈ മൂന്ന് മാസത്തിനുള്ളിൽ 3835 മനുഷ്യപ്രയത്ന ദിനങ്ങൾ ഹരിത കേരളം മിഷൻ ഉദ്യോഗസ്ഥർ ഈ സംരംഭത്തിനായി വിനിയോഗിച്ചിട്ടുണ്ട്. 8981 ജനങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാനും മിഷന് കഴിഞ്ഞിട്ടുണ്ട്.

## 9. വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 9.1) ഹരിത ടൂറിസം

- ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 79 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- കൊല്ലം ജില്ലയിൽ ഹരിത ടൂറിസത്തിന്റെ ഭാഗമായി ചിറ്റുമല ചിറയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാതയുടെ നിർമ്മാണം പൂർത്തീകരിച്ചു.സൌന്ദര്യവൽക്കരണത്തിനായി നട്ട മുളകൾ സംരക്ഷിക്കുന്നതിനായി തൈകൾക്ക് വണ്ടിയിൽ വെള്ളം കൊണ്ടുവന്ന് നനയ്ക്കുന്നുണ്ട്.
- കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ ചെമ്പകരാമനല്ലൂർ ചിറയിൽ ഹരിതടൂറിസത്തിൻറെ ഭാഗമായി ചിറയ്ക്ക് ചുറ്റുമുള്ള നടപ്പാത ഫെൻസിംഗ് നിർമ്മാണം, ഫ്ലോറിംഗ് എന്നിവ പൂർത്തീകരിച്ചു. ചക്കുവള്ളിചിറ ഹരിത ടൂറിസം പദ്ധതിയുടെ ഭാഗമായി ചിറയുടെ പ്രദേശത്ത് ടേക്ക് എ ബ്രേക്ക്, ഓപ്പൺ സ്റ്റേഡിയം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ജില്ലാ സ്പോട്സ് കൗൺസിൽ മുഖേന International Sports Summit Kerala യിൽ നിന്നും തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നവിഹിതം ലഭിക്കുന്നതിനായി വിശദമായ പ്ലാൻ, സ്കെച്ച് എന്നിവ തയ്യാറാക്കി പ്രോജക്റ്റ് സമർപ്പിച്ചിട്ടുണ്ട്.
- കോട്ടയം ജില്ലയിൽ ഇലവീഴാപൂഞ്ചിറ കൂടി ഹരിത ടൂറിസം പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുണ്ട്.
- ആലപ്പുഴ ജില്ലയിൽ പുന്നമട ഫിനിഷിംഗ് പോയിന്റ് മുതൽ കുരിശടി വരെ മെഗാ ക്ലിനിംഗ് നടത്തി പുല്ലായം ആക്കനടയിൽ പാതയോര സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ നടന്നു.

പാതിരമണലിൽ കുട്ടികൾക്ക് വേണ്ടിയുള്ള സൗഹൃദ പാർക്കിൽ കളി ഉപകരണങ്ങൾ സ്ഥാപിച്ചു.

- ❖ എറണാകുളം ജില്ലയിൽ ഹരിത ടൂറിസത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ പുതിയതായി അരീക്കൽ- പാമ്പാകുട ഗ്രാമപഞ്ചായത്ത്, കൊച്ചരിയിക്കൽ - പാമ്പാകുട ഗ്രാമപഞ്ചായത്ത്, പാണീയേലിപോര്- പെരുമ്പാവൂർ നഗരസഭ എന്നീ കേന്ദ്രങ്ങൾ കൂടി തിരഞ്ഞെടുത്തിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ ഹരിത ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അശാസ്ത്രീയമാലിന്യ സംസ്കരണം തടയുന്നതിനും ആയി രൂപീകരിച്ച ഹരിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം പുനസ്ഥാപിക്കുന്നതിന് ധാരണയായി. കൂടാതെ വഴികാട്ടാൻ വാഗമൺ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ച ബോട്ടിൽ ബൂത്തുകളും ഗ്രീൻ കൗണ്ടറുകളും റിപ്പയറിങ് ജോലികൾ പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിന് പദ്ധതിയിൽ ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ ഹരിത ടൂറിസവുമായി ബന്ധപ്പെട്ട് പീച്ചി ഡാമിലേയ്ക്കുള്ള വഴിയുടെ രണ്ടു ഭാഗത്തും ചെടികൾ വച്ച് പിടിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു
- ❖ പാലക്കാട് ജില്ലയിൽ വെള്ളിയാങ്കല്ല് പൈതൃക പാർക്കിൽ 2 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. മലമ്പുഴ ഗാർഡനിൽ 72 വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു. മലമ്പുഴ ഗാർഡനിൽ പ്രവർത്തനയോഗ്യമല്ലാത്തിരുന്ന 2 ശുചിമുറികൾ പ്രവർത്തനയോഗ്യമാക്കി.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിത ടൂറിസം സാധ്യതയുള്ള ഇടങ്ങൾ റിപ്പോർട്ട് കാലയളവിൽ വീണ്ടും സന്ദർശനം നടത്തി .ലോകനാർകാവിൽ റിപ്പോർട്ട് മാസം പൂരം മഹോത്സവം ഹരിതപൂരമാക്കി നടത്തി. IEC ബോർഡുകളും മറ്റ് താൽക്കാലിക മാലിന്യ സംസ്കരണ ഉപാധികളും റിപ്പോർട്ട് മാസം സ്ഥാപിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്ത ടൂറിസ്റ്റ് കേന്ദ്രങ്ങളായ കേളകത്ത് ടൂറിസം സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇക്കോ ടൂറിസം ഓഫീസിനോട് ചേർന്ന് 20 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പൈതൽ മലയുടെ അനുബന്ധ റോഡ് ടാറിങ് നടന്നു. ധർമടം ബീച്ചിനോടനുബന്ധിച്ച പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ശുചീകരണ പ്രവർത്തനങ്ങൾ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും നടന്നിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ 9 ടൂറിസ്റ്റ് കേന്ദ്രങ്ങളിലും എല്ലാ മാസവും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഡിടിപിസിയുടെ സഹകരണത്തോടെ കൈറ്റ് ബീച്ച് ഉദ്ഘാടനം മാർച്ച് മാസത്തിൽ ഉദ്ഘാടനം നടത്തി.

## ഹരിത ടൂറിസം ത്രൈമാസ അവലോകനം

| ഹരിത ടൂറിസം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 47 | 222 | 293 | 231 | 746 | 2 | 37 | 6 | 156 | 61 | 196 |
| ഫെബ്രുവരി | 26 | 150 | 144 | 102 | 396 | 0 | 0 | 0 | 0 | 31 | 158 |
| മാർച്ച് | 32 | 113 | 148 | 523 | 784 | 0 | 0 | 0 | 0 | 106 | 170 |
| ആകെ | 105 | 485 | 585 | 856 | 1926 | 2 | 37 | 6 | 156 | 198 | 524 |

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങൾ ആക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി മാർഗ്ഗരേഖ ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥാ പഠനം എല്ലാ ജില്ലകളിലും നടന്നു. വിനോദ സഞ്ചാരകേന്ദ്രത്തിന്റെ നിലവിലുള്ള സ്ഥിതി, സാധ്യത, പരിമിതി എന്നിവയും നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള മുൻഗണന

നിശ്ചയിക്കലും സൗകര്യങ്ങളുടെ കുറവ് കണ്ടു പിടിക്കുന്നതിനുമാണ് അവസ്ഥാ പഠനം നടത്തിയത്. അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും അവതരണവും നടന്നു വരുന്നു. പല സൗകര്യങ്ങളും ഉണ്ടെങ്കിലും അവ പര്യാപ്തമല്ലാത്തതും അല്ലെങ്കിൽ ഉപയോഗിക്കാൻ സാധിക്കാത്ത രീതിയിലുമാണുള്ളത് എന്നതാണ് അവസ്ഥ പഠനത്തിൽ നിന്നും മനസിലാക്കിയത്. അവസ്ഥ പഠനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രവർത്തികൾക്കും സമയക്രമം നിശ്ചയിച്ചിട്ടുണ്ട് .അവ ഓരോ മാസവും വിലയിരുത്തുന്നുണ്ട്. സമർപ്പിച്ച പല പ്രൊജെക്ടുകളും അനുമതി വാങ്ങുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട ഇടപെടലുകൾ നടക്കുന്നുണ്ട്.

ഈ മൂന്ന് മാസ കാലയളവിൽ തിരഞ്ഞെടുത്ത 79 ടൂറിസം സ്ഥലങ്ങളെ ഹരിത ടൂറിസം സ്ഥലങ്ങളായി മാറ്റുന്നതിന് നല്ല ഇടപെടലുകൾ ഹരിത കേരളം മിഷൻ ജില്ലാ ടീമുകൾ നടത്തിയിട്ടുള്ളത്. 105 യോഗങ്ങൾ ഇതുമായി ബന്ധപെട്ടു വിവിധ ജില്ലകളിൽ ഹരിത കേരളം മിഷൻ സംഘടിപ്പിച്ചിരുന്നു. 485 ജനപ്രതിനിധികൾ ഉൾപ്പെടെ 2643 ജനങ്ങളെ വിവിധ യോഗങ്ങൾ, പരിശീലനം, ഇടപെടൽ, എന്നിവയിൽ അണിനിരത്താൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

## 10. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

- 16466 മിനി മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (എം.സി.എഫ്)
- 1313 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (എം.സി.എഫ്)
- 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)
- 35352 ഹരിത കർമ്മ സേന അംഗങ്ങൾ.

| പ്രവർത്തനങ്ങൾ | |
|---|---|
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (ലക്ഷം) (വാർ റൂം ഡാറ്റ) | **77.11** |
| സംസ്ഥാനത്തു ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) (വാർ റൂം ഡാറ്റ) | **7.1** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്കു കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ) | **1047.101** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്കു കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ) | **2220.694** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്കു കൈമാറിയ ഇ-മാലിന്യം (ടൺ) | **12.064** |
| യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം(കോടി) (വാർ ഡാറ്റ) | **29.87** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCF-കളുടെ എണ്ണം | **1313** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCF-കളുടെ എണ്ണം | **16466** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | **138** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | **1027** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് വഴി എൻറോൾ ചെയ്ത കെട്ടിടങ്ങൾ (ലക്ഷം) | **76.24** |

- മാർച്ച് മാസത്തിൽ 1047.101 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 2220.694 ടൺ നിഷ്ക്രിയ

മാലിന്യങ്ങളും, 144.467 ടൺ ലെഗസി മാലിന്യങ്ങളും, 12.064 ടൺ ഇ-മാലിന്യങ്ങളും, 220.975 ടൺ ചില്ല് മാലിന്യവും 110.335 ടൺ തുണി മാലിന്യവും 7.560 ടൺ ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 23.445 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്തു.

- ❖ റിപ്പോർട്ട് മാസത്തിൽ യൂസർഫീ ഇനത്തിൽ 29.87 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് മാസത്തിൽ ഒരു ഹരിത കർമ്മസേന അംഗത്തിന് 8449 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയ്ക്കും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.
- ❖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വാർ റൂം ഡാറ്റയാണ് റിപ്പോർട്ടിൽ ഉൾകൊള്ളിച്ചു വന്നിരുന്നത്. എന്നാൽ വാർ റൂം ഡാറ്റ സൈറ്റിൽ കഴിഞ്ഞ മൂന്ന് മാസങ്ങളായി update / മാറ്റം വരുത്തിയിട്ടില്ല.
- ❖ വാർ റൂം ഡാറ്റാ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള 77.11 ലക്ഷം വീടുകളിൽ നിന്നും 7.1 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്.
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 76.24 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.
- ❖ തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട KSRTC ബസ്സ് സ്റ്റാന്റ് കോമ്പൗണ്ടിൽ പണികഴിപ്പിച്ച ടേക്ക് എ ബ്രേക്കിന്റെ ഉദ്ഘാടനം കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ. നിർവ്വഹിച്ചു.
- ❖ കൊല്ലം ജില്ലയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സദാനന്ദപുരം കാർഷിക വിജ്ഞാന കേന്ദ്രത്തിൽ വെച്ച് 5 ഗ്രാമപഞ്ചായത്തുകളിൽ നിന്നുമായി 26 ഹരിതകർമ്മസേന അംഗങ്ങൾക്ക് ഇനോക്കുലം നിർമ്മാണ പരിശീലനം നൽകി. ചവറ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയ്ക്ക് മാലിന്യശേഖരണത്തിനായി IRE യിൽ നിന്നും ഒരു ഇലക്ട്രിക് വാഹനം നൽകി.
- ❖ കൊല്ലം ജില്ലയിൽ മാർച്ച് മാസത്തിൽ അലയമൺ, നെടുവത്തൂർ ഗ്രാമപഞ്ചായത്തിലും ഹരിതമിത്രത്തിലൂടെ 100% വാതിൽപ്പടി ശേഖരണവും യൂസർഫീ കളക്ഷനും കൈവരിച്ചു.
- ❖ ആലപ്പുഴ ജില്ലയിലെ 25 ഗ്രാമ പഞ്ചായത്തുകളും ഒരു നഗരസഭയും 100% യൂസർഫീ കളക്ഷൻ കൈവരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മാതൃക പ്രവർത്തനം കാഴ്ചവെച്ച ഇരട്ടയാർ ഹരിത കർമ്മ സേനയ്ക്ക് ഹരിത കേരളം മിഷന്റെ ആദരവ് നൽകി.
- ❖ ഇടുക്കി ജില്ലയിൽ പാമ്പാടുംപാറ സ്കൂളിൽ 2 താൽക്കാലിക സോക്ക് പിറ്റുകളും, തുമ്പൂർമുഴിയുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.
- ❖ ഹരിത കേരളം മിഷൻ മാതൃക പദ്ധതി പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യ സംസ്കാരണത്തിനായി നിർമ്മാണം പൂർത്തീകരിച്ച തുമ്പൂർമുഴി കമ്പോസ്റ്റിംഗ് യൂണിറ്റ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്കിലെ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത്, മുളന്തുരുത്തി ബ്ലോക്കിലെ ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്, വൈപ്പിൻ ബ്ലോക്കിലെ എടവനക്കാട് ഗ്രാമ പഞ്ചായത്ത് എന്നീ പഞ്ചായത്തുകളെ മാലിന്യമുക്ത പഞ്ചായത്തുകളുമായി ആയി പ്രഖ്യാപിച്ചു. ഈ പഞ്ചായത്തുകളിൽ 100% യൂസർ ഫീ കളക്ഷൻ കൈവരിക്കുകയും ചെയ്തു.

- കാസർഗോഡ് ജില്ലയിലെ 6 ബ്ലോക്കുകളിലും ഹരിതകർമ്മസേന അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. കാമ്പയിൻ സെക്രട്ടറിയേറ്റിന്റെയും ഏകോപന സമിതിയുടെയും കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട്. ജില്ലാതലത്തിൽ മഴക്കാല പൂർവ്വ ശുചീകരണം യോഗം ചേർന്നു.

### 10.1 മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

കേരളത്തെ 2024 ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്തു ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്.

- മാലിന്യമുക്തം നവകേരളം രണ്ടാം ഘട്ട ക്യാമ്പയിന്റെ ഭാഗമായി 100 ശതമാനം വാതിൽപടി ശേഖരണം, അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകൾ പരിഹരിക്കൽ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, മാലിന്യമുക്തം നവക്രളം ക്യാമ്പയിനിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ വിവിധ പ്രവർത്തനങ്ങൾ ജില്ലാ തല ഏകോപന സമിതിയുടെ നേതൃത്വത്തിലും ക്യാമ്പയിൻ സെക്രട്ടറേറ്റിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്.

**ശുചിത്വ-മാലിന്യ സംസ്കരണ ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | ശുചിത്വ-മാലിന്യ സംസ്കരണ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 436 | 1736 | 2093 | 5251 | 9080 | 62 | 1294 | 19 | 1189 | 256 | 5962 |
| ഫെബ്രുവരി | 487 | 1985 | 2478 | 7019 | 11482 | 56 | 2883 | 11 | 699 | 387 | 2828 |
| മാർച്ച് | 304 | 1101 | 1450 | 4775 | 7326 | 4 | 411 | 5 | 340 | 449 | 1740 |
| ആകെ | 1227 | 4822 | 6021 | 17045 | 27888 | 122 | 4588 | 35 | 2228 | 1092 | 10530 |

## 11. ഗ്രീൻ പ്രോട്ടോകോൾ

- എറണാകുളം ജില്ലയിൽ മുളന്തുരുത്തി ബ്ലോക്കിലെ, ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിലെ അരയങ്കാവ് ഭഗവതി ക്ഷേത്രത്തിലെ ഉത്സവം ഹരിത പ്രോട്ടോകോൾ പാലിച്ചു നടത്തി.
- എറണാകുളം ജില്ലയിൽ കടവന്ത്ര സ്റ്റേഡിയത്തിൽ 03/03/2024 നടന്ന റസിഡൻസ് അസോസിയേഷനുകളുമായി ബഹു. മുഖ്യമന്ത്രിയുമായുള്ള മുഖാമുഖം പരിപാടി ഹരിത പ്രോട്ടോകോൾ പാലിച്ചുകൊണ്ടാണ് നടന്നത്.
- എറണാകുളം ജില്ലയിൽ ചെറായി പൂരവും, പള്ളത്താം കുളങ്ങര താലപ്പൊലിയും ഹരിത ചട്ട പ്രകാരം നടത്തുന്നതിനു സഹകരിച്ച വിജ്ഞാന വർദ്ധിനി സഭ, പള്ളത്താം കുളങ്ങര ഭഗവതി ദേവസ്വങ്ങളെയും ഹരിത കർമസേനേയും ഹരിത കേരളം മിഷൻ ആദരിച്ചു.

## 12. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാട്ടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാട്ടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും". മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ

പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ച് നിലവിൽ പ്രവർത്തിച്ച് വരുന്നു.

**12.1) സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI)** - കരിമ്പ് കൃഷിയിലെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനും വിളവ് വർധിപ്പിക്കുന്നതിനുമുതകുന്ന നൂതന സാങ്കേതിക കരിമ്പ് കൃഷി രീതി (Sustainable Sugarcane Initiative - SSI). മറയൂർ, കാന്തല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കി വരുന്നു. കാർഷിക ചിലവ് പകുതിയായി കുറക്കുക വിളവ് ഇരട്ടിയായി വർദ്ധിക്കുക,പ്രിസെഷൻ ഫാമിങ്, മണ്ണ് പരിശോധന, മൈക്രോ ഇറിഗേഷൻ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുക, ബഡ്സ് ചിപ്പിങ്ങിനായി ഓട്ടോമാറ്റിക് മെഷീനുകളുടെ സൗകര്യം ഉപയോഗിക്കുക എന്നെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**12.2) നെൽകൃഷി വികസനം** - അടിമാലി ഗ്രാമപഞ്ചായത്തിൽ തരിശായി ഇട്ടിരിക്കുന്ന ഏറ്റവും വലിയ പാടശേഖരമായ കൊരങ്ങാട്ടി പാടശേഖരത്തിൽ നെൽകൃഷി തിരിച്ചുകൊണ്ട് വരുന്നത്തിനുള്ള പ്രവർത്തങ്ങൾ നടന്നു വരുന്നു. പാടശേഖരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കനാലുകൾ നവീകരിക്കുന്നതും, വന്യമൃഗ ശല്യത്തിന് പരിഹാര മാർഗങ്ങൾ അവലംബിക്കുന്നതും, കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**12.3) പുൽതൈല കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും** - കർഷകർക്ക് വരുമാനം ഉറപ്പ് വരുത്തുന്നതിനായി പുൽതൈല കൃഷി 28 ഏക്കറിൽ കൂടി കൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ബാംഗ്ലൂരിലെ CIMAP അത്യുൽപ്പാദന ശേഷിയുള്ള കൃഷ്ണ ഇനം തൈല പുൽകൃഷി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. പുൽതൈലം വാറ്റിയെടുക്കുന്നതിനായി ആധുനിക രീതിയിലുള്ള 3 യൂണിറ്റുകൾ പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങളും പരിശീലനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**12.4) നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം** - പശ്ചിമ ഘട്ടത്തിന്റെ ജൈവ വൈവിധ്യത്തെക്കുറിച്ചും അവ സംരക്ഷിക്കേണ്ടത്തിന്റെ ആവശ്യകതയെ കുറിച്ചും പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഒരുക്കിയിരിക്കുന്ന സ്ഥാപനമാണ് നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം. വിജ്ഞാന കേന്ദ്രം ഇടുക്കി ജില്ലയിലെ അടിമാലി ഗവൺമെന്റ് ഹൈസ്കൂളിൽ സ്ഥാപിച്ചിരിക്കുന്നത്.

**12.5) മൂന്നാർ മാലിന്യ സംസ്കരണം** - മൂന്നാറിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നവകേരളം കർമ്മപദ്ധതിയുടെ നേതൃത്വത്തിൽ മൂന്നാർ സന്ദർശിച്ച് നേരിട്ട് സ്ഥിതി വിലയിരുത്തി അവസ്ഥ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള നിർദേശങ്ങളും പദ്ധതികൾക്കായുള്ള സ്കീം മാപ്പിങ്ങും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ നിർദേശങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

## 13. തനതു പ്രവർത്തനങ്ങൾ

- ❖ **ടേക്ക് എ ബ്രേക്ക്** - തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട ഗ്രാമ പഞ്ചായത്ത് കാട്ടാക്കട KSRTC ബസ്സ് സ്റ്റാന്റ് കോമ്പൗണ്ടിൽ പണികഴിപ്പിച്ച ടേക്ക് എ ബ്രേക്കിന്റെ ഉദ്ഘാടനം കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ. ഉദ്ഘാടനം നിർച്ചഹിച്ചു. ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തന ചുമതല കുടുംബശ്രീ ഏറ്റെടുക്കുകയും ചെയ്തു.
- ❖ **സുസ്ഥിര തൃത്താല** - പാലക്കാട് തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല. 2024 മാർച്ച് 13 ന തൃത്താല നിയോജകമണ്ഡലം ലൈഫ് ഗുണഭോക്തൃ സംഗമവും ഹരിത സൌരോർജ്ജ വരുമാന പദ്ധതി രജിസ്ട്രേഷൻ ക്യാമ്പയിൻ പരിപാടി തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി.എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു.

- **ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി** - പാലക്കാട് ജില്ലാ പഞ്ചായത്ത് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന സംയോജിത പരിപാടിയാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി. ജില്ലയിലെ ഏറ്റവും പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയെ വിവിധ പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധമാക്കുകയും ജലദൗർലഭ്യം പരിഹരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. ഇതിന്റെ തുടർച്ചയായി ജലാശയങ്ങളിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനും ജലാശയങ്ങളെയും പുഴയോരങ്ങളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും സഹായകരമായ ഒരു ജനകീയ പുഴയോര ശുചീകരണ പരിപാടിക്ക് പാലക്കാട് ജില്ലാ പഞ്ചായത്ത് നേതൃത്വം നൽകി. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടുകൂടിയാണ് ഈ ജനകീയ പരിപാടി ജില്ലയിൽ വിജയകരമായി പൂർത്തീകരിച്ചു. 40 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2224 പേർ പങ്കെടുത്തുകൊണ്ട് 33.47 കി.മീ ദൂരം പുഴയോരം 50 ദിവസങ്ങളിലായി ശുചീകരണം നടത്തി. ശുചീകരണം നടത്തിയ സ്ഥലങ്ങളിൽ ചെടികൾ വെച്ച് ഭംഗിയാക്കി. ശുചീകരിച്ച സ്ഥലങ്ങളിൽ 4 ഗ്രാമപഞ്ചായത്തുകളിലായി 6 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- **കാനാമ്പുഴയെ ശുചീകരിക്കാൻ വിദ്യാർത്ഥികളും** - കണ്ണൂർ ജില്ലയിൽ കാനാമ്പുഴയിൽ നിറഞ്ഞ പ്ലാസ്റ്റിക്ക് കുപ്പി ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കാൻ വിദ്യാർത്ഥികളും യുവജനങ്ങളും രംഗത്തിറങ്ങി. കണ്ണൂർ എസ്.എൻ കോളേജിലെ എൻഎസ്എസ് വിദ്യാർത്ഥികളും യുവജനക്ഷേമ ബോർഡിന്റെ വളണ്ടിയർമാരും നാട്ടുകാരും ചേർന്ന് ഹരിതകേരളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ ശുചീകരണം നടത്തിയത്. 2024 മാർച്ച് നാലിന് വൈകുന്നേരം മൂന്ന് മണി മുതലാണ് കാനാമ്പുഴ ശുചീകരണത്തിനായി വിദ്യാർത്ഥികളും യുവ ജനങ്ങളും ഹരിതകേരളം മിഷൻ ആർ.പിമാരും നാട്ടുകാരും ശുചീകരണത്തിനിറങ്ങിയത് - ഏതാണ്ട് നാലര കിലോമീറ്റർ ദൂരമാണ് ശുചീകരിച്ചത്.
- മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്ന് ആരംഭിച്ച് അറബിക്കടലിൽ അവസാനിക്കുന്ന കാനാമ്പുഴയെ വീണ്ടെടുക്കാൻ കഴിഞ്ഞ അഞ്ച് വർഷമായി നടപ്പിലാക്കിയ കർമ്മ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 6.40 കോടി രൂപ ഇതിനകം പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായ് ചെലവഴിച്ചിട്ടുണ്ട്. പുഴയുടെ ഇരുകരകളിലെ പാടശേഖരങ്ങൾ നെൽകൃഷിക്കായി ഉപയോഗപ്പെടുത്തി തുടങ്ങിയിട്ടുണ്ട്.
- **കണ്ണൂർ പെരളശ്ശേരിയിൽ സോളാർപാടം സജ്ജമായി** - ഗ്രാമപഞ്ചായത്തിലെ പിലാഞ്ഞിയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ തരിശ്ശായിക്കിടന്ന സ്ഥലത്ത് 150 കിലോ വാട്ട് ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ പ്രവർത്തന സജ്ജമായി. 1500 ചതുരശ്ര മീറ്റർ സ്ഥലത്ത് 545 വാട്ട് ശേഷിയുള്ള 276 സോളാർ പാനലുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ സോളാർ പവർ പ്ലാന്റിൽ നിന്നും പ്രതിദിനം ശരാശരി 600 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ആകും. ഉയർന്ന കാര്യക്ഷമതയുള്ളതും അതിനൂതനമായ മോണോ പെർക്ക് സാങ്കേതികവിദ്യ ഉപയോഗിച്ച് കൊണ്ടുള്ള സോളാർ പാനലുകളാണ് ഈ പദ്ധതിക്ക് വേണ്ടി ഉപയോഗിച്ചിട്ടുള്ളത്.
- റർബൻ പദ്ധതി പ്രകാരം 1.25 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് സോളാർ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത സൗരോർജ്ജ നിലയം കെഎസ്ഇബിയുടെ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് വേണ്ടി 600 മീറ്റർ 11 കെവിഎച്ച് ലൈൻ നിർമ്മിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസ്, പഞ്ചായത്തിന് കീഴിലുള്ള മറ്റു ഓഫീസുകൾ, അങ്കണവാടികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിദിന വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുവാൻ ഈ പ്ലാന്റിൽ നിന്നുള്ള വൈദ്യുതി കൊണ്ട് സാധിക്കും. പഞ്ചായത്തിലെ മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളും സോളാർ വൈദ്യുതിയിൽ പ്രവർത്തിപ്പിക്കുവാൻ കഴിയും.
- സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതി - ഹരിത കേരളം മിഷൻ നടപ്പിലാക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ജില്ലയിൽ നിന്നും

തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്താണ് പെരളശ്ശേരി. നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യത്തിലേക്കുള്ള പെരളശ്ശേരി പഞ്ചായത്തിന്റെ പ്രധാന ചുവടുവെപ്പാണ് ഈ ഉദ്യമം. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്ഥാപിക്കപ്പെടുന്ന കേരളത്തിലെ ആദ്യത്തെ ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ വൈദ്യുതി നിലയമാണിത്.

- കെ.എസ്.ഇ.ബി ഡിപ്പോസിറ്റ് വർക്ക് ഇനത്തിൽ ഉൾപ്പെടുത്തിയ പദ്ധതി പൊതുമേഖല സ്ഥാപനമായ ഇൻകെൽ ആണ് നടത്തിയത്. സോളാർ പ്ലാന്റിന്റെ ഉദ്ഘാടനം കേരള തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് മാർച്ച് 11ന് തിങ്കളാഴ്ച ഉച്ചക്ക് 12 മണിക്ക് വടക്കമ്പാട് വ്യവസായ എസ്റ്റേറ്റ് പരിസരത്ത് വെച്ച് നിർവഹിച്ചു.
- സൂര്യപ്രകാശത്തിൽ നിന്നുള്ള പ്രകൃതി സൗഹൃദ ഊർജ്ജ ഉല്പാദനം നടക്കുന്നതിനാൽ ആഗോളതാപനത്തിനെതിരെയുള്ള ക്രിയാത്മക പ്രവർത്തനമായി ഇതു മാറും. കാലാവസ്ഥാ വ്യതിയാനം അതിരൂക്ഷമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അന്തരീക്ഷത്തിലേക്ക് പുറത്തുവിടുന്ന കാർബൺ ഡയോക്സൈഡ് വാതകങ്ങളുടെ അളവ് കുറച്ചു കൊണ്ടുവരുവാൻ ഇതിലൂടെ സാധിക്കും. പ്രതിവർഷം 180 ടൺ കാർബൺ ഡൈ ഓക്സൈഡ് ബഹിർഗമനം ഒഴിവാക്കുവാൻ കഴിയും.
- **മാലിന്യനിർമാർജ്ജനത്തിന് പ്ലോഗിങ്** "പ്രകൃതി സൗഹൃദ പ്രഭാത നടത്തം" മാലിന്യ നിർമാർജന രംഗത്തെ നവീന ആശയം പ്ലോഗിങ് സംഘടിപ്പിച്ചു. പ്ലോഗിങ് എന്നാൽ ജോഗിങ് ആൻഡ് പിക്കിങ് എന്നാണ് അർഥം. നടത്തത്തിനിടയിലെ മാലിന്യ നിർമാർജ്ജനം. നമ്മുടെ ആരോഗ്യവും പരിസ്ഥിതിയും ഒരേസമയം സംരക്ഷിക്കപ്പെടുന്ന പ്രവ്യർത്തിയാണ്. 2016-ൽ സ്വീഡനിലാണ് ഈ ആശയത്തിന്റെ തുടക്കം, എറിക്ക് അഹിൽ സ്ട്രോങ്ങ് എന്ന സ്വീഡിഷ് പൗരനാണ് ഈ ആശയത്തിന്റെ ഉപജ്ഞാതാവ്, 40ൽ കൂടുതൽ രാജ്യങ്ങളിൽ ഇന്ന് പ്ലോഗിങ് സംഘടിപ്പിക്കപ്പെടുന്നുണ്ട്.
- കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തും ഹരിത കേരളമിഷനും നേതൃത്വത്തിലാണ് പ്ലോഗിങ് സംഘടിപ്പിക്കപ്പെട്ടത്, കച്ചവടക്കാർ, പ്രവാസികൾ, കുട്ടികൾ, കലാകാരന്മാർ, സ്കൂൾ ടീച്ചർ, റിട്ടയേർഡ് അധ്യാപകൻ, മുൻ വാർഡ് മെമ്പർ, സർക്കാർ ഉദ്യോഗസ്ഥൻ, സ്കൂൾ പിടിഎ പ്രതിനിധി എന്നിവരെല്ലാം താൽപര്യപൂർവ്വം പരിപാടിയിൽ പങ്കെടുത്തു എന്നത് നാടിന് ഗുണകരമായ നവീന ആശയങ്ങൾ ജനങ്ങൾ ഏറ്റെടുക്കും എന്നതിന്റെ തെളിവായി,
- സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെ ആവേശത്തോടെ പങ്കെടുത്ത പരിപാടി അക്ഷരാർത്ഥത്തിൽ വലിച്ചെറിയൽ മുക്ത സന്ദേശം പകർന്നു നൽകുന്ന ഒന്നായി മാറി,
- **മുഴക്കുന്ന് ജൈവ വൈവിധ്യ സർവേ** - മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ നാല് വാർഡുകളിലായി ബാവലി, പാലപ്പുഴ കരയിൽ ഉള്ള 136 ഏക്കർ നവകേരളം പച്ചത്തുരുത്തിലെ സസ്യവൈവിദ്ധ്യ സർവേ പൂർത്തിയായി. ഇവിടെ 190 ഇനങ്ങളിൽ പെട്ട 27200 മരങ്ങളും 9520 കുറ്റിച്ചെടികളും 5440 വള്ളിച്ചെടികളും കണ്ടെത്തി. നെറ്റ് സീറോ കാർബൺ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവ വൈവിദ്ധ്യബോർഡിന്റെ സഹായത്താൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ് മൂന്ന് മാസമായി നടന്നുവരുന്ന മരങ്ങളുടെയും, കുറ്റിചെടികളുടെയും, വള്ളികളുടെയും കണക്ക് എടുപ്പാണ് പൂർത്തിയായത്.
- പശ്ചിമഘട്ടത്തിൽ മാത്രം കണ്ടുവരുന്നതും അപൂർവമായതുമായ വെള്ളപ്പയിൻ, മോതിരക്കാഞ്ഞിരം, കാശാവ്, നീർമാതളം, ഇരുമുള്ളി, വാതംകൊല്ലി മരം, നീർക്കുരുണ്ട, ചെറുപുന്ന, ചേടാരം, ചീറ് വള്ളി, വള്ളി മന്ദാരം, പൂമാല ക്കുറിഞ്ഞി, മരച്ചെക്കി, കീഴ്ക്കൊലച്ചെക്കി, ആറ്റുകടമ്പ്, കടമ്പ്, മരോട്ടി, കാട്ട ശോകം, നായുരിപ്പ്, ഉരിപ്പ് തുടങ്ങിയ 20 ഇനം സസ്യ വൈവിദ്ധ്യങ്ങൾ ഇവിടെ കണ്ടെത്താൻ കഴിഞ്ഞു.
- ഇവ കൂടാതെ അയ്യപ്പൻകാവ് ഭാഗത്ത് ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നാല് വർഷമായി പരിപാലിച്ചുവരുന്ന ഏഴ് ഏക്കർ പച്ചത്തുരുത്തിൽ 107 ഇനങ്ങളിലായി 3000 മരങ്ങൾ നട്ടുവളർത്തിയിട്ടുമുണ്ട്. കണിച്ചാർ ഗ്രാമപഞ്ചായത്ത്

അതിർത്തിയിലെ കാഞ്ഞിരപ്പുഴ സന്ധിക്കുന്ന പെരുമ്പുന്ന മുതൽ ഇരിട്ടി നഗരസഭയോട് ചേർന്നുള്ള പായംമുക്ക് വരേയുള്ള ഭാഗത്താണ് ജൈവ വൈവിദ്ധ്യ വിദഗ്ധൻ വി സി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ നിഷാദ് മണത്തണ, എടത്തൊട്ടി ഡീപോൾ കോളേജ് ഗ്രീൻ ബ്രിഗേർഡ്, എൻഎസ്എസ് വിദ്യാർത്ഥികൾ എന്നിവർ ചേർന്നാണ് സസ്യവൈവിദ്ധ്യ സർവേ പൂർത്തിയാക്കിയത്.

- ❖ കണ്ടെത്തിയ സസ്യവൈവിദ്ധ്യങ്ങൾ പുസ്തക രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കും, പച്ചത്തുരുത്തിനോട് ചേർന്നുള്ള മലയോര ഹൈവേക്ക് അരികിൽ അഞ്ച് ഇടങ്ങളിലായി സോളാറിൽ പ്രവർത്തിക്കുന്ന ബോർഡ് സ്ഥാപിക്കും. ഇതിൽ മൊബൈലിൽ സ്കാൻ ചെയ്താൽ സസ്യങ്ങളുടെ പൂർണ്ണ വിവരങ്ങൾ ലഭിക്കുന്ന ക്യൂ ആർ കോഡും, ഈ സസ്യം തുരുത്തിൽ എവിടെയാണ് സ്ഥിതി ചെയ്യുന്നത് എന്നറിയാൻ ജിപിഎസുമായും ബന്ധിപ്പിക്കും. പൊതുജനങ്ങൾക്കും, സസ്യ ശാസ്ത്ര പഠന വിദ്യാർത്ഥികൾക്കും ഏറെ ഗുണകരമാകുന്നതാണ് ഈ പദ്ധതി. പച്ചത്തുരുത്തിലെ ഈ പ്രവൃത്തികൾക്കും അതിർത്തിയിൽ ജൈവ വേലി സ്ഥാപിക്കാനും മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടുണ്ട്.
- ❖ **പേരാവൂർ "മോഡൽ" പഠിക്കാൻ കോഴിക്കോട് ടീം** - പേരാവൂർ ബ്ലോക്കിലെ മുഴക്കുന്ന്, കേളകം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ വിവിധ മോഡൽ പദ്ധതികൾ പഠിക്കാൻ നവകേരളം കർമ്മപദ്ധതി കോഴിക്കോട് ജില്ലാ കോർഡിനേറ്റർ പ്രസാദിന്റെ നേതൃത്വത്തിലുള്ള റിസോഴ്സ് പേഴ്സൺമാരുടെ സംഘം എത്തി. മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻകാവ് പച്ചത്തുരുത്ത്, നെറ്റ് സീറോ കാർബൺ കേരളം പദ്ധതിയിൽ നടപ്പിലാക്കിയ 136 ഏക്കർ സസ്യവൈവിദ്ധ്യ ഡിജിറ്റൽ സർവേ, ഊർജ സംരക്ഷണത്തിൽ മികച്ച പ്രവർത്തനവും, ദേവഹരിതം പച്ചത്തുരുത്തും നിർമിച്ച് കേരളത്തിലെ ആദ്യ "നെറ്റ് സീറോ കാർബൺ ക്ഷേത്രം" ആയി മാറാൻ പദ്ധതി തയ്യാറാക്കിയ മൃദംഗ ശൈലേശ്വരി ക്ഷേത്രം, കേളകം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ "ഹരിത ടൂറിസം", നീരുറവ് പദ്ധതിയിൽ ജലസംരക്ഷണത്തിനായി ചീങ്കണ്ണിപുഴയിൽ പുഴങ്കല്ലിൽ നിർമിച്ച നൂറ് കണക്കിന് തടയണകൾ, പാലുകാച്ചി ഇക്കോ ടൂറിസം മോഡൽ എന്നിവയാണ് സംഘം സന്ദർശിച്ചത്.

  കേളകം ഗ്രാമപഞ്ചായത്ത് പാലുകാച്ചിമല, ചീങ്കണ്ണിപ്പുഴ, ആനമതിൽ, തടയണ നിർമിച്ച പ്രദേശങ്ങൾ എന്നിവയും സംഘം സന്ദർശിച്ചു. കെഇടിഎസ് നേതൃത്വത്തിൽ നിർമിച്ച ഓപ്പൺ ഓഡിറ്റോറിയം, ഹോം സ്റ്റേകൾ, സർവീസ് വില്ലകൾ, ഫാമുകൾ എന്നിവയും സംഘം സന്ദർശിച്ചു.
- ❖ **മഞ്ഞപ്പുഴ രാമൻപുഴ സമഗ്രവികസന പദ്ധതി - കോഴിക്കോട് ബാലുശ്ശേരി നിയോജക മണ്ഡലം** - മഞ്ഞപ്പുഴ പദ്ധതിയിൽ ശുചീകരണത്തിന് ശേഷം മാപ്പിംഗ് പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിലെ ഡാറ്റ ശേഖരിച്ചു വരുന്നു.
- ❖ **പാറക്വാറി റീച്ചാർജിങ്** - ഉപേക്ഷിക്കപ്പെട്ട പാറമടകളിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം, വേനൽ കാലത്ത് കൃഷി, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള സാധ്യത തേടി ഹരിത കേരള മിഷൻ വിവിധ പാറമടകൾ സന്ദർശിച്ചു വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ സാധ്യതയുള്ള 286 ക്വാറികൾ സംസ്ഥാനത്തു കണ്ടെത്തിയിട്ടുണ്ട്. സാധ്യതയുള്ള പാറമടകൾ ഹരിത കേരള മിഷൻ നേരിട്ട് പരിശോധിച്ച് ആയതിൽ ഏറ്റവും മുൻഗണന നൽകേണ്ടവ തിരഞ്ഞെടുത്തു നടപ്പിലാക്കുന്നതാണ്.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.03.2024 വരെ 4,03,558 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 31.01.2024 വരെ**

| നം | ലൈഫ് മിഷൻ/ വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| 2 | ലൈഫ് രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 2,95,841 |
| 3 | ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 25,481 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 28,670 |
| 5 | ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 886 |
| **ആകെ** | | **4,03,558** |

## ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം

**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) - 71,861
കരാറിലേർപ്പെട്ടവരുടെ എണ്ണം - 1,63,570
2023-24 വർഷം പൂർത്തീകരിച്ച വീടുകൾ - 63,518
നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ - 1,00,052

റൂഫ് - 10,270
ലിൻറിൽ - 15,564
ബേസ്മെന്റ് - 18,323
നിർമ്മാണം ആരംഭിച്ചവർ - 55,895
ആകെ - 1,00,052

| 2024 ഫെബ്രുവരി വരെ | 2024 മാർച്ച് മാസം | 2024 മാർച്ച് മാസം വരെ |
|---|---|---|
| 3,82,138 | 21,420 | 4,03,558 |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

വീട് വേണ്ടവർ - 8,342
വീടും സ്ഥലവും വേണ്ടവർ - 7,018
**ആകെ - 15,360**

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 3,921 പേരിൽ 1,864 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം**

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,69,262 |
| ഭൂരഹിത ഭവനരഹിതർ | 1,96,446 |
| **ആകെ** | **5,65,708** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2024 മാർച്ച് വരെ 92,948 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 10250 |
| കൊല്ലം | 33675 | 7239 |
| പത്തനംതിട്ട | 10399 | 4149 |
| ആലപ്പുഴ | 30512 | 7312 |
| കോട്ടയം | 17394 | 4840 |
| ഇടുക്കി | 26299 | 2735 |
| എറണാകുളം | 23345 | 6260 |
| തൃശ്ശൂർ | 27916 | 6,903 |
| പാലക്കാട് | 57949 | 7821 |
| മലപ്പുറം | 33631 | 17751 |
| കോഴിക്കോട് | 20894 | 7080 |
| വയനാട് | 17322 | 2602 |
| കണ്ണൂർ | 12236 | 4765 |
| കാസർഗോഡ് | 14450 | 3241 |
| ആകെ | 369262 | 92948 |

| 2023 ഫെബ്രുവരി വരെ | 2024 മാർച്ച് മാസം | 2024 മാർച്ച് വരെ |
|---|---|---|
| **84,482** | **8,466** | **92,948** |

**മനസ്സോടിത്തിരി മണ്ണ്** - മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2024 മാർച്ച് മാസം വരെ 3016.738 സെൻറ് (30.16738 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1588.072 സെൻറ് (15.88072 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി** - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി** - ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 22 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

**ഭൗതിക സൗകര്യ വികസനം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചിരുന്നു. നവകേരളം കർമ്മപദ്ധതി II വിദ്യാകിരണം മിഷന്റെ ഭാഗമായി കിഫ്ബി, പ്ലാൻഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി ഭൗതികസൗകര്യ വികസനം നടത്തുന്നു.

| കിഫ്ബി പദ്ധതി | തെരഞ്ഞെടുത്ത സ്കൂളുകളുടെ എണ്ണം | 2024 ജനുവരി മാസം വരെ പൂർത്തിയായ കെട്ടിടങ്ങൾ | 2024 ഫെബ്രുവരി മാസത്തിൽ പൂർത്തിയായ കെട്ടിടങ്ങൾ | 2024 മാർച്ച് മാസത്തിൽ പൂർത്തിയായ കെട്ടിടങ്ങൾ | ആകെ പൂർത്തിയായ കെട്ടിടങ്ങൾ | നിർമ്മാണ ഘട്ടത്തിലുള്ളത് |
|---|---|---|---|---|---|---|
| 5 കോടി | 141 | 137 | - | - | 137 | 4 |
| 3 കോടി | 386 | 166 | 1 | - | 167 | 219 |
| 1 കോടി | 446 | 168 | 16 | - | 184 | 262 |
| ആകെ | **973** | **471** | **17** | **-** | **488** | **485** |

**അക്കാദമിക പ്രവർത്തനങ്ങൾ**

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസിൽ കുട്ടികളുടെ ഭാഷാവികാസം സംബന്ധിച്ച അനുഭവങ്ങൾ ക്രോഡീകരിച്ച് 'ഒന്നാന്തരം മലയാളം' എന്ന പുസ്തകത്തിനായി ക്രിയേറ്റീവ് ശില്പശാല സംഘടിപ്പിക്കുകയും ഒരു പുസ്തകം ഫെബ്രുവരി അവസാന വാരം പ്രസിദ്ധീകരിക്കുകയും ചെയ്തു.

വിദ്യാകിരണം മിഷൻ നിലവിൽ വന്നശേഷം വിദ്യാഭ്യാസ രംഗത്ത് നടന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാനും ജനങ്ങളിലേക്ക് എത്തിക്കാനും സഹായകമായ മെറ്റീരിയൽ ഡെവലപ്മെന്റ് ശില്പശാല ഫെബ്രുവരി മാസത്തിൽ നടത്തുകയും 'നവകേരളം ജനകീയവിദ്യാഭ്യാസം' എന്ന ലഘുലേഖ ഫെബ്രുവരി അവസാന വാരം പ്രസിദ്ധീകരിക്കുകയും ചെയ്തു.

**പഠനോത്സവം:-** കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മകതയും ആസ്വാദനവും പരീക്ഷണവും നിരീക്ഷണവും കൗതുകവും കൃത്യതയും അനുഭവിച്ചറിയാനുള്ള വേദിയാണ് പഠനോത്സവം. എല്ലാ ജില്ലകളിലും വിപുലമായ രീതിയിൽ പരിപാടികൾ സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളും മേന്മകളും പ്രചരിപ്പിക്കാൻ പറ്റിയ പരിപാടികൾ കൂടിയായിരുന്നു ഇത്.

**മാർച്ച് മാസത്തിൽ ജില്ലകളിൽ നടന്ന തനത് പ്രവർത്തനങ്ങൾ**

**കൊല്ലം:** ജില്ലയിലെ വിവിധ സ്കൂളുകളിലായി മൂന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടിയായ 'സെൽഫ് ഡിഫൻസ്' എലിമെന്ററി തലത്തിൽ നടത്തി.

**ആലപ്പുഴ:** ജില്ലയിൽ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കും വൈദഗ്ധ്യത്തിനും അനുഗുണമായ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് STARS പദ്ധതിയുടെ ഭാഗമായി '**സ്കിൽ ഡെവലപ്മെന്റ് സെന്റർ**' ആരംഭിച്ചു. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബി ആർ സി പരിധിയിലുള്ള അമ്പലപ്പുഴ ഗവൺമെന്റ് മോഡൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലാണ് പദ്ധതി നടന്നുവരുന്നത്. ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസ് അസോസിയേറ്റ് എന്നീ കോഴ്സുകൾ ആണ് അമ്പലപ്പുഴ സ്കൂളിന് അനുവദിച്ചു നൽകിയത്. മാർച്ച് രണ്ടിന് പ്രവേശനോത്സവത്തോടുകൂടി ക്ലാസുകൾ ആരംഭിച്ചു.

❖ പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ ഗവേഷണ താല്പര്യവും ശാസ്ത്രബോധവും

സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ശിക്ഷാ കേരളയും കുസാറ്റും ആലപ്പുഴ ജില്ലയിൽ സംയുക്തമായി നടപ്പാക്കി വരുന്ന പദ്ധതിയാണ് STREAM എക്കോ സിസ്റ്റം. ജില്ലയിലെ STREAM ഹബ്ബ് നിലവിലുള്ള സ്കൂളിലെ അധ്യാപകർക്കും ബിആർസി പ്രവർത്തകർക്കും നിലവിൽ സെന്ററിൽ ലഭ്യമാക്കിയ ഉപകരണങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ദ്വിദിന പരിശീലനം സംഘടിപ്പിച്ചു.

**കോട്ടയം ജില്ലയിൽ നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**

- കോട്ടയം ജില്ലയിൽ പ്ലസ് 2 രണ്ടാം വർഷ വിദ്യാർത്ഥികളുടെ പൊതു പരീക്ഷയ്ക്ക് മുന്നോടിയായി തിയറി, പ്രാക്ടിക്കൽ പരീക്ഷകൾക്ക് ഓൺലൈൻ അക്കാദമിക സപ്പോർട്ട് നൽകുന്നതിനായി സ്കഫോൾഡ് എന്ന പദ്ധതി നടപ്പിലാക്കി. വിവിധ വിഷയങ്ങളിൽ സോണൽ അടിസ്ഥാനത്തിൽ '7പി.എം സപ്പോർട്ട്' എന്ന പ്രോഗ്രാമിൽ മുൻകൂട്ടി തയ്യാറാക്കിയ ടൈംടേബിളിന്റെ അടിസ്ഥാനത്തിൽ എല്ലാദിവസവും വൈകുന്നേരം 7 മണിക്ക് ഒരു മണിക്കൂർ വീതം വിദഗ്ധരായ അധ്യാപകർ ക്ലാസ് എടുത്തു. കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷയെ അഭിമുഖീകരിക്കാൻ ഈ ക്ലാസുകൾ സഹായകമായി. പ്ലസ് 2 രണ്ടാം വർഷ കുട്ടികളുടെ തുടർ പഠനത്തിനാവശ്യമായ പ്രവേശന പരീക്ഷകൾക്കുള്ള ഫീസ്, പഠനസാമഗ്രികൾ, പഠനത്തിനാവശ്യമായ പുസ്തകങ്ങൾ, റാങ്ക് ഫയലുകൾ, കോഴ്സ് ഫീസ് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി ഒരു കുട്ടിക്ക് പരമാവധി 10,000/- രൂപ വീതം അനുവദിച്ച് നൽകി.
- വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ കോട്ടയം ജില്ലയിൽ അനുവദിച്ച 15 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഗവൺമെന്റ് വി.എച്ച്.എസ്.എസ് കാണക്കാരിയിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. ഇലക്ട്രിക് വെഹിക്കിൾ സർവ്വീസ് ടെക്നീഷ്യൻ, ടെലികോം ടെക്നീഷ്യൻ എന്നീ ട്രേഡുകളിൽ ആകെ 50 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. ക്ലാസുകൾ നടന്നു വരുന്നു.
- 2023-24 വർഷം ജില്ലയിൽ നടപ്പിലാക്കിയ സ്കിൽ ഷെയർ പ്രോജക്ടുകളുടെ ജില്ലാതല അവതരണം ഏകദിന ശിൽപശാലയായി കോട്ടയം വെസ്റ്റ് ബി.ആർ.സിയിൽ വച്ച് നടത്തി സ്കിൽ ഷെയർ പ്രോജക്ടിനായി ജില്ലയിൽ തെരഞ്ഞെടുത്ത 5 സ്കൂളുകളിൽ നിന്നും കുട്ടികൾ പ്രോജക്ടിന്റെ അവതരണം നടത്തി വിദ്യാകിരണം ജില്ലാകോർഡിനേറ്റർ, പ്രോഗ്രാം ഓഫീസർ, സ്കിൽ ഷെയർ കോർഡിനേറ്റർ എന്നിവരും തെരഞ്ഞെടുക്കപ്പെട്ട 5 സ്കൂളുകളിലെ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരും പങ്കെടുത്തു.
- ജില്ലയിൽ L.E.A.P - സൈക്കോമെട്രിക് ടെസ്റ്റ് നടത്തി. എട്ടാം ക്ലാസ്സിലെ കുട്ടികളിൽ അഭിരുചി പരീക്ഷ നടത്തുകയും 10-ാം ക്ലാസ്സിൽ എത്തുമ്പോൾ അഭിരുചി മേഖല കൃത്യമായി കണ്ടെത്തുവാനും യോജിച്ച തൊഴിൽ മേഖല/ ഉപരിപഠന മേഖല എന്നിവയിലേയ്ക്ക് ഗൈഡൻസ് നൽകുകയാണ് LEAP എന്ന പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ഡി.ആർ.ജി ട്രെയിനിംഗും ബി.ആർ.സിതല പരിശീലനവും നൽകുകയുണ്ടായി. കുട്ടികൾക്ക് ഓൺലൈൻ ആയി ടെസ്റ്റ് നടത്തുകയും തുടർന്ന് കുട്ടികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ കുട്ടിയുടെ സോഷ്യൽ പ്രൊഫൈൽ ഫോം കൂടി ഫിൽ ചെയ്ത് ടെസ്റ്റ് റിസൽട്ടിന്റെയും സോഷ്യൽ പ്രൊഫൈലിന്റെയും അടിസ്ഥാനത്തിൽ കുട്ടിയും രക്ഷിതാവും ഗൈഡൻസ് എക്സ്പേർട്ടും കൂടി ഇരുന്ന് കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകുകയാണ് LEAP പദ്ധതിയിൽ ചെയ്ത് വരുന്നത്.
- പഠനത്തോടൊപ്പം പഠിതാവിന്റെ ഉള്ളിലുള്ള തൊഴിൽ അഭിരുചി കണ്ടെത്തുകയും അത് പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കി, നിരന്തര പരിശീലനത്തിലൂടെ സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ കുട്ടികളിൽ തൊഴിലെടുക്കാനുള്ള ആത്മവിശ്വാസവും സ്വയം സംരഭകത്വ ശീലവും വളർത്തുന്നതിന് ലക്ഷ്യമിടുന്ന ക്രാഫ്റ്റ് എന്ന പദ്ധതി ജില്ലയിൽ ആരംഭിക്കുന്നതിന് ജില്ലാതല ഡി.ആർ.ജി പരിശീലനം മാർച്ച് 13, 14, 15 തീയ്യതികളിൽ ഭരണങ്ങാനം ഓശാന

മൗണ്ടിൽ വച്ച് നടത്തി.

- ജില്ലയിൽ ക്രിയേറ്റീവ് കോർണർ അപ്പർ പ്രൈമറി ക്ലാസുകളിലെ വിവിധ വിഷയങ്ങളുടെ ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം പ്രവർത്തി പഠനത്തെ ഉദ്ഗ്രഥിച്ചുകൊണ്ട് പഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതവും സമൂഹബന്ധിതവും രസകരവും ആക്കുക എന്നതാണ് ക്രിയേറ്റീവ് കോർണറിലൂടെ ലക്ഷ്യമിടുന്നത്. ഇപ്രകാരം നടക്കുന്ന തൊഴിൽ ഉദ്ഗ്രഥിത പഠനത്തിൽ കുട്ടികൾക്ക് തങ്ങളുടെ അറിവും ശേഷികളും നൈപുണികളും വികസിപ്പിക്കുവാൻ സാധിക്കുന്നു. നിശ്ചയിച്ചിട്ടുള്ള പഠനലക്ഷ്യങ്ങൾ നേടുന്നതിനോടൊപ്പം തൊഴിലിനോടും തൊഴിലെടുക്കുന്ന വരോടുമുള്ള അനുകൂലമനോഭാവം വളർത്തിയെടുക്കുക. സ്വന്തം അഭിരുചികളെ തിരിച്ചറിയാനും വികസിപ്പിക്കാനുമുള്ള അവസരം ലഭ്യമാക്കുക എന്നിവയും ക്രിയേറ്റീവ് കോർണർ ലക്ഷ്യം വയ്ക്കുന്നു. ഈ പദ്ധതിയിൽ കോട്ടയം ജില്ലയ്ക്ക് അനുവദിച്ച ക്രിയേറ്റീവ് കോർണറുകളുടെ എണ്ണം 23 ആണ്. 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ ഈ 23 സ്കൂളുകളിൽ ക്രിയേറ്റീവ് കോർണറുകൾ സ്ഥാപിക്കുവാൻ കുസാറ്റുമായി ധാരണയായിട്ടുണ്ട്.
- ജില്ലയിൽ പുതുതായി ഓട്ടിസം സെന്റർ കോട്ടയം ഈസ്റ്റ് ബി ആർ സിയിൽ പാരഗൺ പ്രൈവറ്റ് ലിമിറ്റഡിന്റെ സി എസ് ആർ ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ മുതൽമുടക്കുള്ള പുതിയ ഓട്ടിസം സെന്ററിന്റെ നിമ്മാണം 80% പൂർത്തിയായി. കോട്ടയം വെസ്റ്റ് ബി.ആർ.സിയിൽ റൗണ്ട് ടേബിളിന്റെ സഹായത്തോടെ പുതിയ ഓട്ടിസം സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു കുറവിലങ്ങാട് ബി.ആർ.സിയിൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ ഓട്ടിസം സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാമ്പാടി ബി.ആർ.സിയുടെ കീഴിൽ ജി.യു.പി.എസ് മണർകാടിൽ ഓട്ടിസം സെന്റർ നിർമാണം പുരോഗമിക്കുന്നു.

**ഇടുക്കി** - ഇടുക്കി ജില്ലയിൽ നടന്ന പ്രത്യേക പരിപാടിയാണ് സ്കഫോൾഡ്. സമഗ്ര ശിക്ഷാ കേരളത്തിന്റെ ഭാഗമായി ജില്ലയിലെ രണ്ടാം വർഷ ഹയർ സെക്കണ്ടറി സ്കൂളിലെ തെരഞ്ഞെടുത്ത 25 കുട്ടികൾക്ക് തുടർ പഠനത്തിന് ആവശ്യമായ പ്രവേശന പരീക്ഷ ഫീസ്, പഠനത്തിന് ആവശ്യമായ സാമഗ്രികൾ, പുസ്തകങ്ങൾ, റാങ്ക് ഫയലുകൾ, കോഴ്സ് ഫീസ് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി ഒരു കുട്ടിക്ക് 10000/- രൂപ പ്രകാരം 2.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**പാലക്കാട്:** പാലക്കാട് ജില്ലയിൽ നടന്ന തനതായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- RAA **സയൻസ് ഫെസ്റ്റ് & ക്വിസ്**:- സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ യു.പി ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ശാസ്ത്രപഠനം അന്വേഷണാത്മകവും പ്രവർത്തനാധിഷ്ഠിതവുമാക്കുന്നതിന് വിവിധങ്ങളായ പരിശീലനം നടത്തി. ഇത് സമൂഹവുമായി പങ്കുവയ്ക്കുന്നതിനായി സയൻസ് ഫെസ്റ്റ് & സയൻസ് ക്വിസ് സംഘടിപ്പിച്ചു. സ്കൂൾ തലത്തിൽ വിജയികളായ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ബി ആർ സി തല പരിപാടിയും നടത്തി.
- **ഭിന്നശേഷി കുട്ടികൾക്കായി പ്രാദേശിക പഠനയാത്ര** :- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാദേശിക ചുറ്റുപാടുകളിലുള്ള വിവിധ സ്ഥാപനങ്ങൾ (ബാങ്ക്, പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, ഹൈപ്പർ മാർക്കറ്റ്, റെയിൽവെ സ്റ്റേഷൻ, കോടതി, കെ. എസ്. ആർ.ടി.സി ബസ് യാത്ര, അക്ഷയ കേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തുടങ്ങിയവ) പൊതുഗതാഗത സംവിധാനം പ്രയോജനപ്പെടുത്തി സന്ദർശിക്കുന്നതിനും അവിടത്തെ പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കുക, കുട്ടികളുടെ സർഗാത്മക പ്രകടനങ്ങൾക്ക് അവസരം ഒരുക്കുക, പ്രാദേശിക കൂട്ടായ്മകൾ സംഘടിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് പരമാവധി കുട്ടികൾക്ക് പ്രയോജനം ചെയ്യാവുന്ന വിധത്തിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.
- **സചിത്ര പാഠപുസ്തകം**:- കുട്ടികളിൽ വായന എളുപ്പമാക്കുന്നതിനായി 'സചിത്ര പുസ്തക' നിർമ്മാണ പരിശീലനം ജില്ലയിലെ എൽ.പി വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു. പാഠപുസ്തകത്തിലെ കഥ, കവിത, സംഭാഷണം എന്നിവയെ അടിസ്ഥാനമാക്കി

അധ്യാപകരുടെയും രക്ഷിതാക്കളുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ സചിത്ര പുസ്തക നിർമ്മാണ ശില്പശാല ആരംഭിച്ചു. 1, 2 ക്ലാസ്സിലെ കുട്ടികളിൽ വേഗവായന എളുപ്പമാക്കുന്നതിനും ഈ പദ്ധതി ഫലപ്രദമാകുമെന്ന് അഭിപ്രായപ്പെട്ടു. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനോപകരണ ശില്പശാലയിൽ കുട്ടി നേരിട്ട് അക്ഷരങ്ങളിലൂടെ വാക്കുകൾ വായിക്കാൻ പ്രാപ്തമാകുന്ന എന്നതാണ് ഈ ശില്പശാലയിലൂടെ ലക്ഷ്യമിടുന്നത്. ഓരോ പാഠഭാഗത്തിനും അടിസ്ഥാനമാക്കിയുള്ള സചിത്ര പുസ്തകത്തിലൂടെ കുട്ടിയുടെ ഭാഷാപഠനം രസകരവും എളുപ്പവുമായിത്തീരുന്നു.

- **സേവാസ്:-** സേവാസ് (SEVAS - Self Emerging Village through Advanced Support) സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ജില്ലയിൽ അഗളിയിലെ ഷോളയൂർ പഞ്ചായത്ത് തെരഞ്ഞെടുത്ത് ആ പഞ്ചായത്തിന്റെ സമഗ്ര വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വച്ച് എല്ലാ മേഖലയിലും സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിനായി SEVAS നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ എല്ലാ മേഖലയിലും ഇടപെടൽ നടത്തി പഞ്ചായത്തിനെ മാതൃകയാക്കുകയാണ് ഉദ്ദേശിക്കുന്നത്.
- **ചങ്ങാതിക്കൂട്ടം:-** പൂർണമായും കിടപ്പിലായ, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്തു വരുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനും സാമൂഹ്യ ഉൾച്ചേർക്കലിനും വേണ്ടി രൂപീകരിച്ച സമപ്രായക്കാരുടെ സൗഹൃദക്കൂട്ടായ്മയാണ് ചങ്ങാതിക്കൂട്ടം. ഒഴിവു ദിവസങ്ങളിലും, ആഘോഷദിവസങ്ങളിലും ചങ്ങാതിക്കൂട്ടം കിടപ്പിലായ കുട്ടികളുടെ വീടുകൾ സന്ദർശിച്ചു വരുന്നു. ക്രിസ്തുമസ്, പുതുവത്സരം ഇവയോടനുബന്ധിച്ച് കിടപ്പിലായ കുട്ടികളുടെ വീടുകളിൽ ചങ്ങാതിക്കൂട്ടത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ ജില്ലയിൽ ബി ആർ സി കൾ മുഖേന നടപ്പിലാക്കി.

**മലപ്പുറം:-** ജില്ലയിൽ നടന്ന തനതായ പ്രവർത്തനങ്ങൾ സമഗ്രശിക്ഷ കേരളയുടെ ഭാഗമായി നിലമ്പൂർ ബി.ആർ സിയുടെ നേതൃത്വത്തിൽ ഗോത്രവിഭാഗം ആൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന നേതാജി സുഭാഷ് ചന്ദ്രബോസ് ആവാസീസ് വിദ്യാലയത്തിൽ നിന്നും തലസ്ഥാന നഗരിയിലേക്ക് യാത്ര സംഘടിപ്പിച്ചു. ഒന്നു മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികൾ ആദ്യമായാണ് ട്രെയിൻ യാത്ര നടത്തുന്നത്. രണ്ടുദിവസത്തെ തലസ്ഥാന യാത്രയിൽ പ്ലാനിറ്റോറിയം, മ്യൂസിയം, മൃഗശാല, കോവളം ബീച്ച്, തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച കുട്ടികൾ ഏറെ സന്തോഷത്തിലായിരുന്നു. രണ്ടാമത്തെ ദിവസം സെക്രട്ടറിയേറ്റ് സന്ദർശിക്കുകയും മുഖ്യമന്ത്രിയെയും കായികവകുപ്പ് മന്ത്രി വി.അബ്ദുറഹിമാൻ, ഗതാഗത വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ, ജലവിഭവ വകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവരെയും സന്ദർശിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

- **അക്ഷരദിശ, വിജയസ്പർശം ഏകദിന ക്യാമ്പ്:-** കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വിജയസ്പർശം പദ്ധതിയുമായി ബന്ധപ്പെട്ട് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പ്രത്യേകം തെരഞ്ഞെടുത്ത പിന്തുണ ആവശ്യമായിട്ടുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു.
- **മലയാള മധുരം:-** പുസ്തകവിതരണം: ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളിൽ വായന പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർഴ്സ് ഫണ്ട് ഉപയോഗിച്ചു കൊണ്ട് സമഗ്ര ശിക്ഷാ കേരളം ഈ വർഷം നടപ്പിലാക്കുന്ന മലയാള മധുരം പരിപാടിയുടെ പുസ്തക വിതരണം നടന്നു. മധ്യവേനൽ അവധിക്കാലത്ത് ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തന പാക്കേജാണ്' 'മലയാള മധുരം.' കേരള ബുക്ക്മാർക്ക് വഴി എൽ പി സ്കൂളുകൾക്ക് ലഭ്യമാക്കിയ 69 പുസ്തകങ്ങളും സ്കൂൾ ലൈബ്രറിയിലെയും ക്ലാസ് ലൈബ്രറിയിലെയും പുസ്തകങ്ങളും ഉൾപ്പെടെ ഒരു കുട്ടിക്ക് നാല് വീതം പുസ്തകങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. മെയ് മാസത്തിൽ 4 പുസ്തകങ്ങൾ കൂടി കുട്ടികൾക്ക് വിതരണം ചെയ്യും. ഒന്ന്, രണ്ട് ക്ലാസുകളിൽ ഈ വർഷം നടപ്പിലാക്കിയ സചിത്ര പുസ്തകം, സംയുക്ത ഡയറി, ഭാഷോത്സവം, രചനോത്സവം,

ലോകമാതൃഭാഷാ ദിനാചരണം, സംയുക്ത ഡയറി അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് പി ടി എ ശിൽപശാലകൾ, ക്ലസ്റ്റർ പരിശീലനം, പിന്തുണാ സാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് മലയാള മധുരം പരിപാടി നടപ്പിലാക്കുന്നത്. അവധിക്കാലത്ത് കുട്ടികൾ വീടുകളിലായിരിക്കുമ്പോൾ ഭാഷാശേഷികളുടെ തുടർച്ച നിലനിർത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

**കോഴിക്കോട്:** പ്രീപ്രൈമറി കഥോൽത്സവം:- സമഗ്ര ശിക്ഷാ കേരളം ആവിഷ്കരിച്ച് നടപ്പാക്കുന്ന കഥോത്സവം ജില്ലയിൽ മികവുറ്റ രീതിയിൽ നടന്നു. പ്രി-പ്രൈമറിയിൽ ഈ അധ്യയന വർഷം നടപ്പിലാക്കുന്ന 10 ഉത്സവങ്ങളിൽ ആദ്യത്തേതാണ് കഥോത്സവം. പ്രീ സ്കൂൾ കുട്ടികൾക്ക് രസകരമായി ഉൾക്കൊള്ളാനും പ്രകടിപ്പിക്കാനും കഴിയുന്ന മികച്ച ഉപാധിയാണ്. കഥപറയലിലൂടെ ഭാഷാപരമായ ശേഷി നേടുന്നതിന് കുട്ടിക്ക് സാധിക്കുന്നു. പ്രൈമറി വിദ്യാലയങ്ങളിലെ ഭാഷായിടം, പ്രകടന ഇടം എന്നിവയുടെ സജീവത ഉറപ്പാക്കാൻ കഥോത്സവത്തിന് കഴിയും.

❖ **എക്സ്പോഷർ ട്രിപ്:-** ജില്ലയിലെ വിവിധ സ്കൂളുകളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാദേശിക ചുറ്റുപാടുകളിലുള്ള വിവിധ സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവ സന്ദർശിക്കാനും, അവിടുത്തെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനുമുള്ള അവസരം നൽകുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള എക്സ്പോഷർ ട്രിപ് ജില്ലയിലെ എല്ലാ ബി.ആർ സികളിലും നടന്നു.

**വയനാട്:**

❖ **പാർശ്വവൽകൃത വിദ്യാർഥികൾക്കായി റസിഡൻഷ്യൽ ക്യാമ്പുകൾ** :- ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. ഹയർസെക്കൻഡറി പൊതുപരീക്ഷകൾ എഴുതുന്ന പട്ടികവർഗവിഭാഗം വിദ്യാർഥികൾക്കായി വിദ്യാലയങ്ങളിൽ പൊതുപരീക്ഷയോടനുബന്ധിച്ച് റസിഡൻഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. അധ്യാപകരുടെയും രക്ഷാകർതൃ / സമിതികളുടെയും നേതൃത്വത്തിലാണ് പട്ടികവർഗ വികസന വകുപ്പിന്റെ സാമ്പത്തിക പിന്തുണയോടെ ക്യാമ്പുകൾ സംഘടിപ്പിച്ചത്. പൊതുവെ അക്കാദമിക പിന്നാക്കാവസ്ഥയുള്ള പട്ടികവർഗ വിദ്യാർഥികൾ പരീക്ഷ എഴുതുന്നത് ഉറപ്പുവരുത്തുന്നതിനും പ്രത്യേക അക്കാദമിക പിന്തുണ നൽകുന്നതിനുമാണ് ഒരു മാസം നീണ്ടുനിൽക്കുന്ന ക്യാമ്പുകൾ സംഘടിപ്പിച്ചത്. 20ൽ കൂടുതൽ പട്ടികവർഗവിദ്യാർഥികൾ പരീക്ഷയെഴുതുന്ന വിദ്യാലയങ്ങളിലാണ് ക്യാമ്പ് നടത്തിയത്.

❖ **സേവാസ് ക്യാമ്പുകൾ:-** പാർശ്വവൽകൃത മേഖലയിൽ വിദ്യാഭ്യാസ ഇടപെടലിനായി സമഗ്ര ശിക്ഷാ കേരളം നടപ്പാക്കുന്ന സേവാസ് പദ്ധതി നടപ്പാക്കുന്ന തിരുനെല്ലി പഞ്ചായത്തിൽ 100% കുട്ടികളെയും എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് എത്തിക്കുന്നതിന് ഇത്തവണ സാധിച്ചു. സേവാസ് പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി മാസത്തിൽ പഞ്ചായത്തിലെ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകളിൽ പൊതുപരീക്ഷ എഴുതുന്ന തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി പ്രത്യേക ക്യാമ്പുകളും അക്കാദമിക പിന്തുണയും സംഘടിപ്പിച്ചിരുന്നു. ഈ ഇടപെടലിലൂടെ തിരുനെല്ലി പഞ്ചായത്തിൽ മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത മുഴുവൻ കുട്ടികളെയും പരീക്ഷയ്ക്ക് ഇരുത്തുവാൻ കഴിഞ്ഞു (398 കുട്ടികൾ).

❖ **കണ്ണൂർ:** സൈക്കോമെട്രിക്ക് ടെസ്റ്റ്:- സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് കരിയർ ഗൈഡൻസിന്റെ ഭാഗമായി സൈക്കോ മെട്രിക്ക് ടെസ്റ്റ് ജില്ലയിൽ നടത്തി. തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് സൈക്കോമെട്രിക്ക് ടെസ്റ്റ് നടത്തുന്നതിന്റെ മുന്നോടിയായി ജില്ലാതല അധ്യാപകപരിശീലനം സംഘടിപ്പിച്ചു. പരിശീലനം ലഭിച്ച അധ്യാപകർ കുട്ടികൾക്ക് ടെസ്റ്റ് നടത്തി.

**കാസർഗോഡ്:** ജില്ലയിൽ നടത്തിയ തനതായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ക്രാഫ്റ്റ് - 24:-** സമൂഹത്തിലെ വിവിധ തൊഴിലുകൾ ക്ലാസ്റൂം പഠന വിഷയങ്ങളായ ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം, ഭാഷ തുടങ്ങിയ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് തിരിച്ചറിയാൻ ഉതകുന്ന വിധത്തിലുള്ള ഒരു പ്രവർത്തന പാക്കേജ് ആണ് ക്രാഫ്റ്റ്-24. എസ്.എസ്.കെ.യുടെ നേതൃത്വത്തിൽ 6, 7, 8 ക്ലാസിലെ വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

ഉൾച്ചേർത്തു കൊണ്ടുള്ള ക്രാഫ്റ്റ്-24 പ്രോഗ്രാമിന്റെ ജില്ലാതല റിസോഴ്സ് പേഴ്സൺമാർക്കുള്ള ത്രിദിന റസിഡൻഷ്യൽ പരിശീലനം മാർച്ച് 14, 15, 16 തീയതികളിലായി കൊടക്കാട് കദളീവനത്തിൽ വച്ച് നടന്നു.

ജില്ലയിലെ ഏഴ് ബി.ആർ.സി.കളിൽ നിന്നും സി.ആർ.സി.സി., സ്പെഷ്യലിസ്റ്റ് അധ്യാപകർ, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺമാരടക്കം ആകെ 49 പേർ പരിശീലനത്തിൽ പങ്കാളികളായി. 6, 7, 8 ക്ലാസുകൾക്കായുള്ള പ്രത്യേകം ഗ്രൂപ്പ് തിരിച്ചുള്ള പരിശീലനമാണ് മൂന്ന് ദിവസങ്ങളിലായി നടന്നത്. അളവു പാത്ര നിർമ്മാണം, എൽ.ഇ.ഡി. ബൾബ് റിപ്പയറിംഗ്, കളിപ്പാട്ട നിർമ്മാണം, പോഷകാഹാര നിർമ്മാണം, വാട്ടർ ടാങ്ക് ക്ലീനർ നിർമ്മാണം, ഗിഫ്റ്റ് ബോക്സ് നിർമ്മാണം, കൃഷി, അക്വാപോണിക്സ്, ക്രിയേറ്റീവ് ഡിസൈനിംഗ് തുടങ്ങിയ പ്രവർത്തനങ്ങളുടെ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പരിശീലനമാണ് നൽകിയത്.

- **സൈക്കോമെട്രിക് ടെസ്റ്റ്:-** സമഗ്രശിക്ഷ കേരളയും ASAP KERALAയും സംയുക്തമായി ഓരോ ബി.ആർ.സി. പരിധിയിലെയും എട്ടാം തരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കൃത്യമായ മാർഗനിർദ്ദേശങ്ങളും കൗൺസിലിങ്ങും പിന്തുണയും നൽകി പത്താം തരം കഴിയുമ്പോഴേക്കും അവരുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് അവരുടെ കഴിവിനനുസൃതമായ മേഖലകളിലേക്ക് കുട്ടികളെ എത്തിക്കുക എന്നതാണ് സൈക്കോമെട്രിക് ടെസ്റ്റു കൊണ്ട് ലക്ഷ്യമാക്കുന്നത്. ജില്ലയിൽ തെരഞ്ഞെടുത്ത സ്കൂളുകളിലെ എട്ടാം തരത്തിലെ കുട്ടികൾക്ക് ഈ ടെസ്റ്റ് നടത്തി. ഒന്നാം ഘട്ടപ്രവർത്തനം പൂർത്തീകരിച്ചു.
- **സധൈര്യം:-** സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ലിംഗനീതിയും തുല്യതയും ഉറപ്പ് വരുത്താൻ പെൺകുട്ടികൾക്കായി 'സധൈര്യം' സ്വയം പ്രതിരോധ പരിശീലനം വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു. രാജ്യത്തെ പെൺകുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് കണക്കിലെടുത്ത് അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്കൂളുകളിൽ അവർക്ക് സ്വയം പ്രതിരോധ പരിശീലനം നൽകേണ്ടത് പ്രധാനമാണ്. ചുറ്റുപാടുകളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകാനും എപ്പോൾ വേണമെങ്കിലും അപ്രതീക്ഷിതമായി തയ്യാറെടുക്കാനും പെൺകുട്ടികളെ സഹായിക്കുന്ന ഒരു ജീവിത നൈപുണ്യമാണ് സ്വയം പ്രതിരോധ പരിശീലനം. പെൺകുട്ടികളെ ബൗദ്ധികമായും ആപത്ഘട്ടങ്ങളിൽ മാനസികമായും ശാരീരികമായും സ്വയം സംരക്ഷിക്കാൻ, പര്യാപ്തമാക്കാൻ പഠിപ്പിക്കുന്നു. സ്കൂളുകളിൽ സധൈര്യം പ്രവർത്തനം പൂർത്തീകരിച്ചു.
- **വായനാഗ്രാമം:-** ഉച്ചയ്ക്കൊരുല്ലാസം ഗ്രാമാന്തരങ്ങളിലേക്ക് (ജി.യു.പി.എസ്.പിലിക്കോട്) :- വായനശീലത്തിന്റെ അഭാവം വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വല്ലാതെ കുറച്ച് കളയുന്നു. ഈ പ്രശ്നം പരിഹരിക്കാൻ 2024 ജനുവരി മുതൽ മാർച്ച് വരെ സ്കൂളിൽ നടപ്പാക്കിയ 'ഉച്ചയ്ക്കൊരുല്ലാസം' പരിപാടി അവധിക്കാലങ്ങളിൽ ഗ്രാമങ്ങളിലേക്കും വ്യാപിപ്പിച്ചു. വായനഗ്രാമം എന്ന് പേരിട്ട ഈ തനതു പരിപാടിയുടെ ഔദ്യോഗികമായ പ്രഖ്യാപനം വാർഷികാഘോഷ വേദിയിൽ വച്ച് നടന്നു. പഴയ കാലത്ത് കുട്ടികൾക്ക് വീടുകളിൽ തന്നെ കഥകൾ കേട്ട് വളരാനുള്ള സാഹചര്യമൊരുക്കിയിരുന്നു. ഭാഷയും ഭാവനയും വളർത്തുന്ന ആ കഥകൾ ഒരു തരത്തിൽ സമാന്തരമായൊരു വിദ്യാഭ്യാസം തന്നെയാണ്. രണ്ട് മാസക്കാലം കൊണ്ട് ഇരുന്നൂറിലേറെ കഥകൾ കുട്ടികൾ കേട്ടതാണ്. അത്ര ഒഴുക്കോടെ വായിക്കാൻ പ്രയാസം നേരിടുന്ന ചില കുട്ടികൾ വരെ മൈക്കിനു മുന്നിൽ വന്നു നിന്ന് കഥ വായിച്ച് മറ്റുള്ളവരെ കേൾപ്പിക്കാനുള്ള ആത്മവിശ്വാസം നേടി. പഠന പ്രവർത്തനത്തിന്റെ ഭാഗമായുള്ള എഴുത്തിന് പോലും മടിയുള്ള കുട്ടികൾ വരെ കഥ എഴുതാൻ തയ്യാറായി. ഇതിന് ഫലപ്രദമായ തുടർച്ച സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. വായനഗ്രാമം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് അതാണ്. പ്രദേശത്തെ വായനശാലകളുടെയും ക്ലബ്ബുകളുടെയും എഴുത്തുകാരുടെയും വായനക്കാരുടെയും അധ്യാപകരുടെയും അകമഴിഞ്ഞ സഹായം ഇതിനായി ലഭിക്കുന്നുണ്ട്.
- **ബഡ്ഡിംങ് റൈറ്റേഴ്സ്:-** വായനയുടെ വിശാല ലോകത്തേക്കുള്ള വഴി തുറന്ന് രചനയുടെ വ്യത്യസ്ത രസതന്ത്രങ്ങൾ തേടി കുട്ടി എഴുത്തുകാർ പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷ

കേരളവും സംഘടിപ്പിച്ച ബഡ്ഡിംഗ് റൈറ്റേഴ്സ് എന്ന പദ്ധതിയിൽ വൈവിധ്യം നിറഞ്ഞ സാഹിത്യ രചനകളെ തൊട്ടറിഞ്ഞു. വിദ്യാലയങ്ങളിലെ പരിപോഷണ പ്രവർത്തനങ്ങൾ സജീവമാക്കാനും രചനാശേഷികളെ വികസിപ്പിക്കാനും വിലയിരുത്തലിലൂടെ മികച്ച സൃഷ്ടികളാക്കി മാറ്റാനും പര്യാപ്തമാകും വിധത്തിൽ വിദ്യാലയങ്ങളിൽ വായനക്കൂട്ടം, എഴുത്തുകൂട്ടം എന്ന പരിപാടി സംഘടിപ്പിക്കുയുണ്ടായി.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 6 (22%) | 14 |
| മൂന്നാം ഘട്ടം | 8 | 1 (13%) | 4 |
| **ആകെ** | **43** | **13 (30%)** | **18** |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 76 | 53 (70%) | 8 |
| രണ്ടാം ഘട്ടം | 75 | 13 (17%) | 22 |
| **ആകെ** | **151** | **66 (44%)** | **30** |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 170 | 166 (98%) | 1 |
| രണ്ടാം ഘട്ടം | 504 | 435 (86%) | 16 |
| മൂന്നാം ഘട്ടം | 212 | 82 (39%) | 32 |
| **ആകെ** | **886** | **683 (77%)** | **49** |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ )

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി. ഒന്നാം ഘട്ടം സർവേയുടെ ഭാഗമായി 1,54,26,116 (87%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 9,13,479 (5.9%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 27,91,006 (18%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 1,13,029 (0.7%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 4,38,450 (2.8%) പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടന്നു വരുന്നു. സർവേ വഴി ജീവിതശൈലീ രോഗസാദ്ധ്യത കണ്ടെത്തിയവരിൽ 26,75,539 പേരുടെ സ്ക്രീനിങ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ 8,04,891 (30.1%) പേർക്ക് രക്താതിമർദ്ദവും 68,283 (2.6%) പേർക്ക് പ്രമേഹവും പുതുതായി കണ്ടെത്തി.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 16,55,406 (10.7%) പേരുടേയും പ്രമേഹം മാത്രമുള്ള 13,37,381 (8.7%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 6,26,552 (4.1%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ടത്തിന്റെയും ശൈലി ആപ്പിന്റെ പുതിയ പതിപ്പിന്റെയും (ശൈലി 2.0) ഉത്ഘാടനം 2024 ഫെബ്രുവരി 15ന് ബഹു: ആരോഗ്യ വകുപ്പ് മന്ത്രി നിർവഹിച്ചു. ഇഹെൽത്ത് രൂപകല്പന ചെയ്യുന്ന ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ

പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സർവേ നടത്തുന്നത്. സർവേയിൽ രോഗസാദ്ധ്യത കണ്ടെത്തുന്നവരെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ തുടർപരിശോധനയ്ക്ക് വിധേയരാക്കും. രണ്ടാം ഘട്ട സർവ്വേയുടെ ഭാഗമായുള്ള ചോദ്യാവലിയിൽ കുഷ്ഠരോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ, കാഴ്ച/കേൾവി പ്രശ്നങ്ങൾ, വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ മുതലായവ കണ്ടെത്താനുള്ള ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

❖ രണ്ടാം ഘട്ട സർവ്വേ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട വിവിധ ശിൽപശാലകളും പരിശീലന പരിപാടികളും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പുരോഗമിക്കുന്നു.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്

❖ വാർഷിക ആരോഗ്യ പരിശോധനയുടെ ആദ്യ ഘട്ടത്തിൽ 9,13,479 (5.9%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്.

❖ ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാൻസർ കെയർ സ്യൂട്ടിന്റെ ഭാഗമായി ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. ഈ പോർട്ടൽ വഴി ഇതുവരെ 48,554 വ്യക്തികളുടെ പരിശോധന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വായിലെ കാൻസർ, ഗർഭാശയഗള കാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

❖ കേരളത്തെ സെർവിക്കൽ (ഗർഭാശയഗള) ക്യാൻസർ വിമുക്ത സംസ്ഥാനമാക്കുന്നത് സംബന്ധിച്ച ചർച്ച ചെയ്യാൻ ബഹു. മുഖ്യമന്ത്രി വിളിച്ച ചേർത്ത യോഗത്തിൽ സെർവിക്കൽ ക്യാൻസർ നിർമ്മാർജ്ജനത്തിനായി സമർപ്പിച്ചിരിക്കുന്ന റോഡ് മാപ്പ് അംഗീകരിക്കുവാനും വാക്സിനേഷൻ പ്ലാൻ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുവാനും തീരുമാനിച്ചു.

❖ ഇതിന്റെ ഭാഗമായി ബഹു. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രി വിളിച്ച ചേർത്ത ക്യാൻസർ കെയർ ബോർഡ് യോഗത്തിൽ വയനാട്, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് പദ്ധതിയായി സെർവിക്കൽ ക്യാൻസറിനുള്ള വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് റ്റു ക്ലാസ്സുകളിലുള്ള വിദ്യാർഥിനികൾക്ക് നൽകുന്നതിന് തീരുമാനിച്ചു. സെർവിക്കൽ ക്യാൻസർ നിർമാർജ്ജനത്തിനായി തയ്യാറാക്കിയ റോഡ് മാപ്പ് അംഗീകരിച്ചു കൊണ്ടും, വയനാട്, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ സെർവിക്കൽ ക്യാൻസറിനുള്ള വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് റ്റു ക്ലാസ്സുകളിലുള്ള വിദ്യാർഥിനികൾക്ക് സ്കൂളുകൾ മുഖേന നൽകുന്നതിന് തീരുമാനിച്ചു കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

## 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ച് കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- ❖ കാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, AMR പരിശോധന മുതലായവ ഈ സംവിധാനം വഴി പരിശോധിക്കാനാകും.
- ❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് വേണ്ടി വിശദമായ മാപ്പിങ് ടൂൾ തയ്യാറാക്കി ജില്ലകളിലേക്ക് നൽകുകയും ജില്ലകളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തിയാക്കുകയും ചെയ്തു. ജില്ലകളിൽ നിർണ്ണയ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിവിധ ഡൊമൈനുകളിൽ ഉൾപ്പെടുന്ന പരിശോധനകൾ പൂർത്തീകരിക്കുവാൻ സാധിക്കുന്ന സ്പോക്കുകളുടേയും പ്രാഥമിക, ദ്വിതീയ ഹബ് ലാബുകളുടെയും മാപ്പിംഗ് നടത്തി ജില്ലകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകളും കോട്ടയം ജില്ലയിൽ എഎംആർ, കാൻസർ, മൈക്രോബയോളജി ടെസ്റ്റുകളും, തൃശ്ശൂർ ജില്ലയിൽ എഎംആർ ടെസ്റ്റുകളും കൊല്ലം ജില്ലയിൽ എഎംആർ, കാൻസർ ടെസ്റ്റുകളും ഹബ്ബ് ആന്റ് സ്പോക്ക് ലാബ് സംവിധാനത്തിലൂടെ നടന്നു വരുന്നു.
- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 35 തരം പരിശോധനകൾക്ക് ഹബ്ബ് ആൻഡ് സ്പോക്ക് നെറ്റ്‌വർക്ക് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.
- ❖ സംസ്ഥാനത്തെ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് 20/03/2024ന് ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.
- ❖ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ പാലക്കാട്, കണ്ണൂർ ഒഴികെ എല്ലാ ജില്ലകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ച് 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.
- ❖ എല്ലാ ജില്ലകളിലെയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി.
- ❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 28 ആയുർവേദ ഡോക്ടർമാർക്കും 46 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 754 ആയുർവേദ ഡോക്ടർമാർക്കും 327 പാരാമെഡിക്കൽ സ്റ്റാഫിനും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങൾ നൽകി.
- ❖ നിലവിൽ സംസ്ഥാനത്ത് 1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ (ISM) ന്റെ

കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

- എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ കാൻസർ സെന്ററിലും മലബാർ കാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുവാൻ തീരുമാനമായി. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- വാർഷിക ആരോഗ്യ പരിശോധനയുടെ ആദ്യഘട്ട സർവേയിൽ 1,09,322 കിടപ്പുരോഗികളും 1,91,108 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 46,22,747 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു.
- കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) 2024 ഫെബ്രുവരി മാസം ആരംഭിച്ചു. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ ആദ്യമായി ആണ് ഇങ്ങനെ ഒരു കോഴ്സ് നടപ്പിലാക്കുന്നത്. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 235 പേർ പരിശീലനം നേടി വരുന്നു.
- സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ' എന്ന പേരിൽ ഒരു ക്യാമ്പയിനും ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്യുവർക്ക് സർക്കാർ/എൻ.ജി.ഒ/സി.ബി.ഒ മേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പിന്തുണയോടെ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ പരിശീലനം നൽകും.

## 6) ഏകാരോഗ്യ സമീപനം (One Health Initiative)

- വൺ ഹെൽത്ത് പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചു.
- വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി.
- പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായം ലഭ്യമായിട്ടുണ്ട്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു.
- ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) - വൺ ഹെൽത്ത് – ആർ കെ ഐ (കേരള പുനർനിർമ്മാണ പദ്ധതി) എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.
- ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാൻ ജില്ലാതല എ.എം.ആർ. (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) കമ്മിറ്റികൾക്കുള്ള പ്രവർത്തന മാർഗരേഖ പ്രസിദ്ധീകരിച്ചു. ബ്ലോക്ക് തല എ.എം.ആർ. കമ്മിറ്റികൾക്കുള്ള മാർഗരേഖ നേരത്തെ തന്നെ പ്രസിദ്ധീകരിച്ചിരുന്നു. ഇതുകൂടാതെയാണ് സംസ്ഥാനത്ത് ആദ്യമായി ജില്ലാതല എ.എം.ആർ. കമ്മിറ്റികൾക്കുള്ള പ്രവർത്തന മാർഗരേഖ പ്രസിദ്ധീകരിക്കുന്നത്.
- എറണാകുളം ജില്ല ജില്ലാതല ആന്റിബയോഗ്രാം തയ്യാറാക്കിയതോടെ ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കാർസാപ്പിന്റെ ഭാഗമായി ശാക്തീകരിച്ച ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലൂടെ രാജ്യത്തെ ആദ്യത്തെ ജില്ലാതല ആന്റിബയോഗ്രാം തയ്യാറാക്കുന്ന സംസ്ഥാനമായി കേരളം മാറി. എല്ലാ ജില്ലകളിലും ബ്ലോക്കുകളിലും നേരത്തെ തന്നെ

രൂപീകരിച്ചിരുന്ന എ.എം.ആർ കമ്മിറ്റികളുടെ പ്രവർത്തനഫലമായാണ് എറണാകുളം ജില്ലയിൽ ഇത് സാധ്യമായത്.

- ❖ കാർസാപ് അവലോകന യോഗത്തിൽ ജില്ലാതല ആന്റിബയോഗ്രാമിനോടൊപ്പം ലോക എ.എം.ആർ. അവബോധ വാരാചരണത്തോടനുബന്ധിച്ചും ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായും കേരളം ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുള്ള പുസ്തകവും പുറത്തിറക്കി.
- ❖ കൂടുതൽ ആശുപത്രികളെ കാർസ്നെറ്റ് ശൃംഖലയിലേക്കും ആന്റിബയോട്ടിക് സ്മാർട്ടിലേക്കും മാറ്റിയിട്ടുണ്ട്.
- ❖ സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് പ്രവർത്തനമാരംഭിച്ചു. ജില്ലാ തലത്തിൽ District Programme Management & Support Unit (DPMSU)-കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ ലോക ബാങ്ക് ആദ്യ വർഷത്തേക്ക് നിശ്ചയിച്ച എല്ലാ സൂചകങ്ങളും ജില്ല നേടിയെടുത്തിട്ടുണ്ട്, വൺ ഹെൽത്ത് ജില്ലാ മെന്റർമാരെ നിയോഗിച്ചു. 50 തദ്ദേശ സ്ഥാപനങ്ങളിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചു.
- ❖ കോട്ടയം ജില്ലയിൽ ജില്ലാ എ.എം.ആർ ലാബ് പ്രവർത്തനക്ഷമമാണ്. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രിസ്ക്രിപ്ഷൻ കൂടാതെ മരുന്നുകൾ നൽകരുതെന്ന നിർദ്ദേശം മെഡിക്കൽ ഷോപ്പുകൾക്ക് നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു.
- ❖ മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കിലും എ എം ആർ കമ്മിറ്റി രൂപീകരിച്ചു. പബ്ലിക് ഹെൽത്ത് ലാബിൽ എ എം ആർ ലാബ് സംവിധാനം സ്ഥാപിച്ച് കൾച്ചർ ടെസ്റ്റുകൾ ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശക്തമായി നടന്നു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജന്തുജന്യ രോഗങ്ങൾക്കെതിരായ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ പ്രത്യേക കർമ്മപദ്ധതി പ്രകാരം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.
- ❖ പമ്പാ ബേസിൻ ജില്ലകളിൽ സമൂഹാധിഷ്ഠിത രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി 2,50,000 സന്നദ്ധസേവകർക്ക് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി വിന്യസിക്കുക എന്നതായിരുന്നു ഏകാരോഗ്യ പരിപാടിയുടെ രണ്ടാം വർഷ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം 2024 മാർച്ച് പകുതിയോടെ കൈവരിക്കാനായി.
- ❖ ഏകാരോഗ്യം പരിപാടി നടപ്പിലാക്കിവരുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലായി നിലവിൽ 2,53,726 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നല്കി വിന്യസിച്ചിട്ടുണ്ട്. ഇവരിൽ 2,21,674 പേർ കമ്മ്യൂണിറ്റി വോളണ്ടിയർമാരും 32,052 പേർ കമ്മ്യൂണിറ്റി മെന്റർമാരുമാണ്. രോഗസാദ്ധ്യതാ നിരീക്ഷണമാണ് ഈ സന്നദ്ധ പ്രവർത്തകരുടെ ഉത്തരവാദിത്തം. ഇത്തരത്തിൽ പൊതുജനാരോഗ്യത്തെ ബാധിക്കുന്ന സംഭവങ്ങൾ പ്രാദേശികതലത്തിൽ കണ്ടെത്തി റിപ്പോർട്ടു ചെയ്യുന്നതിനായി ഒരു പഞ്ചായത്ത് വാർഡ്/ മുനിസിപ്പാലിറ്റി ഡിവിഷനിൽ ഏഴ് കമ്മ്യൂണിറ്റി മെന്റർമാരും 49 കമ്മ്യൂണിറ്റി വോളണ്ടിയർമാരുമടക്കം 56 സന്നദ്ധ പ്രവർത്തകരെയാണ് ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി വിന്യസിച്ചിട്ടുള്ളത്.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ

പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

- കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.
- പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത് തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി.
- കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.
- ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്ടർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.
- ഇടുക്കി ജില്ലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 2021-22 ൽ 40% ന് മുകളിൽ ക്ഷയരോഗത്തിന്റെ ഇൻസിഡൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് സബ്-നാഷണൽ സർട്ടിഫിക്കേഷനിൽ സിൽവർ മെഡൽ ലഭിക്കുകയുണ്ടായി.
- തൃശ്ശൂർ ജില്ലയിൽ കാലാ അസർ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടില്ല. മന്ത്, മലേറിയ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ ചികിത്സ. മൈഗ്രന്റ് സക്രീനിംഗ് , വെക്ടർ സർവെയിലൻസ് എന്നിവ നടന്നു വരുന്നു. മിസ്റ്റ് ടീം ഡേ നൈറ്റ് ക്യാമ്പുകൾ നടത്തിവരുന്നു.
- പാലക്കാട് ജില്ലയിൽ മന്ത് രോഗ നിവാരണവുമായി ബന്ധപ്പെട്ട് എംഡിഎ അസ്സെസ്സ്മെന്റ് സർവേയിൽ എംഎഫ് നിരക്ക് 1% കൂടുതലുള്ള 2 ബ്ലോക്കുകളിൽ ഒരു റൗണ്ട് എംഡിഎ തുടരാൻ തീരുമാനിച്ചു. ജില്ലയിൽ 2022 ൽ തദ്ദേശീയമായ കേസ് കണ്ടെത്തിയതിനെ തുടർന്ന് മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലയിൽ അവസാന കാലാ അസർ കേസ് കണ്ടെത്തിയത് 2021-ലാണ്. തുടർന്ന് ഫീൽഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, 2022-ൽ നടത്തിയ തുടർ സർവേയിൽ പുതിയ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 84 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. 34 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 47 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായവ | 3 |
| നിർമ്മാണം പുരോഗമിക്കുന്നവ | 34 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.

- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേനഅംഗങ്ങൾക്ക് മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു.19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി, 70 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന നടക്കുന്നു
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ അടിമാലി, ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു.
- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു. IAV, IGIB, RGCB, NIV തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.ഇതിനായി SHSRCയിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRCയുടെയും 19 എണ്ണത്തിന് IECയുടെയും അംഗീകാരം ലഭിച്ചു.
- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടികയിലുള്ളവരിൽ നിന്നും ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്
- നിലവിൽ SHSRCയുടെ ആഭിമുഖ്യത്തിൽ 36 ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 20 എണ്ണത്തിന്റെ വിവരശേഖരണവും ഡാറ്റാ അനാലിസിസും പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ വിവരശേഖരണ ഘട്ടത്തിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ ന്റെ ധനസഹായത്തോടെ 4 പദ്ധതികളും KSACS/NACOയുടെ ധനസഹായത്തോടെ 6 പദ്ധതികളും നടന്നു വരുന്നു.
- SHSRCയുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിനായി പരിശീലന സഹായികൾ, പരീക്ഷാ സാമഗ്രികൾ തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തിയിട്ടുണ്ട്.
- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ട് ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.

## മാർച്ച് മാസത്തെ പ്രവർത്തനങ്ങൾ

- മാർച്ച് മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. മാർച്ച് മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 740 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1444 യോഗങ്ങൾ മാർച്ച് മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 389 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 304 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 115 യോഗങ്ങളും, ജല ബജറ്റിനായി 152 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 76 യോഗങ്ങളും, പച്ചത്തുരുത്തിനായി 107 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 36 ജില്ലാ തല യോഗങ്ങളും 103 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 926 തദ്ദേശ സ്വയംഭരണ യോഗങ്ങളും 312 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി മാർച്ച് മാസത്തിൽ കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 4662 ജനപ്രതിനിധികളും 7519 ഉദ്യോഗസ്ഥരും, 14486 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 26667 പേർ മാർച്ച് മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 55 ശില്പശാലകൾ നടത്തുകയും ആയതിൽ 3700 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 47 പരിശീലനങ്ങൾ മാർച്ച് മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 1614 പേർ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി മാർച്ച് മാസത്തിൽ 3444 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 14126 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി മാർച്ച് മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

## ത്രൈമാസ അവലോകനം – ജനുവരി, ഫെബ്രുവരി, മാർച്ച്

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 5037 യോഗങ്ങൾ കഴിഞ്ഞ മൂന്ന് മാസങ്ങളിൽ നടന്നിട്ടുണ്ട്. ഇതിൽ 14483 ജനപ്രതിനിധികളും 22978 ഉദ്യോഗസ്ഥരും 43207 വിവിധ മേഖലയിൽ പെട്ട ജന വിഭാഗവും, ഭാഗഭാക്കായി. കഴിഞ്ഞ മൂന്ന് മാസങ്ങളിൽ നടന്നിട്ടുള്ള യോഗങ്ങളിൽ ആകെ 80668 പേർ പങ്കെടുത്തിട്ടുണ്ട്.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട യോഗങ്ങളിലാണ് ഏറ്റവും പ്രാതിനിധ്യം ഉണ്ടായത് . മൂന്ന് മാസങ്ങളിലായി 1227 യോഗങ്ങൾ നടന്നു. ഇതിൽ 4822 ജനപ്രതിനിധികൾ, 6021 ഉദ്യോഗസ്ഥർ 17045 മറ്റുള്ളവർ ഉൾപ്പെടെ 27888 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ഏറ്റവും കൂടുതൽ യോഗങ്ങൾ സംഘടിപ്പിച്ചതിട്ടുള്ളത് സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങൾ ആക്കുന്ന പ്രവർത്തനത്തിലാണ്. മൂന്ന് മാസങ്ങളിലായി 1404 യോഗങ്ങൾ നടന്നു. ഇതിൽ 2073 ജനപ്രതിനിധികൾ, 5401 ഉദ്യോഗസ്ഥർ 3526 മറ്റുള്ളവർ ഉൾപ്പെടെ 11000 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.

- ❖ വിദ്യാലയങ്ങളെ ഹരിത വിദ്യാലയമാക്കുന്ന പദ്ധതിയിലും വലിയ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 466 യോഗങ്ങൾ നടന്നു. ഇതിൽ 718 ജനപ്രതിനിധികൾ, 1681 ഉദ്യോഗസ്ഥർ 5460 മറ്റുള്ളവർ ഉൾപ്പെടെ 7859 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ❖ ജല ബജറ്റ് ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 337 യോഗങ്ങൾ നടന്നു ഇതിൽ 1272 ജനപ്രതിനിധികൾ, 1426 ഉദ്യോഗസ്ഥർ 1437 മറ്റുള്ളവർ ഉൾപ്പെടെ 4135 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ❖ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളിൽ മൂന്ന് മാസങ്ങളിലായി 92 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 326 യോഗങ്ങൾ നടന്നു. ഇതിൽ 1546 ജനപ്രതിനിധികൾ, 2133 ഉദ്യോഗസ്ഥർ 5750 മറ്റുള്ളവർ ഉൾപ്പെടെ 8509 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്. വലിയ തോതിലുള്ള പ്രാതിനിധ്യം ഈ വിഷയത്തിന് ജനങ്ങൾ നൽകുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.
- ❖ ഹരിത ചട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 229 യോഗങ്ങൾ നടന്നു ഇതിൽ 531 ജനപ്രതിനിധികൾ, 1543 ഉദ്യോഗസ്ഥർ 2183 മറ്റുള്ളവർ ഉൾപ്പെടെ 4257 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.

## ഹരിതകേരളം മിഷൻ പദ്ധതികളുടെ ത്രൈമാസ പ്രവർത്തനങ്ങളുടെ സംഗ്രഹം

### പ്രവർത്തനം

| സ്കീം / പ്രവർത്തിയുടെ പേര് | മാസം | നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളുള്ള ജനപങ്കാളിത്തം | ആകെ ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ജില്ലാതലം | ബ്ലോക്ക്തലം | പഞ്ചായത്ത്തലം | നഗരസഭാ/കോർപറേഷൻതലം | സ്ഥാപനതലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| കളക്ടറുടെ ജില്ലാ യോഗം | ജനുവരി | 5 | 0 | 0 | 0 | 0 | 5 | 0 | 51 | 0 | 51 | 0 | 0 | 0 | 0 | 0 | 0 | 51 |
| | ഫെബ്രുവരി | 1 | 0 | 0 | 0 | 0 | 1 | 0 | 4 | 0 | 4 | 0 | 0 | 0 | 0 | 0 | 0 | 4 |
| | മാർച്ച് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | 6 | 0 | 0 | 0 | 0 | 6 | 0 | 55 | 0 | 55 | 0 | 0 | 0 | 0 | 0 | 0 | 55 |
| ജില്ലാ മിഷൻ യോഗം | ജനുവരി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | ഫെബ്രുവരി | 2 | 0 | 0 | 0 | 0 | 2 | 5 | 33 | 6 | 44 | 0 | 0 | 0 | 0 | 0 | 0 | 44 |
| | മാർച്ച് | 1 | 0 | 0 | 0 | 0 | 1 | 4 | 20 | 1 | 25 | 0 | 0 | 0 | 0 | 0 | 0 | 25 |
| | ആകെ | 3 | 0 | 0 | 0 | 0 | 3 | 9 | 53 | 7 | 69 | 0 | 0 | 0 | 0 | 0 | 0 | 69 |
| തദ്ദേശ മിഷൻ യോഗം | ജനുവരി | 2 | 3 | 23 | 2 | 0 | 30 | 206 | 201 | 617 | 1024 | 4 | 508 | 0 | 0 | 0 | 0 | 1532 |
| | ഫെബ്രുവരി | 0 | 4 | 4 | 0 | 0 | 8 | 51 | 63 | 181 | 295 | 0 | 0 | 0 | 0 | 4 | 59 | 354 |
| | മാർച്ച് | 0 | 0 | 9 | 0 | 0 | 9 | 38 | 44 | 9 | 91 | 0 | 0 | 0 | 0 | 56 | 0 | 91 |
| | ആകെ | 2 | 7 | 36 | 2 | 0 | 47 | 295 | 308 | 807 | 1410 | 4 | 508 | 0 | 0 | 60 | 59 | 1977 |
| മാലിന്യ സംസ്കരണം | ജനുവരി | 32 | 50 | 263 | 32 | 59 | 436 | 1736 | 2093 | 5251 | 9080 | 62 | 1294 | 19 | 1189 | 256 | 5962 | 17525 |
| | ഫെബ്രുവരി | 24 | 102 | 272 | 26 | 63 | 487 | 1985 | 2478 | 7019 | 11482 | 56 | 2883 | 11 | 699 | 387 | 2828 | 17892 |
| | മാർച്ച് | 23 | 38 | 177 | 26 | 40 | 304 | 1101 | 1450 | 4775 | 7326 | 4 | 411 | 5 | 340 | 449 | 1740 | 9817 |
| | ആകെ | 79 | 190 | 712 | 84 | 162 | 1227 | 4822 | 6021 | 17045 | 27888 | 122 | 4588 | 35 | 2228 | 1092 | 10530 | 45234 |
| ഹരിത വിദ്യാലയം | ജനുവരി | 1 | 7 | 56 | 13 | 156 | 233 | 313 | 615 | 1418 | 2346 | 10 | 142 | 12 | 747 | 289 | 1369 | 4604 |
| | ഫെബ്രുവരി | 0 | 0 | 28 | 5 | 85 | 118 | 117 | 567 | 1978 | 2662 | 5 | 185 | 10 | 783 | 262 | 654 | 4284 |
| | മാർച്ച് | 1 | 1 | 69 | 1 | 43 | 115 | 288 | 499 | 2064 | 2851 | 33 | 2432 | 1 | 130 | 360 | 1064 | 6477 |
| | ആകെ | 2 | 8 | 153 | 19 | 284 | 466 | 718 | 1681 | 5460 | 7859 | 48 | 2759 | 23 | 1660 | 911 | 3087 | 15365 |
| ഹരിത ഓഫീസ് | ജനുവരി | 3 | 19 | 238 | 22 | 308 | 590 | 424 | 1378 | 403 | 2205 | 8 | 102 | 2 | 87 | 1079 | 809 | 3203 |
| | ഫെബ്രുവരി | 1 | 5 | 122 | 18 | 279 | 425 | 389 | 1450 | 609 | 2448 | 2 | 54 | 5 | 169 | 845 | 1472 | 4143 |
| | മാർച്ച് | 1 | 11 | 239 | 12 | 126 | 389 | 1260 | 2573 | 2514 | 6347 | 0 | 0 | 0 | 0 | 1000 | 3613 | 9960 |
| | ആകെ | 5 | 35 | 599 | 52 | 713 | 1404 | 2073 | 5401 | 3526 | 11000 | 10 | 156 | 7 | 256 | 2924 | 5894 | 17306 |
| ഹരിത ടൂറിസം | ജനുവരി | 4 | 7 | 32 | 3 | 1 | 47 | 222 | 293 | 231 | 746 | 2 | 37 | 6 | 156 | 61 | 196 | 1135 |
| | ഫെബ്രുവരി | 1 | 3 | 19 | 1 | 2 | 26 | 150 | 144 | 102 | 396 | 0 | 0 | 0 | 0 | 31 | 158 | 554 |
| | മാർച്ച് | 2 | 6 | 21 | 1 | 2 | 32 | 113 | 148 | 523 | 784 | 0 | 0 | 0 | 0 | 106 | 170 | 954 |
| | ആകെ | 7 | 16 | 72 | 5 | 5 | 105 | 485 | 585 | 856 | 1926 | 2 | 37 | 6 | 156 | 198 | 524 | 2643 |
| മാപത്തോൺ | ജനുവരി | 0 | 0 | 13 | 0 | 0 | 13 | 82 | 68 | 162 | 312 | 0 | 0 | 0 | 0 | 62 | 64 | 376 |
| | ഫെബ്രുവരി | 0 | 0 | 46 | 2 | 2 | 50 | 415 | 280 | 266 | 961 | 4 | 120 | 0 | 0 | 98 | 151 | 1232 |
| | മാർച്ച് | 0 | 0 | 25 | 0 | 0 | 25 | 128 | 117 | 103 | 348 | 8 | 198 | 1 | 12 | 92 | 182 | 740 |
| | ആകെ | 0 | 0 | 84 | 2 | 2 | 88 | 625 | 465 | 531 | 1621 | 12 | 318 | 1 | 12 | 252 | 397 | 2348 |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ജല ബജറ്റ് | ജനുവരി | 0 | 14 | 82 | 3 | 4 | 103 | 314 | 303 | 494 | 1111 | 7 | 154 | 0 | 0 | 185 | 553 | 1818 |
| | ഫെബ്രുവരി | 1 | 16 | 60 | 1 | 4 | 82 | 446 | 525 | 507 | 1478 | 8 | 255 | 3 | 39 | 203 | 443 | 2215 |
| | മാർച്ച് | 0 | 17 | 128 | 6 | 1 | 152 | 512 | 598 | 436 | 1546 | 4 | 117 | 12 | 331 | 339 | 720 | 2714 |
| | ആകെ | 1 | 47 | 270 | 10 | 9 | 337 | 1272 | 1426 | 1437 | 4135 | 19 | 526 | 15 | 370 | 727 | 1716 | 6747 |
| നീരുറവ് | ജനുവരി | 2 | 13 | 62 | 4 | 2 | 83 | 154 | 291 | 143 | 588 | 1 | 83 | 1 | 55 | 120 | 190 | 916 |
| | ഫെബ്രുവരി | 2 | 7 | 24 | 0 | 1 | 34 | 153 | 223 | 385 | 761 | 3 | 80 | 2 | 62 | 85 | 323 | 1226 |
| | മാർച്ച് | 0 | 16 | 57 | 1 | 0 | 74 | 258 | 368 | 327 | 953 | 0 | 0 | 0 | 0 | 155 | 422 | 1375 |
| | ആകെ | 4 | 36 | 143 | 5 | 3 | 191 | 565 | 882 | 855 | 2302 | 4 | 163 | 3 | 117 | 360 | 935 | 3517 |
| നീരുറവ്/ ജലബജറ്റ് സാങ്കേതിക സമിതി യോഗം | ജനുവരി | 1 | 4 | 22 | 0 | 0 | 27 | 39 | 213 | 23 | 275 | 0 | 0 | 0 | 0 | 54 | 23 | 298 |
| | ഫെബ്രുവരി | 2 | 5 | 24 | 1 | 0 | 32 | 48 | 182 | 72 | 302 | 0 | 0 | 0 | 0 | 31 | 26 | 328 |
| | മാർച്ച് | 0 | 4 | 12 | 0 | 0 | 16 | 73 | 116 | 105 | 294 | 0 | 0 | 0 | 0 | 25 | 81 | 375 |
| | ആകെ | 3 | 13 | 58 | 1 | 0 | 75 | 160 | 511 | 200 | 871 | 0 | 0 | 0 | 0 | 110 | 130 | 1001 |
| നെറ്റ് സീറോ കാർബൺ | ജനുവരി | 1 | 1 | 41 | 5 | 12 | 60 | 358 | 375 | 1262 | 1995 | 11 | 1110 | 11 | 515 | 95 | 1328 | 4948 |
| | ഫെബ്രുവരി | 6 | 1 | 90 | 2 | 24 | 123 | 701 | 1172 | 2492 | 4365 | 10 | 1059 | 17 | 620 | 136 | 999 | 7043 |
| | മാർച്ച് | 2 | 3 | 58 | 7 | 0 | 70 | 272 | 332 | 1545 | 2149 | 3 | 251 | 26 | 681 | 154 | 1214 | 4295 |
| | ആകെ | 9 | 5 | 189 | 14 | 36 | 253 | 1331 | 1879 | 5299 | 8509 | 24 | 2420 | 54 | 1816 | 385 | 3541 | 16286 |
| പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | ജനുവരി | 0 | 0 | 23 | 1 | 10 | 34 | 108 | 123 | 185 | 416 | 0 | 0 | 4 | 82 | 33 | 174 | 672 |
| | ഫെബ്രുവരി | 0 | 0 | 21 | 0 | 12 | 33 | 89 | 101 | 255 | 445 | 0 | 0 | 0 | 0 | 12 | 93 | 538 |
| | മാർച്ച് | 0 | 0 | 6 | 0 | 0 | 6 | 18 | 30 | 11 | 59 | 0 | 0 | 0 | 0 | 24 | 26 | 85 |
| | ആകെ | 0 | 0 | 50 | 1 | 22 | 73 | 215 | 254 | 451 | 920 | 0 | 0 | 4 | 82 | 69 | 293 | 1295 |
| കാർഷിക പ്രവർത്തനങ്ങൾ | ജനുവരി | 2 | 0 | 42 | 5 | 7 | 56 | 205 | 150 | 856 | 1211 | 8 | 569 | 0 | 0 | 121 | 121 | 1901 |
| | ഫെബ്രുവരി | 0 | 0 | 43 | 3 | 5 | 51 | 221 | 288 | 826 | 1335 | 2 | 23 | 0 | 0 | 67 | 132 | 1490 |
| | മാർച്ച് | 0 | 1 | 46 | 4 | 8 | 59 | 186 | 252 | 508 | 946 | 0 | 0 | 1 | 82 | 132 | 859 | 1887 |
| | ആകെ | 2 | 1 | 131 | 12 | 20 | 166 | 612 | 690 | 2190 | 3492 | 10 | 592 | 1 | 82 | 320 | 1112 | 5278 |
| പച്ചത്തുരുത്ത് | ജനുവരി | 0 | 4 | 42 | 1 | 17 | 64 | 89 | 146 | 384 | 629 | 2 | 40 | 0 | 0 | 201 | 239 | 908 |
| | ഫെബ്രുവരി | 0 | 1 | 49 | 4 | 23 | 77 | 163 | 176 | 256 | 595 | 1 | 42 | 0 | 0 | 222 | 447 | 1084 |
| | മാർച്ച് | 0 | 2 | 44 | 4 | 57 | 107 | 185 | 219 | 328 | 732 | 0 | 0 | 0 | 0 | 314 | 487 | 1219 |
| | ആകെ | 0 | 7 | 135 | 9 | 97 | 248 | 437 | 541 | 968 | 1946 | 3 | 82 | 0 | 0 | 737 | 1173 | 3201 |
| ഹരിത ചട്ട പ്രവർത്തനങ്ങൾ | ജനുവരി | 5 | 2 | 32 | 3 | 69 | 111 | 175 | 467 | 591 | 1233 | 34 | 200 | 1 | 86 | 84 | 483 | 2002 |
| | ഫെബ്രുവരി | 2 | 1 | 28 | 1 | 27 | 59 | 189 | 425 | 925 | 1539 | 4 | 252 | 1 | 150 | 61 | 1875 | 3816 |
| | മാർച്ച് | 1 | 0 | 24 | 5 | 29 | 59 | 167 | 651 | 667 | 1485 | 0 | 0 | 0 | 0 | 117 | 2916 | 4401 |
| | ആകെ | 8 | 3 | 84 | 9 | 125 | 229 | 531 | 1543 | 2183 | 4257 | 38 | 452 | 2 | 236 | 262 | 5274 | 10219 |
| തനതു പ്രവർത്തനം | ജനുവരി | 7 | 13 | 23 | 5 | 12 | 58 | 179 | 331 | 607 | 1117 | 1 | 42 | 2 | 142 | 42 | 1338 | 2639 |
| | ഫെബ്രുവരി | 5 | 2 | 22 | 0 | 6 | 35 | 95 | 250 | 215 | 560 | 1 | 170 | 0 | 0 | 77 | 2398 | 3128 |
| | മാർച്ച് | 5 | 4 | 11 | 0 | 6 | 26 | 59 | 102 | 570 | 731 | 3 | 291 | 1 | 38 | 121 | 632 | 1692 |
| | ആകെ | 17 | 19 | 56 | 5 | 24 | 119 | 333 | 683 | 1392 | 2408 | 5 | 503 | 3 | 180 | 240 | 4368 | 7459 |
| ആകെ | ജനുവരി | 65 | 137 | 994 | 99 | 657 | 1950 | 4604 | 7098 | 12627 | 24339 | 150 | 4281 | 58 | 3059 | 2682 | 12849 | 44528 |
| | ഫെബ്രുവരി | 47 | 147 | 852 | 64 | 533 | 1643 | 5217 | 8361 | 16094 | 29672 | 96 | 5123 | 49 | 2522 | 2521 | 12058 | 49375 |
| | മാർച്ച് | 36 | 103 | 926 | 67 | 312 | 1444 | 4662 | 7519 | 14486 | 26667 | 55 | 3700 | 47 | 1614 | 3444 | 14126 | 46107 |
| | ആകെ | 148 | 387 | 2772 | 230 | 1502 | 5037 | 14483 | 22978 | 43207 | 80678 | 301 | 13104 | 154 | 7195 | 8647 | 39033 | 140000 |

| 2023 ഒക്ടോബർ മുതൽ 2024 മാർച്ച് വരെയുള്ള ആറു മാസ യോഗം /ശില്പശാല/ പരിശീലനങ്ങളുടെ എണ്ണം | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | യോഗങ്ങൾ | | | ശില്പശാലകൾ | | | പരിശീലനങ്ങൾ | | | മിഷൻ ഇടപെടലുകൾ | | | ആകെ യോഗം/ ശിൽപശാല/ പരിശീലനങ്ങൾ |
| | ഒക്ടോ-ഡിസംബർ 23 | ജനു-മാർച്ച് 24 | ആകെ | ഒക്ടോ-ഡിസംബർ 23 | ജനു-മാർച്ച് 24 | ആകെ | ഒക്ടോ-ഡിസംബർ 23 | ജനു-മാർച്ച് 24 | ആകെ | ഒക്ടോ-ഡിസംബർ 23 | ജനു-മാർച്ച് 244 | ആകെ | |
| കളക്ടറുടെ ജില്ലാ യോഗം | 9 | 6 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 15 |
| ജില്ലാ മിഷൻ യോഗം | 2 | 3 | 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 5 |
| തദ്ദേശ മിഷൻ യോഗം | 140 | 47 | 187 | 11 | 4 | 15 | 0 | 0 | 0 | 43 | 60 | 103 | 305 |
| മാലിന്യ സംസ്കരണം | 1971 | 1227 | 3198 | 50 | 122 | 172 | 104 | 35 | 139 | 1275 | 1092 | 2367 | 5876 |
| ഹരിത വിദ്യാലയം | 1116 | 466 | 1582 | 65 | 48 | 113 | 43 | 23 | 66 | 993 | 911 | 1904 | 3665 |
| ഹരിത ഓഫീസ് | 1925 | 1404 | 3329 | 53 | 10 | 63 | 35 | 7 | 42 | 2965 | 2924 | 5889 | 9323 |
| ഹരിത ടൂറിസം | 130 | 105 | 235 | 10 | 2 | 12 | 1 | 6 | 7 | 176 | 198 | 374 | 628 |
| മാപത്തോൺ | 42 | 88 | 130 | 2 | 12 | 14 | 2 | 1 | 3 | 130 | 252 | 382 | 529 |
| ജല ബജറ്റ് | 423 | 337 | 760 | 56 | 19 | 75 | 22 | 15 | 37 | 540 | 727 | 1267 | 2139 |
| നീരുറവ് | 824 | 191 | 1015 | 65 | 4 | 69 | 13 | 3 | 16 | 601 | 360 | 961 | 2061 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | | 75 | 75 | | 0 | 0 | | 0 | 0 | | 110 | 110 | 185 |
| നെറ്റ് സീറോ കാർബൺ | 136 | 253 | 389 | 7 | 24 | 31 | 918 | 54 | 972 | 195 | 385 | 580 | 1972 |
| പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | 34 | 73 | 107 | 1 | 0 | 1 | 1 | 4 | 5 | 40 | 69 | 109 | 222 |
| കാർഷിക പ്രവർത്തനങ്ങൾ | 228 | 166 | 394 | 11 | 10 | 21 | 0 | 1 | 1 | 457 | 320 | 777 | 1193 |
| പച്ചത്തുരുത്ത് | 222 | 248 | 470 | 15 | 3 | 18 | 4 | 0 | 4 | 526 | 737 | 1263 | 1755 |
| ഹരിത ചട്ട പ്രവർത്തനങ്ങൾ | 584 | 229 | 813 | 17 | 38 | 55 | 25 | 2 | 27 | 798 | 262 | 1060 | 1955 |
| തനതു പ്രവർത്തനം | 380 | 119 | 499 | 5 | 5 | 10 | 8 | 3 | 11 | 163 | 240 | 403 | 923 |
| ആകെ | 8990 | 5037 | 14027 | 429 | 301 | 730 | 943 | 154 | 1097 | 9524 | 8647 | 18171 | 34025 |

## 2023 ഒക്ടോബർ മുതൽ 2024 മാർച്ച് വരെയുള്ള ആറു മാസ പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം

| സ്കീം / പ്രവർത്തിയുടെ പേര് | യോഗങ്ങൾ പങ്കാളിത്തം | | | ശില്പശാലകൾ, പങ്കാളിത്തം | | | പരിശീലനങ്ങൾ പങ്കാളിത്തം | | | മിഷൻ ഇടപെടലുകൾ പങ്കാളിത്തം | | | ആകെ ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഒക്ടോ-ഡിസംബർ 23 | ജനു-മാർച്ച് 24 | ആകെ | ഒക്ടോ-ഡിസംബർ 23 | ജനു-മാർച്ച് 24 | ആകെ | ഒക്ടോ-ഡിസംബർ 23 | ജനു-മാർച്ച് 24 | ആകെ | ഒക്ടോ-ഡിസംബർ 23 | ജനു-മാർച്ച് 24 | ആകെ | |
| കളക്ടറുടെ ജില്ലാ യോഗം | 160 | 55 | 215 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 215 |
| ജില്ലാ മിഷൻ യോഗം | 51 | 69 | 120 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 120 |
| തദ്ദേശ മിഷൻ യോഗം | 2509 | 1410 | 3919 | 155 | 508 | 663 | 0 | 0 | 0 | 0 | 59 | 59 | 4641 |
| മാലിന്യ സംസ്കരണം | 57230 | 27888 | 85118 | 3203 | 4588 | 7791 | 6117 | 35 | 6152 | 4108 | 10530 | 14638 | 113699 |
| ഹരിത വിദ്യാലയം | 13531 | 7859 | 21390 | 4007 | 2759 | 6766 | 2801 | 23 | 2824 | 5065 | 3087 | 8152 | 39132 |
| ഹരിത ഓഫീസ് | 8629 | 11000 | 19629 | 472 | 156 | 628 | 418 | 7 | 425 | 2962 | 5894 | 8856 | 29538 |
| ഹരിത ടൂറിസം | 2722 | 1926 | 4648 | 434 | 37 | 471 | 10 | 6 | 16 | 466 | 524 | 990 | 6125 |
| മാപത്തോൺ | 1079 | 1621 | 2700 | 208 | 318 | 526 | 41 | 1 | 42 | 281 | 397 | 678 | 3946 |
| ജല ബജറ്റ് | 4958 | 4135 | 9093 | 1932 | 526 | 2458 | 567 | 15 | 582 | 969 | 1716 | 2685 | 14818 |
| നീരുറവ് | 9980 | 2302 | 12282 | 2513 | 163 | 2676 | 521 | 3 | 524 | 5736 | 935 | 6671 | 22153 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | - | 871 | 871 | - | 0 | 0 | - | 0 | 0 | - | 130 | 130 | 1001 |
| നെറ്റ് സീറോ കാർബൺ | 2685 | 8509 | 11194 | 221 | 2420 | 2641 | 25816 | 54 | 25870 | 410 | 3541 | 3951 | 43656 |
| പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | 401 | 920 | 1321 | 40 | 0 | 40 | 32 | 4 | 36 | 29 | 293 | 322 | 1719 |
| കാർഷിക പ്രവർത്തനങ്ങൾ | 3283 | 3492 | 6775 | 508 | 592 | 1100 | 1 | 1 | 2 | 803 | 1112 | 1915 | 9792 |
| പച്ചത്തുരുത്ത് | 1476 | 1946 | 3422 | 333 | 82 | 415 | 31 | 0 | 31 | 563 | 1173 | 1736 | 5604 |
| ഹരിത ചട്ട പ്രവർത്തനങ്ങൾ | 10169 | 4257 | 14426 | 1526 | 452 | 1978 | 1220 | 2 | 1222 | 4617 | 5274 | 9891 | 27517 |
| തനതു പ്രവർത്തനം | 5623 | 2408 | 8031 | 532 | 503 | 1035 | 336 | 3 | 339 | 1711 | 4368 | 6079 | 15484 |
| ആകെ | 143085 | 80678 | 223763 | 22255 | 13104 | 35359 | 33940 | 154 | 34094 | 155276 | 39033 | 194309 | 487525 |

## ആറു മാസക്കാലത്തെ അവലോകനം – 2023 ഒക്ടോബർ മുതൽ 2024 മാർച്ച് വരെ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ **14027** യോഗങ്ങൾ കഴിഞ്ഞ ആറു മാസങ്ങളിൽ നടന്നിട്ടുണ്ട്. ഇതിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ **223763** പേർ ഭാഗഭാക്കായി.
- കൂടാതെ **730** ശില്പശാലകളും **1097** പരിശീലനവും കഴിഞ്ഞ ആറു മാസ കാലയളവിൽ മിഷൻ സംഘടിപ്പിച്ചിട്ടുണ്ട്. **35359** പേർ ശില്പശാലകളിൽ പങ്കെടുത്തപ്പോൾ **34094** പേർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകാനും മിഷന് സാധിച്ചിട്ടുണ്ട്.
- ആറുമാസകാലയളവിൽ മിഷൻ നടത്തുന്ന പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് **18171** ഇടപെടലുകൾ മിഷൻ ഉദ്യോഗസ്ഥർ വിവിധ പ്രവർത്തനങ്ങളിൽ നടത്തിയിട്ടുണ്ട്.
- ആറുമാസകാലയളവിൽ **194309** ജനങ്ങളുടെ പ്രാതിനിധ്യവും സേവനവും മിഷന്റെ ഇടപെടലുകളുടെ ഭാഗമായി മിഷൻ പ്രവർത്തനങ്ങളിൽ / പദ്ധതികളിൽ ഉറപ്പാക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.
- കഴിഞ്ഞ ആറുമാസകാലയളവിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിവിധ മേഖലയിൽ പെട്ട ജനവിഭാഗവും ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങളിൽ **487525** ജനവിഭാഗത്തിന്റെ സേവനം വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.